# തിരക്കിനിടയിൽ തനിയെ



ജയിംസ് പുതിയാപറമ്പിൽ

www.malankaralibrary.com

# തിരക്കിനിടയിൽ തനിയെ

(SOCIAL CRITICISM)

ജയിംസ് പുതിയാപറമ്പിൽ

Sl. No. 37

വിതരണം

ബഥനി പബ്ലിക്കേഷൻസ്

തിരുവല്ലാ-689 101

www.malankaralibrary.com

Published by

Bro. John Berchmans (O.I.C.)

For

Bethany Publications, Tiruvalla

Printed at Chitra Press, Tiruvalla

Thirakinidayil Thaniaye
(Malayalam)

Social criticism

by James Puthiaparambil, Parathanam 686 514

Copyrights to the Author

First Published August 1986

Distribution: Bethany Book Centre, Tiruvalla

Rs. 10.00

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com



**ജയിംസ് പുതിയാപറമ്പിൽ**
**പറത്താനം**

പേരുകേട്ട പ്രസംഗകൻ, സംഘാടകൻ വിവിധ സാംസ്ക്കാരിക സംഘടനകളിൽ പ്രവർത്തിക്കുന്നു. സാമൂഹികവും മതപരവുമായി അര ഡസനോളം ഗ്രന്ഥങ്ങരം പുറത്തിറക്കി. ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഈടുററ ലേഖനങ്ങരം എഴുതിക്കൊണ്ടിരിക്കുന്നു.

എം. എ. (മലയാളം) രണ്ടാം വർഷ വിദ്യാർത്ഥിയുമാണ്.

വിലാസം;

C/o തോപ്പിൽ
ചെട്ടിക്കുന്ന്
നാട്ടകം, പി. ഒ.,
കോട്ടയം—13

www.malankaralibrary.com

# ഉള്ളടക്കം


| | | |
|---|---|---|
| 1 | തിരക്കിനിടയിൽ | 1 |
| 2 | ഈ ലോകം ഇവിടെ കുറെ നല്ല മനുഷ്യർ | 7 |
| 3 | എന്തൊരു കാലം, എന്തൊരു കോലം | 12 |
| 4 | സീൽ ചെയ്യാത്ത കത്ത് | 17 |
| 5 | സർവ്വതും ഫോറിൻ മയം | 22 |
| 6 | അവർക്ക് തിടുക്കം | 26 |
| 7 | അവിടെ പൊടിപൂരം | 31 |
| 8 | ആർഭാടത്തിനിടയിൽ | 36 |
| 9 | മനസ്സിന്റെ നൊമ്പരം | 42 |
| 10 | ചോര ചിന്തിയ യുവാക്കൾ | 47 |
| 11 | തിരക്കിനിടയിൽ തിരക്ക് പിടിച്ച് | 51 |
| 12 | ജീവിതം സിനിമയോ | 56 |
| 13 | ചുറ്റും കഴുകന്മാർ | 62 |
| 14 | എന്നെ അവർക്ക് വേണ്ട പോലും | 67 |
| 15 | പ്രായമാകാൻ ആരും ആഗ്രഹിക്കുന്നില്ല | 72 |
| 16 | അവർ ഒന്നിക്കട്ടെ | 77 |
| 17 | ഞാൻ ആത്മഹത്യ ചെയ്യുന്നു | 82 |
| 18 | ആധുനികതയുട പുത്തൻ പ്രതീകം | 87 |
| 19 | ജീവിതയാത്രയ്ക്കിടയിൽ | 92 |
| 20 | ഇതോ ബന്ധങ്ങൾ | 95 |


www.malankaralibrary.com

## ഗ്രന്ഥകാരൻെറ കൃതികൾ

ജ്യോതിർ ഗമയ

സദ്ഗമയ

നിൻെറ സുഖം

എൻെറ സുഖം

തിരക്കിനിടയിൽ

തനിയെ

യാത്രയ്ക്കിടയിൽ

യുവാക്കളെ, യുവതികളെ

www.malankaralibrary.com

# അവതാരിക

നാം ജീവിക്കുന്ന കാലഘട്ടത്തിന്റെ നാഡിയിടിപ്പുകളെക്കുറിച്ച്, ദാർശനിക ബോധമുള്ള ഒരു യുവാവിന്റെ പ്രതികരണമാണ് ഈ രചന.

യുവതലമുറ എക്കാലവും അസ്വസ്ഥമായിരുന്നു. മാററത്തിനുവേണ്ടിയുള്ള ആവേശത്താൽ, അതിനെതിരായി ഉയരുന്ന പ്രതിബന്ധങ്ങൾ എന്നും അവരെ അസ്വസ്ഥരാക്കി. നന്മയുടെ പൂക്കൾ വിടരാനുള്ള ഈററുനോവായിരുന്നു ആ അസ്വസ്ഥത. പക്ഷേ, ഇന്നത്തെ യുവതലമുറയിൽക്കാണുന്ന വിഹ്വലതയ്ക്കു ആ മുഖം നഷ്ടപ്പെടുകയാണ്. അവിടെ നിരാശയും അസന്നിഗ്ദ്ധതയും വിദ്വേഷവും നശീകരണവാസനയും രൂപമെടുക്കുന്നു. രചനാത്മകമായ ചാലുകളിലേക്കൊഴുകിയെത്താനാകാതെ യുവശക്തി വരളുന്നു. എതിർക്കപ്പെടേണ്ടവയോടു പോലും പ്രതികരിക്കുവാനുള്ള ആത്മധൈര്യം കൈമോശപ്പെടുന്നു. ഇത്തരമൊരു സാമൂഹ്യപശ്ചാത്തലത്തിലാണ് യുവാവായ ജയിംസിന്റെ പ്രതികരണങ്ങളുടെ പ്രസക്തി വർദ്ധിക്കുക.

ഈ പ്രതികരണങ്ങളിലൂടെ ജയിംസ് പലതും അനുസ്മരിപ്പിക്കുന്നു. തിരക്കിനിടയിൽ നാമെല്ലാം മറന്നു പോകുന്ന കുറെ നുറുങ്ങു സത്യങ്ങൾ. 1986 ന്റെ ജീവിതത്തിൽ നിന്നടർത്തിയെടുത്ത സംഭവങ്ങളിലൂടെ ഇക്കാര്യം ജയിംസ് ഓർമ്മിപ്പിക്കുമ്പോൾ കുറെ മനസുകളിലെങ്കിലും ആത്മപരിശോധനയുടെ തേങ്ങലുകൾ ഉയരുമെന്നു ഞാൻ കരുതുന്നു.

www.malankaralibrary.com

ജീവിതം അഭിനയമാണോ? അല്ലെന്നാണ് അറിവുള്ളവരും അനുഭവസ്ഥരും പറയുക. മനുഷ്യനിൽ സാമൂഹ്യ ബോധം ഇല്ലെന്നായാൽ എന്തു ചെയ്യും? ''സഹോദരസ്നേഹമോ, മനുഷ്യത്വമോ ഇന്നാർക്കും പ്രശ്നമല്ല. എല്ലാം എങ്ങോ പോയി മറഞ്ഞിരിക്കുന്നു. എങ്കിലും അവിടവിടെ ജീവനുററ കുറെ നല്ല മനുഷ്യർ ഇല്ലാതില്ല. അവരെ ശ്വാസം മുട്ടിച്ചു കൊല്ലരുതെ.'' ''ഇത് കലികാലമാണ്. കലിയുഗത്തിൽ കാട്ടാളന്മാർ കാപാലികന്മാരായി കരാള സർപ്പത്തെപോലെ പത്തി വിടർത്തും. അവൻെറ ആട്ടം കണ്ട് മഞ്ഞിമയങ്ങിയാൽ ഏതു സമയവും അപകടം ഉണ്ടാവും'' ജീവിക്കുന്ന കാലഘട്ടത്തിൻെറ അഭിനിവേശങ്ങളോട് ജയിംസിനുള്ള ശക്തമായ പ്രതികരണങ്ങളുടെ തിളക്കമാർന്ന ഇത്തരം ഉദ്ധരണികൾ ഒരു പിടിയുണ്ട്.

ഇരുപത്തൊന്നാം നൂററാണ്ടിലേക്കു പായുന്ന തിരക്കു പിടിച്ച മനുഷ്യരെക്കുറിച്ചാണ് ജയിംസ് ചിന്തിക്കുന്നത്. തിരക്കിനിടയിൽ തിരക്കിനുള്ളിലേക്കു ഊളിയിട്ടിറങ്ങി നടത്തുന്ന ഒരു തെരച്ചിൽ. അവിടെനിന്നും ലഭിച്ച കുറെ മണിമുത്തുകൾ കോർത്തിണക്കിയപ്പോൾ ഈ കൃതിയായി. അത് ഇന്നത്തെ മനുഷ്യന്, സുവ്യക്തമായ ഭാഷയിൽ കഥകളിലൂടെ കലാരൂപങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകളിലൂടെ തിരക്കു പിടിച്ച നമ്മുടെ മുന്നിലെത്തുകയാണ്.

www.malankaralibrary.com

ആമുഖം പറയുന്നവൻ അധികപ്രസംഗിയാകുന്നതു ശരിയല്ല. ജീവിതത്തിലെ മൂല്യങ്ങളെ സ്നേഹിക്കുകയും, വിലമതിക്കുകയും ചെയ്യുന്നവർക്കൊക്കെ ജയിംസിന്റെ കൃതി പ്രിയങ്കരമാവുമെന്നു ഞാൻ തീർത്തുപറയട്ടെ. 21-ാം നൂററാണ്ടിലേക്കുള്ള നമ്മുടെ പ്രയാണത്തിൽ ഒരു തരിവെട്ടം പകരാൻ ഈ കൃതിക്ക് സാധിക്കുമെന്നും തീർച്ച.

**ടി. ദേവപ്രസാദ് എം. എ.**
ദീപിക
തിരുവനന്തപുരം.
15 ആഗസ്റ്റ് 1986

www.malankaralibrary.com

# തിരക്കിനിടയിൽ ചെറുമുമ്പ്

തിരക്ക്. എവിടെയും തിരക്ക്—സമകാലീന ജീവിതത്തിന്റെ മുഖമുദ്രയും ഈ തിരക്കുതന്നെ.

മനുഷ്യത്വത്തിന്റെ സ്പന്ദനങ്ങൾ സമൂഹത്തിനജ്ഞാതമല്ല. അനീതിയുടെയും അധർമ്മത്തിന്റെയും ഇത്തിക്കണ്ണി ആക്രമിച്ചു കീഴടക്കാൻ സാധിക്കാത്ത നമ്മുടെ സമൂഹത്തെ, വെട്ടിഒരുക്കി നീതിയുടെ വേലികെട്ടി സംരക്ഷിക്കേണ്ട, ശ്രമകരമായ ചുമതലക്കു നേതൃത്വം കൊടുക്കേണ്ടതും മനുഷ്യസമൂഹം തന്നെ.

മനുഷ്യൻ ഇന്ന് അറിവുകൊണ്ട് മുന്നേറിയിരിക്കുന്നു. തെററും ശരിയും അറിഞ്ഞുകൂടാത്തവർ ആരുമില്ല. പക്ഷെ, അറിയുന്ന ശരി പ്രവർത്തിക്കാൻ സാധിക്കുന്നില്ല. പണ്ട് ധൃതരാഷ്ട്രർ പറഞ്ഞതുപോലെ;

ജാനാമിധർമ്മം, നചമേ പ്രവർത്തി
ജാനമ്യധർമ്മം, നചമേ നിവർത്തി

(ധർമ്മം എന്താണെന്ന് എനിക്കറിയാം, അതു പ്രവർത്തിക്കാൻ എനിക്കു കഴിയുകയില്ല. അധർമ്മം എന്താണെന്ന് എനിക്കറിയാം അതു പ്രവർത്തിക്കാതിരിക്കാനും കഴിയുകയില്ല)

തെററിന്റെ ആവർത്തനംമൂലം 'തെററ്', എന്നൊന്നില്ലാത്ത അവസ്ഥയിൽ വരെ എത്തിയിരിക്കുകയാണു നാം. തിന്മകൊണ്ടു തുരുമ്പിച്ച മനുഷ്യമനസ്സാക്ഷി—തിന്മയുടെ ഈ ഭൂകമ്പം മൂലം ലോകത്തിന്റെ സുന്ദരമായ മുഖച്ഛായ തന്നെ മാററിയിരിക്കയാണ്.

www.malankaralibrary.com

ദേശീയവും ഭാഷാപരവും വർഗ്ഗപരവും മതപരവുമായ പ്രത്യേകതകൾ മനുഷ്യസമൂഹത്തെ വിവിധ തട്ടുകളായി തിരിച്ചിട്ടുണ്ടെങ്കിലും അടിസ്ഥാനപരമായി സമൂഹം ഒന്നാണ്. എന്നിരിക്കിലും ചുററും നടക്കുന്ന സംഭവങ്ങളെ ശ്രദ്ധിക്കാൻ ഏറെപ്പേരും മെനക്കെടാറില്ല, എന്നതു എടുത്തു പറയേണ്ട ഒരു വസ്തുതയാണ്.

ശാസ്ത്രമാനവിക വിഷയങ്ങളിൽ മൗലിക ചിന്താരംഗങ്ങൾ ഉയർത്തി ജീവിതത്തിൻെറ സമസ്തമേഖലകളിലും സമൂഹത്തിന് നേതൃത്വം നൽകാൻ കഴിവുള്ള മഹോജ്ജ്വല പ്രതിഭകളുടെ സമാഹാരമാണ് നാം ജീവിക്കുന്ന ഈ ലോകം.

എങ്കിലെന്ത് ?

ലോകത്തിൻെറ നാഡീചലനങ്ങൾ കേൾക്കുകയും വക്രതയും മുഖം മൂടിയുമില്ലാതെ കാര്യങ്ങൾ തുറന്നു പറയുന്നതിൻെറ ആർജ്ജവവും ഔന്നിത്യവും കരുത്തുമാണ് ഇന്നിൻെറ ആവശ്യം.

അനുദിനജീവിതത്തിലെ തിക്താനുഭവങ്ങളിൽ നിന്നും മനഷ്യൻ സടകുടഞ്ഞെണീററ് മുന്നോട്ടു പോകാറുണ്ടോ ? മനുഷ്യജീവിതത്തിനു എന്തെങ്കിലും അർത്ഥമോ ലക്ഷ്യമോ ഉണ്ടോ ?—എന്നൊക്കെ ചിന്തിച്ചു പോകുകയാണ്.

പക്ഷെ ഏറെ കാര്യങ്ങൾ ഗ്രഹിക്കാൻ കഴിയും—കാലം എത്ര വേഗം മാറിയാലും മനുഷ്യനിലെ അടിസ്ഥാനസ്വഭാവങ്ങളിൽ അത്ര വേഗം മാററം ഉണ്ടാകില്ലെന്നു — ദുരന്തസംഭവപരമ്പരകൾ... സ്ഥായിയായ മനുഷ്യഭാവങ്ങളെ പഠിക്കാൻ ഉതകുമാറ്

www.malankaralibrary.com

പ്രഫുല്ലമാണ്. നിസ്സാരങ്ങളെന്നു തോന്നാവുന്ന കുറെ മുഹൂർത്തങ്ങളിലൂടെ ഇത്തരമൊരന്വേഷണത്തിനു മുതിരുകയാണിവിടെ.

അവ്യക്തവും അപൂർണവുമായ സങ്കൽപങ്ങളും ആശയങ്ങളും വെളിച്ചത്തേക്കു വലിച്ചിട്ടു കാററു കൊള്ളിച്ചു തർക്കങ്ങൾകൊണ്ട് പരീക്ഷിച്ച് യാഥാർത്ഥ്യം തെളിയിച്ചു വികസിപ്പിക്കുകയാണിതിനാവശ്യം. ഇങ്ങനെ വരുമ്പോൾ ഇളം തലമുറയ്ക്ക് ആത്മവിശ്വാസവും സ്വപ്രത്യയസ്ഥിരതയും കൈവരുന്നു. അതിനു കളമൊരുക്കുകയാണിവിടെ ചെയ്യുക. ഒപ്പം ഒരു പുതിയ വെളിച്ചം കണ്ടെത്താനുള്ള ശ്രമവും ''തിരക്കിനിടയിൽ തനിയെ.''

തിരക്കിനിടയിൽ പെടുംമുമ്പ് തനിയെ മാറിനിൽക്കുക; അപ്പോൾ എല്ലാം ബോദ്ധ്യമാകും: യാഥാർത്ഥ്യം.

''തിരക്കിനിടയിൽ തനിയെ'' നിങ്ങളുടെ മുമ്പിലെത്തിക്കാൻ സഹയാത്രികരായ പലരുമുണ്ട്. ബ: പ്ലാസിഡച്ചന്റെ പ്രോൽസാഹനം ശക്തി പകർന്നു. സ്നേഹപൂർവ്വം ബഥനി പബ്ലിക്കേഷൻസ് പ്രസിദ്ധീകരണവും ഏറെറടുത്തു. ഒത്തിരി നന്ദി. കൂടെ ചിത്രാപ്രസ് അധികൃതരുടെ സഹകരണവും. ബ്ര. ജോൺ ബർക്കുമെൻസ് ചെയ്ത സേവനങ്ങൾ സ്മർത്തവ്യം.

www.malankaralibrary.com

അവതാരിക നൽകി ഗ്രന്ഥത്തെ പ്രോജ്ജ്വല മാക്കിയ ശ്രീ. ദേവപ്രസാദ്, താളലയങ്ങളേകി ഇമ്പം പകർന്ന ശ്രീ. ബാബു ചെറിയാൻ (സി. എം. എസ്. കോളേജ്, കോട്ടയം) എന്നിവരെ സ്മരിക്കുന്നു. സുഹൃത്തുക്കളായ പയസ്, സോയി, രാജീവ് എന്നിവരെയും.

അനുഭവങ്ങളുടെ ആഴങ്ങളിൽ നിന്നും പുതി യൊരു ഉൾക്കാഴ്ച നേടാൻ ഇതിനു കഴിഞ്ഞാൽ.... കൃതാർത്ഥനായി....

**—ജയ്സ് ടി. പുതിയാപറമ്പിൽ**

കോട്ടയം
15-8-1986

www.malankaralibrary.com

# തിരക്കിനിടയിൽ

എവിടെ നോക്കിയാലും നല്ല തിരക്ക്. തിരക്കിനിടയിൽ പലരും പലതും പ്രവർത്തിക്കുന്നു. എന്നാൽ പ്രവർത്തിക്കേണ്ടതു പലതും പ്രവർത്തിക്കുന്നില്ല. മനുഷ്യൻ പലതും മറക്കുന്നു, മറയ്ക്കുന്നു. ഇടവും വലവും നോക്കാതെ തോന്നുന്നതു തോന്നിയതുപോലെ ഇടി എങ്കിൽ ഇടി, തൊഴി എങ്കിൽ തൊഴി, വെടി എങ്കിൽ വെടി എന്ന മനോഭാവം. എല്ലാം വരുന്നിടത്തുവച്ചു കാണാം എന്ന ശുണ്ഠി. ലോകത്തിന്റെ നാഡീചലനങ്ങൾ കേൾക്കാനോ, ശ്രവിക്കാനോ മനുഷ്യന് നേരമില്ല. ശ്രവണം, മനനം ഗ്രഹണം അതൊക്കെ അവൻ വിട്ടുകളഞ്ഞിട്ടുതന്നെയാണ് തല ഉയർത്തി നടക്കുന്നത്.

www.malankaralibrary.com

വലിയൊരു ചോദ്യചിഹ്നം അപ്പോഠ ഉദയം ചെയ്യുന്നു ! ചെയ്യേണ്ടതു, ചെയ്യേണ്ടതുപോലെ ചെയ്തോ ? അതു കണ്ടെത്താനുള്ള പരിശ്രമം ഇവിടെ ആരംഭിക്കാം.

നാം നമ്മിലേക്കുതന്നെ തിരിയുമ്പോഴാണ് ഇതിലൊക്കെ അവബോധം ഉണ്ടാവുക. ബോധവൽക്കരണം സംഭവിക്കുക. ഞാൻ ആരാണ് ? മനുഷ്യനെ മുഴുവനായി വിലയിരുത്തുക. കണ്ടെത്തൽ അപ്പോഴാണ് നടക്കുന്നത്. ആധുനികൻെറ ചെയ്തികളെ വിലയിരുത്തുകയാണ് ഏററവും പ്രധാനം. അവിടെയും ഇവിടെയും തത്തിക്കളിക്കാൻ മാത്രം കരവിരുതു കാണിച്ചാൽ പോരാ. അപ്പോഠ ഒന്ന് അനിവാര്യമായിതീരുന്നു. നമ്മുടെ മനസ്സിനെ-മനസ്സാക്ഷിയെ വിലയിരുത്തുക. അതിനായി ഒരു മെഡിക്കൽ ചെക്കപ്പ് (Medical check up) ആരംഭിക്കേണ്ടിയിരിക്കുന്നു, നടത്തേണ്ടത് അനിവാര്യവുമായിരിക്കുന്നു.

ഈ പരിശോധന ശരീരത്തിനോ ശാരീരികാവയവങ്ങഠക്കോ അല്ല. രോഗിതന്നെ പരിശോധന ആരംഭിക്കുകയാണ്. ആധുനികശാസ്ത്രം ഇവിടെ ചരിത്രം സൃഷ്ടിക്കുന്നു; തിരുത്തി കുറിക്കുകയും ചെയ്യുന്നു. ഡോക്ടറില്ലാതെ രോഗി തന്നെ രോഗം കണ്ടുപിടിച്ച് സ്വയം ചികിൽസാരീതികഠ കണ്ടെത്തുക. അധുനാതന ശാസ്ത്രയുഗത്തിലെ ശാസ്ത്രവിദഗ്ധരെ അൽഭുതപരതന്ത്രരാക്കികൊണ്ട് പുതിയൊരു ലോകറിർക്കാഡ് നമുക്കിവിടെ സൃഷ്ടിക്കാം.

www.malankaralibrary.com

വിജയംവരെ പടപൊരുതാൻ, അങ്കകളത്തിൽ അടരാടി ആയിരങ്ങളുടെ അകമ്പടിയോടുകൂടി വിജയതിലകവും ചാർത്തി തിരിച്ചെത്താം. തുടക്കം നന്നായിരുന്നാൽ ഒടുക്കവും നന്നായിരിക്കും.

## കൊടുക്കേണ്ടതു കൊടുത്തോ?

കൊടുക്കേണ്ടത് കൊടുത്തോ? ഉദാഹരണത്തിലൂടെ സമർത്ഥിക്കാൻ ശ്രമിക്കാം.

കാഞ്ഞിരപ്പള്ളിക്കാരൻ ചേട്ടന് കഴിഞ്ഞ ദിവസം ഒരബദ്ധം പററി. ആർക്കും സംഭവിക്കാവുന്നതുമാണ്. വാസ്തവത്തിൽ അക്കിടിപ്പററിയത് ചേട്ടനല്ല; വണ്ടിക്കാർക്കു തന്നെയാണ്. എന്താണെന്നോ ആ അക്കിടി?

വെളുപ്പിന് കുററാകൂരിരിട്ടത്ത് നമ്മുടെ കഥാനായകൻ തപ്പിതടഞ്ഞ് എവിടെ നിന്നോ എതിലെയോ റോഡിലെത്തി. തണുപ്പു സഹിക്കാൻ കഴിയുന്നില്ല. എങ്കിലും സർവ്വ ഈശ്വരൻമാരെയും മനസ്സിൽ ധ്യാനിക്കുന്നു. ഇതൊക്കെ വെറും നടനം മാത്രമാണെന്നാണ് തോന്നുന്നത്. ഒടുവിൽ പടുകിളവൻ കോട്ടയം സ്റ്റാൻഡിലെത്തി. തടിമിടുക്ക് കുറവാണെങ്കിലും ആള് ഗുലാനാണ്—കാഴ്ചയിലും അങ്ങനെ തന്നെ.

കോട്ടയത്തുനിന്നും യാത്ര തിരിച്ച നമ്മുടെ കഥാപുരുഷനോട് കണ്ടക്ടർ ടിക്കററു ചോദിച്ചു. അയ്യോ! കയ്യിൽ അഞ്ചു പൈസപോലും കാണുന്നില്ലല്ലോ. കിളവൻെറ പരിദേവനം. (അതോ കബളിപ്പിച്ചുകളയാം എന്നു വിചാരിച്ചോ അറി

www.malankaralibrary.com

യില്ല. കാഞ്ഞിരപ്പള്ളിക്കാരെ വിശ്വസിക്കരുതെന്നാണ് പഴമക്കാർ പറയുന്നത്)

സ്ഥലത്തെത്തുമ്പോഴം ചാർജ്ജ് തരാമെന്ന് അയാളം ഉറപ്പുകൊടുത്തു. ഉറപ്പ് കുറുപ്പിന്റെ ഉറപ്പാണെന്ന കാര്യത്തിൽ യാത്രക്കാർക്ക് തെല്ലും സംശയമില്ല. വണ്ടി വൃദ്ധന്റെ ലക്ഷ്യസ്ഥല ത്തെത്തി. ഘുഠംഗമയിൽ മീശപിരിച്ച് കൈ എളിയിൽ തിരുകി, സഗൗരവം അയാളം ചാടി ഇറങ്ങി. ചെറിയൊരു പരുങ്ങലോടെ കണ്ടക്ടർ എലിയെ കണ്ട പൂച്ചയെപ്പോലെ പാത്തും പതുങ്ങിയും കണ്ണും നട്ടിരിക്കയായിരുന്നു. അയാളം ചാടിയതും കണ്ടക്ടർ കഥാപുരുഷന്റെ കുത്തിന് ചാടിപിടിച്ചതും ഒന്നിച്ചായിരുന്നു. നമുക്കു വൈകുന്നേരം കാണാം. അഥവാ ഏതെങ്കിലും കാരണവശാൽ കാണാൻ കഴിഞ്ഞില്ലെങ്കിൽ........ അതാ ആ കാണുന്ന കടയുമായി ബന്ധപ്പെട്ടാൽ മതി, കിളവന്റെ ലാത്തിയടി. കണ്ടക്ടറും ഡ്രൈവറും കൂടി കിളവനെ അനുഗമിച്ചു. വീട്ടിൽ എത്തി ഭാര്യയോട് ശണ്ഠകൂടി പൈസ വാങ്ങി തിരികെ പോന്നു. നമ്മടെ കഥാനായകന് ഒരുപിടിസമ്മാനവും അവർ കൊടുക്കാൻ മറന്നില്ല. ഒപ്പം നാട്ടുകാരുടെ കൂക്കുവിളിയും ശകാരവും, വീട്ടുകാരുടെയും നാട്ടുകാരുടെയും മുമ്പിൽ കിളവൻ അങ്ങനെ പേരെടുത്തു.

പേരും പെരുമയും ദിനംപ്രതി വർദ്ധിച്ചു. ഇനി പഞ്ചായത്തു തിരഞ്ഞെടുപ്പിൽ നിൽക്കുന്ന തിൽ തെററില്ലെന്നു തോന്നുന്നു. ഭാവി അവിടെ ശോഭനമായിത്തീരുന്നെങ്കിൽ അസംബ്ലി തിരഞ്ഞെ

www.malankaralibrary.com

ടുപ്പിൽനിന്ന് മൽസരിച്ച് എം. എൽ. എ. ആക രുതോ ! പിന്നെ വേഗം മന്ത്രിയുമാകാമല്ലോ. അല്ല, മന്ത്രിയാകാനുള്ള എല്ലാ യോഗ്യതകളുമുള്ള ആളുമാണല്ലോ.

വിലപ്പെട്ട മണിക്കൂറുകൾ നഷ്ടപ്പെട്ടത് ഞങ്ങ ളെപോലുള്ള യാത്രക്കാർക്കായിരുന്നു. അതൊക്കെ കാണാൻ ആരുണ്ടിവിടെ? എല്ലാം സഹിച്ചും പൊറുത്തും പോകയല്ലാതെ ഈ പരിതഃസ്ഥിതി യിൽ മറ്റൊന്നും നടപ്പില്ലെന്നു തോന്നുന്നു. മനസ്സിൻെറ മൃദുലതലങ്ങളിൽ സർവ്വ നൊമ്പ രങ്ങളും അടക്കിവയ്ക്കുകയേ നിവൃത്തിയുള്ളു.

ഈ സംഭവകഥയിലെ കഥാനായകൻ കൊടു ക്കേണ്ടതു കൊടുത്തിരുന്നെങ്കിൽ പ്രശ്നങ്ങളൊ ക്കെ വേഗം തീർന്നേനേ. എന്നു തന്നെയുമല്ല, പ്രശ്നം അവിടെ ഉദിക്കുകപോലുമില്ലായിരുന്നു. ആനുകൂല്യങ്ങളുടെ കാലമാണെന്നു കരുതി ആർക്കും എന്തുമാകാം എന്നുണ്ടോ? രാജാവാ യാലും കൃഷിക്കാരനായാലും ചെയ്യേണ്ടതു, ചെ യ്യേണ്ടതുപോലെ ചെയ്താൽ ഈ ഭൂഗോളം ശരിക്ക് കറങ്ങി മുന്നോട്ടുപോകും. മറിച്ചായാൽ ജീവി ക്കാൻതന്നെ ബുദ്ധിമുട്ടായിതീരും. തട്ടിപ്പും വെ ട്ടിപ്പും കള്ളക്കടത്തും കരിഞ്ചന്തയും പൂഴ്ത്തി വയ്പും എല്ലാം നടമാടുന്ന ഒരു കാലം! പിടി ച്ചുപറിയും പകൽകൊള്ളയും നിത്യസംഭവങ്ങൾ! എല്ലാത്തിനും മാററമുണ്ടാകണമെങ്കിൽ വ്യക്തി കൾ നന്നാകണം; സമൂഹം നന്നാകണം. കൊടുക്കേ ണ്ടതു കൊടുക്കുകതന്നെ ചെയ്യണം. പണത്തി

www.malankaralibrary.com

നായി ആരും സ്വാർത്ഥതയുടെ മൂടുപടം ഇടരുതേ.

നടനപ്രക്രിയ നമുക്ക് നല്ലവശമാണ്. അഭിനയം കേമംതന്നെ. ജീവിതം-സാക്ഷാൽ ജീവിതം അഭിനയമാണോ? അല്ലെന്നാണ് അറിവുള്ളവരും അനുഭവസ്ഥരും പറയുക. മനുഷ്യനിൽ സാമൂഹ്യബോധം ഇല്ലെന്നായാൽ എന്തുചെയ്യും! അതൊക്കെ മാളങ്ങളിൽ കയറി ഒളിഞ്ഞിരിക്കയാണെന്നു തോന്നുന്നു. വ്യക്തികൾ സമൂഹത്തിന്റെ അവശ്യഘടകമാണ്. സമൂഹം വ്യക്തികളുടെ സാമൂഹിക മനോഭാവത്തെ ആശ്രയിച്ചു പുരോഗമിക്കുകയോ അധോഗതിയിലേക്ക് മാറുകയോ ചെയ്യുന്നു. സദാചാരബോധം നമ്മുടെ സഹചാരികളാവണം. വ്യക്തികളുടെയും സമൂഹത്തിന്റെയും ആരോഗ്യമാണ് സാമൂഹികോന്നമനത്തിന് അനിവാര്യഘടകം, എല്ലാത്തിനും ഉപരി മനസ്സാക്ഷിയുടെ ശബ്ദം മാറ്റൊലിയായി അലയടിക്കണം. എവിടെയെന്നോ? ഹൃദയത്തിൽ, മനുഷ്യന്റെ തന്നെ ഹൃദയത്തിൽ.

www.malankaralibrary.com

## ഈ ലോകം

# ഇവിടെ കുറെ നല്ല മനുഷ്യർ

തിരക്കിനിടയിൽ, തിരക്കുപിടിച്ച തെരുവീഥിയിലൂടെ യാത്രചെയ്യുന്ന അനേകർ. ഈ ലോകം ഇവിടെ കുറെ മനുഷ്യർ ആടിയും പാടിയും ഓടി നടക്കുന്നു. അതിൽ കുറെ നല്ല മനുഷ്യർ. അവർക്ക് പലരേയും കാണുമ്പോൾ സങ്കടം തോന്നുന്നു. പലതും തുറന്നു പറയണമെന്ന് തോന്നും. എന്തു ചെയ്യാം, തുറന്നു പറഞ്ഞാൽ ഈ ഭൂമിയിൽ പിന്നെ അധികം പടവുകൾ ചവിട്ടേണ്ട ആവശ്യമുണ്ടാകില്ല. മൗനം വിദ്വാന് ഭൂഷണമാണല്ലോ? ഈ സാഹചര്യത്തിൽ കണ്ടതു

www.malankaralibrary.com

പലതും കാണാത്തവനായി നടിക്കുന്നു. അതനുസരിച്ച് മുമ്പോട്ടു പോകുകയും ചെയ്യുന്നു.

ചിലർ വണ്ടിയിൽ യാത്ര ചെയ്യുന്നു. മററു ചിലർ വള്ളത്തിൽ. ചിലർ ട്രെയിനിൽ, മററു ചിലർ കാൽനടയായി. മനോരഥത്തിൽ അമ്മാനമാടി ആയിരം അഭിലാഷങ്ങളും താലോലിച്ചു കൊണ്ട് ജീവിതമാകുന്ന യാത്ര തുടരുന്നവരുമുണ്ട്. ഈ ജീവിതയാത്രയിൽ നാം ചിലതെല്ലാം നേടുന്നു. ചിലപ്പോഠം നേടേണ്ടതു പലതും നേടാതെയും പോകുന്നു. വിചിത്രമായ സ്വഭാവസവിശേഷതകളോടെ അരങ്ങു തകർക്കുന്ന മനുഷ്യർ പലപ്പോഴും ആത്യന്തികമായ ജീവിതലക്ഷ്യം മറക്കുന്നു, മറയ്ക്കുന്നു. ഒപ്പം മാററി മറിക്കാനും ശ്രമിക്കുന്നു. അത് പരാജയത്തിന് കാരണമാകുന്നു. ദൈവനിഷേധവും മതമൂല്യങ്ങളിൽ 'അലർജി'യും അനുഭവപ്പെടുന്നു. അവസാനം വിലാപം സംഭവിക്കുമെന്നതിൽ സംശയമില്ല. അനുഭവം അതാണ് തെളിയിക്കുന്നത്. അനുഭവപരമായ അറിവ് ഏററം ശ്രേഷ്ഠമാണല്ലോ.

അടുത്തനാളിൽ ബസ്സിൽ യാത്രചെയ്യുകയായിരുന്നു. സീററുകിട്ടാൻ നന്നേ ബുദ്ധിമുട്ടി. കാലുകഠം കുഴഞ്ഞു. എൻെറ ദയനീയാവസ്ഥ കണ്ട് ഒരാഠം സന്തോഷത്തോടെ അടുത്തേയ്ക്കു വിളിച്ചു. 'ഇവിടെ Adjust' ചെയ്യാം..' ആ മനുഷ്യൻെറ സ്നേഹപൂർവ്വമായ വാക്കുകഠം. കേഠക്കാത്തപാതി ഞാൻ Adjustment-ൽ ഭാഗഭാക്കായി. പെട്ടെന്ന് അയാളുടെ മുഖത്തേക്ക് നോക്കി. അന്ധനായി അക്ഷമനായി ഞാൻ നിന്നുപോയി.

www.malankaralibrary.com

കാരണമെന്തെന്നോ? 20–ാം നൂററാണ്ടിൻെറ അന്ത്യ ഘട്ടത്തിൽ ഒരു മനുഷ്യൻ കൊന്തയും കുരിശും ബൈബിളുമൊക്ക പിടിച്ച് യാത്ര തിരിച്ചിരിക്കുന്നു. ഞാൻ സസൂക്ഷ്മം വീക്ഷിച്ചു. അയാറം എന്തോ ഉരുവിടുന്നുണ്ട്. ഒപ്പം തുരുതുരെ കൊന്തയിൽ ചുംബനങ്ങറം അർപ്പിക്കുന്നു. ദൈവത്തിൽമാത്രം ചരിക്കുന്ന ഒരു ദൈവീക മനുഷ്യൻ. മുൻസീററിലിരുന്ന ചെറുപ്പക്കാർ കിളവനെ മന: പൂർവ്വം കളിയാക്കുന്നു. അതൊന്നും കാണാത്തവനെപ്പോലെ തൻെറ കർത്തവ്യം നന്നായി നിർവ്വഹിക്കുന്നു. ഇതാ ഇവിടൊരു നല്ല മനുഷ്യൻ.

എൻെറ മനസ്സിൽ പെട്ടെന്ന് ലൂയിപാസ്റ്ററെ കുറിച്ച് ഓർമ്മവന്നു. പാരീസ് റിസേർച്ച് ഇൻസ്റ്റിററ്യൂട്ടിലെ ലൂയിപാസ്ററർ–ശാസ്ത്രജ്ഞൻ, കൊന്തയും പ്രാർത്ഥന പുസ്തകവുമായി ട്രയിനിൻെറ ഒരു മൂലക്കിരുന്ന് പ്രാർത്ഥനകറം ഉരുവിട്ട ആ നല്ല മനുഷ്യനെ അന്ന് കുറെ യുവാക്കറം പരിഹസിച്ചല്ലോ. പുറത്ത് പച്ചപ്പട്ടു വിരിച്ച മരതകകാടുകറം വായുഭഗവാനോടൊത്ത് നൃത്തം വയ്ക്കുന്നു. മാമലകളും മൈതാനങ്ങളും ഹരിതശോഭയിൽ തിങ്ങി വിളങ്ങുമ്പോറം, സ്ത്രീകറം ആററുതീരത്ത് ഓടിയണഞ്ഞ് വസ്ത്രങ്ങറം അഴിച്ചിട്ട് കുളിക്കാനായി ഒരുങ്ങുമ്പോറം, വിവിധ തരത്തിലും നിറത്തിലുമുള്ള വേഷഭൂഷാദികറം ധരിച്ചും ധരിക്കാതെയും അവിടവിടെ മദാലസകളെപോലെ മദാലസകറം വിലസുമ്പോറം, മദോന്മത്തരായി മാദകലഹരിയിൽ യുവാക്കറം ആടിയും പാടിയും കുടിച്ചു കൂത്താടുമ്പോറം ഒരു പടു കിളവൻ പ്രാർത്ഥിക്കുന്നുപോലും ?

www.malankaralibrary.com

അതും കണ്ണടച്ച് താപസ്സനെപ്പോലെ അങ്ങനെ യുവാക്കളുടെ മനസ്സുകൾ കാട് കയറി. പ്രാർത്ഥന നിർത്തി യുവാക്കളെ പരിചയപ്പെട്ട ലൂയി പാസ്ററർ അവസാനം അവരുടെ ചഞ്ചല മനസുകളെപോലും പിടിച്ചിരുത്തി. അവരെ ചിന്തിപ്പിച്ചു. മനസ്സുകളെയും ഹൃദയത്തെയും ഈശ്വരചിന്തയിൽ ത്രസിപ്പിച്ചു. അങ്ങനെ പ്രകാശത്തിന്റെ പൊൻകതിരുകൾ യുവാക്കളിൽ വർഷിക്കാൻ കഴിഞ്ഞു ലൂയിപാസ്ററർക്ക്.

പുതിയൊരു ലൂയി പാസ്റ്ററായി അവതരിച്ചിരിക്കുന്ന നമ്മുടെ കഥാപാത്രത്തെ എനിക്ക് നന്നേ ഇഷ്ടപ്പെട്ടു. പള്ളിയുടെ മുമ്പിലെത്തിയപ്പോൾ പൈസതുട്ടുകൾ നേർച്ചപ്പെട്ടിയിലേക്ക് എറിയുന്നു. തല വിനയപൂർവ്വം കുനിച്ച് ഈശ്വരനെ വന്ദിക്കുന്നു. ബസ്സിൽ കയറിവന്ന യാചകരെ സംതൃപ്തരാക്കി പറഞ്ഞയയ്ക്കുന്നു. പുഞ്ചിരിക്കുന്ന മുഖം, ശാലീന സുന്ദരമായ പ്രസരിപ്പ് ആരേയും കോരിത്തരിപ്പിക്കുന്ന നോട്ടം. പ്രവൃത്തികളിൽ എന്തൊരു സ്നേഹം ഇതൊക്കെ ഈ മനുഷ്യനെപോലെ പ്രകടിപ്പിക്കുന്നവർ ഇന്നാരുണ്ട്.

ഈ ലോകത്തിൽ വസിക്കുന്ന, ചരിക്കുന്ന ആയിരങ്ങളുടെ മനസ്സുകൾ എവിടെ? എങ്ങനെ? അതെല്ലാം ഓർത്ത് ആയിരം നൊമ്പരങ്ങൾ മനസ്സിന്റെ മൃദുലതലങ്ങളിൽ ചിറേറാളങ്ങൾ സൃഷ്ടിച്ചുകൊണ്ട് നിമിഷങ്ങൾ കടന്നുപോയി. 21—ാം നൂററാണ്ടിനെ സ്വപ്നംകണ്ട് ദീർഘവീക്ഷണത്തോടെ കണ്ണുംനട്ട് കാത്തിരിക്കുന്ന ആധുനിക

www.malankaralibrary.com

ലോകത്തിൻെറ വക്താക്കളെ ഈറനണഞ്ഞ നയനങ്ങളോടെ മാത്രമെ കാണാൻ കഴിയൂ—അധോഗതിയിൽനിന്നും അധഃപതനത്തിലേക്ക് അത്രമാത്രം ശാസ്ത്രയുഗത്തിലെ അത്യന്താധുനികം അധഃപതിച്ചിരിക്കുന്നു.

ഈശ്വരനോ, സത്താപരമായ അസ്ഥിത്വമോ അവർക്കൊരു പ്രശ്നമല്ല. ആർഭാടത്തോടെ ചിരിച്ചും കളിച്ചും തൊഴിച്ചും ജീവിക്കണം. (തൊഴി അന്യൻെറ ഹൃദയത്തിൽതന്നെ കൊള്ളുന്നു) സഹോദരസ്നേഹമോ, മനുഷ്യത്വമോ ഇന്നാർക്കും പ്രശ്നമല്ല. എല്ലാം എങ്ങോ പോയി മറഞ്ഞിരിക്കുന്നു. എങ്കിലും അവിടവിടെ ജീവനുററ കുറെ നല്ല മനുഷ്യർ ഇല്ലാതില്ല. അവരെ ശ്വാസം മുട്ടിക്കരുതേ എന്നുമാത്രമേ പറയാനുള്ളു. ഈ ലോകം ഇവിടെ കുറെ മനുഷ്യകോലങ്ങരം. ഒപ്പം കുറെ നല്ല മനുഷ്യരും.

www.malankaralibrary.com

# എന്തൊരു കാലം!

# എന്തൊരു കോലം!

ഈ ലോകം പണ്ടത്തേതുപോലൊന്നുമല്ല. ഒത്തിരിമാററം സംഭവിച്ചിട്ടുണ്ട്. 20-ാം നൂററാണ്ടിന്റെ അന്ത്യത്തിൽ ജീവിക്കുന്ന, ചരിക്കുന്ന, ചലിക്കുന്ന മനുഷ്യനാണ് ഇതിനു കാരണക്കാരൻ. മനുഷ്യൻ മാറുമ്പോഠം കാലം മാറുന്നു. അങ്ങനെ കാലത്തിന്റെ മാററം ലോകത്തിന്റെ തന്നെ മുഖച്ഛായ മാററിമറിക്കുന്നു. ഈ മാററിമറിക്കൽ വല്ലാത്തൊരു കോലമായി ഭവിക്കുന്നു, അനുഭവത്തിൽ.

www.malankaralibrary.com

പണ്ട് എവിടെ തിരിഞ്ഞങ്ങു നോക്കിയാലും അവിടെല്ലാം പൂത്തമരങ്ങൾ മാത്രമായിരുന്നു. ഇപ്പോൾ മരങ്ങളോ മരതകകാടുകളോ കാണാനില്ല. പ്രകൃതിതന്നെ മാററിമറിക്കപ്പെട്ടിരിക്കുന്നു. എല്ലാ യിടത്തും ഒരനിശ്ചിതത്വം. വ്യക്തികൾ വ്യക്തിത്വത്തിൻെറ ഭാവരൂപതലങ്ങളിലേക്ക് ഉയ രാതെ വെറും മൃഗീയമായി ചിന്തിക്കുന്നതാണി തിനൊക്കെ കാരണമെന്നു തോന്നുന്നു. അനുദിന ജീവിതചര്യകൾ പോലും ഒരുതരം 'vulgar' ആയി അനുഭവപ്പെടുന്നു.

അടുത്തകാലത്തു നടന്ന ഒരു സംഭവം ഓർ ക്കുന്നു. ഒരു വീട്ടിലെ കാരണവർ വാർദ്ധക്യസ ഹജമായ അസുഖത്താൽ മരണമടഞ്ഞു. മക്കൾ നാലുപാടും ഓടി. മരണവാർത്ത എല്ലാവരെയും ഞൊടിയിടയ്ക്കുള്ളിൽ അറിയിച്ചു. ശവസം സ്ക്കാരം കെങ്കേമമായി നടത്തണം. നമ്മളൊക്കെ പണക്കാരാണെന്ന് നാലുപേരറിയണം. വലിയ ആർഭാടമായിരുന്നു ചടങ്ങുകൾ. ആയിരങ്ങൾ ഓടികൂടുകയും ചെയ്തു.

ഇവിടെ ചിന്ത്യം അതൊന്നുമല്ല. അതിലും വൃത്തിഹീനമായ മറെറാന്ന് മതിവരുവോളം, കുടിച്ചുമത്തരായ ശേഷമാണ് മക്കൾ പ്രിയപ്പെട്ട അപ്പച്ചൻെറ ശവസംസ്ക്കാരത്തിൽ പങ്കെടുത്തത്. ശവപ്പെട്ടിയിൽ പിടിക്കാൻ തന്നെ അവർക്ക് കഴി യുന്നില്ല. നാലുകാലിൽ ആടിപാടി ശവമഞ്ചം അങ്ങനെ കല്ലറയിലെത്തി. കുഴിയിലേക്ക് ശവ പ്പെട്ടി ഇറക്കാൻ തുടങ്ങിയസമയം അവർ കയറിൽ നിന്നും പിടിവിട്ടു. ശവപ്പെട്ടി തലകീഴായി

www.malankaralibrary.com

മറിഞ്ഞു. പെട്ടി തുറന്ന് ശവം പുറത്തുചാടി. കണ്ടുനിന്നവർ എല്ലാം മൂക്കത്തു കൈവച്ചുനിന്നു പോയി. എന്തുചെയ്യാം ! മക്കളെ കൊണ്ട് ചെയ്യിക്കാതിരിക്കാൻ കഴിയുമോ? ചെയ്യരുതെന്നു പറഞ്ഞാൽ അവർ കേൾക്കുമോ ? എന്തെങ്കിലും കാട്ടട്ടെ എന്നു കരുതി. അതിങ്ങനെയായി ഭവിച്ചു. കൊള്ളാം. എല്ലാം വളരെ ജോറായിട്ടുതന്നെ നടന്നു.

ആഘോഷമായി, ആർഭാടമായി, കൊട്ടും കുരവയും മുഴക്കി പഞ്ചഭിക്കുകളെയും കീഴടക്കുമാറ് അലമുറയിട്ടുകൊണ്ട് ഇതുപോലുള്ള ചടങ്ങുകൾ ഭൂമിയിൽ ദിവസവും അരങ്ങേറാറുണ്ട്. തിരുന്നാളുകൾ, ഉൽസവങ്ങൾ, ശവസംസ്ക്കാരചടങ്ങുകൾ, പാർട്ടിപ്രകടനങ്ങൾ, വീരസമരജാഥകൾ— എല്ലാമെല്ലാം.

ആരു മരിച്ചാലും അൽപം മുതലകണ്ണീർ പൊഴിക്കാത്തവർ കാണില്ല. എല്ലാം ഒരുതരം മാറാരോഗമായിതന്നെ പടർന്നു പന്തലിച്ചിരിക്കുന്നു. സ്വന്തം പ്രൗഢിയുടെയും പ്രതാപത്തിൻെറയും ചെങ്കൊടി ഉയർത്താൻ ഇതുപോലുള്ള പ്രകമ്പനങ്ങൾ സൃഷ്ടിച്ചേ മതിയാവൂ. എന്തുചെയ്യാം— അങ്ങനെയായിപോയി നമ്മുടെ സമൂഹമനസ്സാക്ഷി. ആട്ടവും പാട്ടും കൂത്തും തുള്ളലുമെല്ലാം സമൂഹത്തിൻെറ അവശ്യഘടകമായി മാറികഴിഞ്ഞു. ശക്തിപ്രകടനങ്ങൾ മതവിശ്വാസികൾ പോലും എഴുന്നെള്ളിക്കുന്നു.

പാവപ്പെട്ട ആയിരങ്ങൾ തെരുവീഥികളിൽ മരിച്ചുവീഴുന്നു. പട്ടിണിയായിരിക്കാം കാരണം. ചിലപ്പോൾ സമൂഹത്തിലെ ഇത്തിക്കണ്ണികളുടെ

www.malankaralibrary.com

സ്വഭാവദൂഷ്യം അവനെ വലിച്ചുകീറിയതായിരിക്കാം. മററുചിലർ വഞ്ചനയുടെയും ചതിയുടേയും കുടുക്കിൽപ്പെട്ട് ക്രൂരമായി കൊല ചെയ്യപ്പെടുന്നു. കിണററിലും, ചാക്കുകെട്ടുകളിലും മരക്കൊമ്പിലുമൊക്കെ നിരപരാധികളുടെ ശവശരീരങ്ങൾ കുത്തിതിരികിയ നാടാണല്ലോ നമ്മുടെ പൊന്നോമനനാട്. ഈ പുണ്യഭൂമി, കേരഭൂമി. സ്വർഗ്ഗപുഷ്പം വിരിഞ്ഞ, ഖിരിയിച്ച പുണ്യഭൂമി.

എവിടെ വച്ചോ ആരോ പറഞ്ഞു 'ഇന്നാളുകൾക്ക് ഒരു സംസ്ക്കാരമേ ഉള്ളൂ. അപരൻ ചോദിച്ചു എന്താണത്. ഉത്തരം:- ശവസംസ്ക്കാരം ശരിയാണ്''. ശവസംസ്ക്കാരമെന്ന ഒരൊററ സംസ്ക്കാരമേ ഇന്നവശേഷിച്ചിട്ടുള്ളൂ. ആ സംസ്ക്കാരവും ഇല്ലാതാകാൻ പോകുന്നു. ആനുകൂല്യങ്ങൾ നേടാനായി, അവകാശങ്ങൾ പിടിച്ചെടുക്കാനായി എന്തെല്ലാം വേഷങ്ങൾ നാം കെട്ടുന്നു. പാർട്ടി ചെയർമാൻ മരിച്ചാൽ പാർട്ടി പ്രവർത്തകർ ഓടികൂടുന്നു—കള്ളകണ്ണീരുമായി. മേലുദ്യോഗസ്ഥൻ അപകടത്തിൽ മരിച്ചാൽ എത്ര കാര്യമായാണ് കീഴുദ്യോഗസ്ഥൻ സംഗതികളൊക്കെ നടത്തുക. മേലുദ്യോഗമാണ് ലക്ഷ്യമെന്ന് ആരറിയുന്നു.

ഒരു ചെറിയ സംഭവംകൂടി പറയാം. അമ്മ മരിച്ചപ്പോൾ ആൺമക്കളൊക്കെ വലിയ കരച്ചി

www.malankaralibrary.com

ലാണ് വല്ലാത്ത സങ്കടം. അതിലൊരു വിരുതൻ അമ്മയുടെ അടുത്തുനിന്നു മാറുന്നുപോലുമില്ല. രാത്രിയിൽ എല്ലാവരെയും കിടത്തി ഉറക്കിയതിനു ശേഷം അയാരം പ്രിയപ്പെട്ട അമ്മയുടെ കാതിൽ നിന്നും വലിയ കുണുക്ക് അഴിച്ചെടുത്തു. അവൻെറ സങ്കടവും പമ്പകടന്നു. സ്വർണ്ണം കയ്യി ലാക്കാൻപെട്ട പാടു നോക്കണേ! ഇതാ പറഞ്ഞത് ഇതെന്തൊ കാലമെന്ന്. കാലത്തിൻെറ കോലം ഭയങ്കരം തന്നെ.

www.malankaralibrary.com

# സീൽ ചെയ്യാത്ത കത്ത്

രണ്ടു സുഹൃത്തുക്കൾ. സുഹൃത്തുക്കളെന്നു പറഞ്ഞാൽ ഉത്തമ സുഹൃത്തുക്കൾ, വിശ്വസ്തർ. സ്കൂളിലും കോളേജിലും ഒപ്പം പഠിച്ചു മുന്നേറിയവർ. അവർ രണ്ടുപേരും കോളേജിൽവച്ച് അവസാനമായി കണ്ടുപിരിഞ്ഞു. ഒരുവന് ഓഫീസിൽ ജോലിയാണ്. പത്രം ഓഫീസിൽതന്നെ. മററൊരാൾ ഇപ്പോൾ Higher Study നടത്തിക്കൊണ്ടിരിക്കുന്നു. ഒരു ദിവസം സുഹൃത്തിനെ കാണാനായി അയാൾ ഇറങ്ങി തിരിച്ചു. സ്ഥലത്തെത്തണമെങ്കിൽ ഒത്തിരി യാത്ര ചെയ്യണം. യാത്രയുടെ ക്ഷീണത്തോടെ സ്ഥലത്തെത്തി, നമ്മുടെ പത്രം ഓഫീസർ താമസിക്കുന്ന സ്ഥലം അന്വേഷിച്ചു

www.malankaralibrary.com

കണ്ടെത്തി. അയാളുടെ മുറിയിലേക്ക് സന്തോഷം സ്ഫുരിക്കുന്ന മനസോടെ അയാരം കയറിച്ചെന്നു. ആചാരമര്യാദയനുസരിച്ച് good morning പറഞ്ഞു. നമ്മുടെ ഓഫീസർ സുഹൃത്തു വന്ന കാര്യമൊന്നും അറിഞ്ഞ ഭാവമേ നടിക്കുന്നില്ല. പലരുമായും സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഒപ്പം എന്തൊക്കെയോ മറിച്ചുനോക്കുന്നുണ്ട്. അയാരം രണ്ടും കൽപിച്ച് കസേരയിൽ ഇരുന്നു. ഉള്ള പത്രങ്ങളൊക്കെ വായിച്ചുതീർത്തു. ഓഫീസിലെ തിരക്കെല്ലാം ഒഴിഞ്ഞു. നമ്മുടെ സുഹൃത്തുക്കരം തനിയെയായി. സംസാരിക്കാമെന്നു കരുതി അടുത്തിരുന്നതും നമ്മുടെ ഓഫീസർ പുറത്തേയ്ക്കിറങ്ങിപോയതും ഒന്നിച്ചായിരുന്നു.

മനസ്സിൽ എന്തോ നൊമ്പരം. എന്നെ മനസ്സിലായി കാണുകയില്ലയോ. അവിടെ കയറി വന്നവരോടൊക്കെ അയാരം വാചാലമായി സംസാരിച്ചല്ലോ. സുഖമാണോ എന്നെങ്കിലും അയാരംക്ക്ചോദിക്കാമായിരുന്നു. 'good morning' പറഞ്ഞപ്പോരം തിരിച്ചു പറഞ്ഞില്ലെങ്കിലും ഒന്നു നോക്കുകയെങ്കിലും ചെയ്യാമായിരുന്നു. അതോ വലിയ ഓഫീസറായതിന്റെ ഹുങ്ക് കാണിച്ചതാണോ. ഇങ്ങനെ നൂറുനൂറു ചിന്തകളുമായി അയാരം ഓഫീസിൽനിന്നും ഇറങ്ങി തിരിച്ചു. വഴിയറിയാതെ എങ്ങോട്ടോ ? എവിടേയ്ക്കോ ? കണ്ണുനീർകണങ്ങരം ഇററുവീണു. എല്ലാ ദുഃഖവും ഉള്ളിലൊതുക്കിക്കൊണ്ട് സ്വന്തം വീട്ടിലെത്തി സുഹൃത്തിന് ഒരു കത്തെഴുതി, കത്തിലെ വാചകങ്ങരം ഓരോന്നും വീണ്ടും അവനെ വേദനിപ്പിച്ചു.

www.malankaralibrary.com

കത്ത് പോസ്ററുചെയ്യാനായി പോസ്ററാഫീസിൽ എത്തി. 'ഞാൻ എന്തിന് ഇതൊക്കെ ചെയ്യണം കത്തിട്ടാൽ, ഇതു വായിച്ചാൽ സുഹൃത്തിനെകൂടി ഞാൻ വേദനിപ്പിച്ചാലോ ? ഞാനോ ഇങ്ങനെ നൊമ്പരങ്ങൾ അയവിറക്കി കഴിയുന്നു. ഏതായാലും letter ഇടുന്നില്ല, അയാൾ തിരിച്ചു വീട്ടിലെത്തി, ഒരു പുസ്തകമെടുത്തു വായന തുടങ്ങി. അതിൽ എബ്രഹാം ലിങ്കൻെറ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നു. അവിടെയും ഒരു കത്തിൻെറ കാര്യം. അയാൾ സസൂക്ഷ്മം വായിച്ചു. ലിങ്കൺ പട്ടാളമേധാവിക്ക് അയച്ച കത്തിലെ ഉള്ളടക്കം അതിൽ രേഖപ്പെടുത്തിയിരിക്കുന്നു. അമേരിക്കയിൽ ആഭ്യന്തരവിപ്ലവംപൊട്ടി പുറപ്പെട്ട കാലത്ത് ആയിരങ്ങൾ അടർക്കളത്തിൽ അടരാടി ചുടുരക്തം ഒഴുക്കിയ നിമിഷം. പലരും എന്തു ചെയ്യണമെന്നറിയാതെ പതറിനിന്ന ദുർദിനങ്ങൾ. എങ്ങും ക്രൂരതയുടെ നിഴലാട്ടങ്ങൾ. ഭൂമുഖത്തിനുതന്നെ ഒരു മ്ലാനത.

ഈ യുദ്ധത്തിനെല്ലാം കാരണക്കാരൻ പട്ടാളമേധാവിതന്നെ. ലിങ്കൺ വിധിയെഴുതി. മേധാവിയെ നിശിതമായി വിമർശിച്ചുകൊണ്ട് എഴുതിയ കത്ത് പോസ്ററു ചെയ്യാനായി ലിങ്കൺ Post office-ൻെറ മുമ്പിലെത്തി. മനസിൽ എവിടെയോ ഒരു വേദന. ഹൃദയത്തിൽ എന്തോ വന്നു തറയ്ക്കുന്നതുപോലെ നിമിഷങ്ങളോളം കത്തു കയ്യിൽ പിടിച്ചശേഷം കണ്ണീരൊഴുക്കികൊണ്ട് വീട്ടിലേക്ക് തിരിച്ചുപോയി. വർഷങ്ങൾക്കു ശേഷം ലിങ്കൻെറ എഴുത്തു കുത്തുകൾക്കിടയിൽ

www.malankaralibrary.com

സീൽ ചെയ്യാത്ത ഒരു കത്തു കാണപ്പെട്ടു. അതു പൊട്ടിച്ചുനോക്കിയപ്പോഴാണ് കാര്യം മനസ്സി ലായത്.

അന്ന് പട്ടാളമേധാവി നിരപരാധിയായിരുന്നു. അയാൾക്ക് ഒന്നും ചെയ്യാൻ കഴിയുമായിരുന്നില്ല. ഈ കത്തുകൂടി കിട്ടിയിരുന്നെങ്കിൽ അയാൾ ഹൃദയം പൊട്ടിമരിക്കുമായിരുന്നു. എല്ലാവരും തന്നെ കുററപ്പെടുത്തുന്നു. പ്രസിഡൻറു കൂടി തന്നിൽ കുററം ആരോപിച്ചാൽ അയാൾ ഹൃദയം നൊന്തു ആത്മഹത്യവരെ ചെയ്തുകളയുമായിരുന്നില്ലെന്നു നമുക്ക് പറയുവാൻ കഴിയുമോ ?

ഉററ സുഹൃത്തുക്കൾ നമ്മെ തെററിദ്ധരിക്കുന്ന അവസരങ്ങൾ, മാതാപിതാക്കൾ, സഹോദരീസഹോദരങ്ങൾ നമ്മെ പുച്ഛരിച്ച് പുറം തള്ളുമ്പോൾ, അധികാരികൾ, തലപ്പത്തിരിക്കുന്നവർ നമ്മെ നിന്ദ്യനും നീചനുമായി കാണുമ്പോൾ, സമൂഹത്തിൻെറ മുമ്പിൽ നാം കൊള്ളരുതാത്തവരാകുമ്പോൾ നമ്മെക്കുറിച്ച് എല്ലാം സമൂഹത്തിൻെറ മുമ്പിൽ തുറന്നടിക്കുമ്പോൾ, പരസ്യമായി അവഹേളിക്കുമ്പോൾ നാം എന്തു ചെയ്യണം. വേദന കടിച്ചമർത്തികൊണ്ട് സത്യം തെളിയും വരെ കാത്തിരിക്കാൻ നമുക്കു കഴിയുമോ ? ബലഹീനമായ മനുഷ്യമനസ്സുകൾക്ക് അതു കഴിയുമെന്ന് തോന്നുന്നില്ല. പ്രത്യേകിച്ച് ഉററ സുഹൃത്തുക്കൾ നമ്മെ തഴയുമ്പോൾ, നമ്മെ അറിയാത്തവരായി ഭാവിക്കുമ്പോൾ.

www.malankaralibrary.com

ഇന്നത്തെ കാലഘട്ടത്തിൽ നന്ദിയും സ്നേഹവും നാം അധികമാളുകളിൽ നിന്നും പ്രതീക്ഷിക്കേണ്ടതില്ല. കൊടുക്കുന്നത് തിരികെ കിട്ടുമെന്ന് ആരും വ്യാമോഹിക്കേണ്ട. എല്ലാം മററൊരു ലോകത്തിൽ സ്വപ്നം കണ്ടുകൊണ്ടു കഴിയുക മാത്രമാണ് കരണീയം. വഞ്ചനയുടെയും കാപട്യത്തിൻെറയും മാത്രം ലോകമാണിത്. ഇത് കലികാലമാണ്, കലിയുഗത്തിൽ കാട്ടാളന്മാർ കാപാലികന്മാരായി കരാളസർപ്പത്തെപ്പോലെ പത്തി വിടർത്തും. അവൻെറ ആട്ടം കണ്ട് നാം മങ്ങിമയങ്ങിയാൽ ഏതു സമയവും അപകടം ഉണ്ടാകും.

---

www.malankaralibrary.com

# സർവ്വത്രം ഫോറിൻ മയം

വാൽസല്യമുള്ള അമ്മമാർ എത്ര കാര്യമായാണ് കുഞ്ഞുങ്ങളെ വളർത്തുക – പരിപാലിക്കുക. ഒരമ്മയുടെ ഉദരത്തിൽ ശിശു പിറക്കുന്നനാം മുതൽ ഊണും ഉറക്കവുമില്ലാതെ അവരം ആ നല്ല പുലരിക്കായി കരത്തിരിക്കയാണ്-പഞ്ചാര കുട്ടന്റെ പൊന്നോമനമുഖം കാണാൻ, ആ മുഖത്ത് ഒരു ചക്കരയുമ്മ കൊടുക്കാൻ. പാലും പഴവും ആട്ടിൻസൂപ്പും കരളിറച്ചിയും എല്ലാം കൊടുത്ത ഭർത്താവ് ഭാര്യയെ താലോലിക്കുന്നു. എന്തിനായി? അമ്മ നന്നായിരുന്നെങ്കിലേ മോൻ നന്നായിരിക്കൂ. കൂട്ടം സ്നേഹമസൃണമായ ആയിരം തലോടലുകരം, ചുംബനങ്ങരം, അനുഭൂതിപ്രദമായ നോട്ടം, ആംഗ്യങ്ങരം, സ്പർശനങ്ങരം അങ്ങനെ പലതും. അങ്ങനെ തൊട്ടും ഉരുമിയും സ്നേഹം പകർന്നും വികാരങ്ങരം പങ്കിട്ടും അവർ ദിനങ്ങരം സന്തോഷത്തോടെ തള്ളിനീക്കുന്നു.

www.malankaralibrary.com

ആദ്യത്തെ കൺമണി ആണാകാൻ അവർ ആഗ്രഹിച്ചു. അതുതന്നെ സംഭവിക്കുകയും ചെയ്തു. പൊന്നും പുടവയും ചാർത്തി പുന്നാരമോനെ താലോലിക്കയായി. അവൻെറ പനിനീർ പുഞ്ചിരികണി കണ്ടുകൊണ്ടാണവർ ദിവസം ആരംഭിക്കുക. ഭർത്താവ് ഭാര്യയെ വീട്ടിലാക്കി ജോലിക്കു പോകുന്നു. അപ്പോഴൊക്കെ ഭാര്യയെക്കുറിച്ചും തൻെറ പഞ്ചാരകുട്ടനെകുറിച്ചുമുള്ള നൂറുനൂറു സ്വപ്നങ്ങൾ മനസ്സിൽ ഓളം വെട്ടുന്നു. വൈകുന്നേരം ധൃതിയിൽ വീട്ടിലെത്തുമ്പോൾ, ജോലിയുടെ ക്ഷീണവും ഭാരവും പേറി—ഭാര്യയുടെ സ്നേഹമസൃണമായ പുഞ്ചിരി ഏതൊരു ഭർത്താവിൻെറയും ദുഃഖത്തെ ദൂരീകരിക്കതന്നെ ചെയ്യും. താൻ താലോലിക്കുന്ന കൊച്ചുമോനെ കയ്യിലെടുത്ത് താലോലിച്ച് ഉമ്മ വച്ച് താരാട്ടുപാടി ഉറക്കുന്ന സ്വർഗ്ഗീയ നിമിഷങ്ങൾ ആരെയും കോരി തരിപ്പിക്കുക തന്നെ ചെയ്യും.

മോന് വയസ് രണ്ട് തികഞ്ഞില്ല—കിൻറർ ഗാർട്ടൻ സ്ക്കൂളി (Kinter garten) ലേക്ക് അയയ്ക്കുകയായി. പിന്നെ English Medium സ്ക്കൂളുകളായി. അവിടെ അയയ്ക്കാൻ മാതാപിതാക്കൾ ധൃതി കൂട്ടുകയാണ്, തത്രപ്പെടുകയാണ്. ബഹളം കൂട്ടുകയാണ്. അവനെ പെറുക്കി എടുത്തുകൊണ്ടുപോകാൻ ആളുകൾ എത്തികഴിഞ്ഞു. നാട്ടിലെ തലയെടുപ്പുള്ള, ഉണ്ടെന്ന് അഭിമാനിക്കുന്നവരുടെ മക്കളെ അവിടല്ലാതെ എവിടെ വിടും? അത് Status-ൻെറ പ്രശ്നമല്ലേ? മലയാളനാട്ടിൽ മലയാളം പറയു

www.malankaralibrary.com

ന്നവരെ ഇന്നാര് അംഗീകരിക്കുന്നു. സ്ഥാനമാന ങ്ങളും ഉദ്യോഗലബ്ധിയും എല്ലാം ഇവിടുത്തെ സായിപ്പാശാൻമാർക്കാണല്ലോ. English Medium-ൽ പഠിച്ചവന് നാട്ടിൽ വന്നാൽ, വീട്ടിൽ വന്നാൽ മലയാളം പറയില്ല, പറഞ്ഞാലോ നാക്കുളുക്കും. അങ്ങനെ നാട്ടുകാരോടും വീട്ടുകാരോടും അവന അലർജിയാണ്. എല്ലാം ഫോറിൻ, ഉടുപ്പ് ഫോറിൻ, ചെരുപ്പു ഫോറിൻ, വാച്ച് ഫോറിൻ അവനുപ യോഗിക്കുന്ന സുഗന്ധകൂട്ടുകരം വിദേശനിർ മ്മിതം എന്ന ലേബലൊട്ടിച്ചത്. സ്റ്റീരിയോ, റ്റി. വി. എല്ലാം ഫോറിൻമയം തന്നെ.

വിദേശനിർമ്മിതമദ്യമേ അവൻ ഉപയോഗിക്കൂ, അവിടെ തണുപ്പായതിനാൽ കുടിക്കുന്നു. ഇവി ടെ തണുപ്പിക്കാൻ കുടിപ്പിക്കുന്നു. അവിടെ അതൊരു ആവശ്യം. ഇവിടെ ഇതൊരു അനാ വശ്യം. പക്ഷേ അനാവശ്യം ഇവിടെ അത്യാവശ്യ മായി മാറിയിരിക്കുകയുമാണ്. ഒപ്പം അനിവാ ര്യവും. മാന്യന്മാർ എന്നു ഭാവിക്കുന്നവർ വീട്ടി ലിരുന്ന് കുടിക്കുന്നു. മാതാപിതാക്കരം വീട്ടി ലിരുന്ന് തട്ടുമ്പോരം മക്കരം നാട്ടിലൂടെ ഓടി ചാടി നടന്നു കുടിക്കുന്നു. ഒപ്പം അൽപം ഷൈ നിംഗ് പ്രകടനങ്ങളും. വീട്ടിൽ പിതാവ് വളരെ കാര്യമായി തലയിണക്കടിയിൽ സൂക്ഷിച്ചുവച്ചി രുന്ന മദ്യം ആരും കാണാതെ അകത്താക്കിയശേഷം മകൻ വെള്ളം ചേർത്തു വയ്ക്കുന്നു. പാവം 'Producer' ഫോറിന് വീര്യമൊക്കെ കുറഞ്ഞു തുടങ്ങിയല്ലോ എന്ന ഭാവത്തിൽ എടുത്തു കമ ട്ടുന്നു. Company sake-ൻെറ പേരും പറഞ്ഞ് ചിലർ ലക്ഷങ്ങരം വാരികോരി ഒഴുക്കുന്നു.

www.malankaralibrary.com

മററുചിലർ നാടൻ സമ്പ്രദായങ്ങരം വെറുക്കുന്നതു കൊണ്ട് ഫോറിൻ ആകാൻ ആഗ്രഹിക്കുകയും അതിനായി എത്ര വേണമെങ്കിലും മുടക്കി ആർഭാടമായി ജീവിക്കാനും മടിക്കുന്നില്ല.

ഇന്നത്തെ ആളുകളുടെ സ്ഥിരം ജീവിതചര്യകളിങ്ങനെ ഒക്കെയാണ്. ഇത് അനുഭവമാണ്. നിത്യവും കണ്ടുകൊണ്ടിരിക്കുന്നതുമാണ്. ആർഭാടവും ആഹ്ളാദവും ഒക്കെ ഒരിടത്ത് അരങ്ങേറുമ്പോരം മററൊരിടത്ത് ഉടുതുണിപോലുമില്ലാതെ ആളുകരം പരതുന്ന കാര്യം പലരും വിസ്മരിക്കുന്നു. ഇവിടെ ഫോറിൻ സാധങ്ങരം മാത്രം അകത്താക്കുമ്പോരം ഒരുനേരത്തെ ആഹാരംപോലുമില്ലാതെ അവിടെ ആയിരങ്ങരം പട്ടിണി കിടന്നു മരിക്കുന്നു. അടിസ്ഥാനപരമായി മാനുഷികത തൊട്ടുതീണ്ടിയിട്ടില്ലാത്ത ഈ തലമുറ അന്യനെ അവഗണിച്ചുകൊണ്ട് മനുഷ്യത്വവും മനസ്സാക്ഷിയും അറബികടലിൻെറ അഗാധങ്ങളിലേക്ക് അടർത്തിയെറിഞ്ഞാൽ പാപങ്ങളുടെ ചുടുകണ്ണീർ അവർക്ക് ശാപമായിതീരും. തീർച്ച.

മതവും മതനിയമങ്ങളും പുച്ഛം. അതിൽ ചരിക്കുന്നവരെ കാണുന്നതുതന്നെ അറപ്പും വെറുപ്പും ഉളവാക്കുന്നു. സ്വന്തം അസ്തിത്വത്തെ കുറിച്ചുള്ള അപബോധം പോലുമില്ലാതെ മനുഷ്യൻ ഏതോ അജ്ഞാത തീരങ്ങളിലേക്ക് ആരാരുമറിയാതെ ഉഴലുമ്പോരം മനഃസാക്ഷിയുടെ ശബ്ദം അവൻ കേട്ടാൽ രക്ഷയുടെ പുതിയ പ്രഭാതം ഇവിടെ പൊട്ടിവിടരും. അന്ന് ഈ ലോകവും ഇവിടുത്തെ കോടാനുകോടി ജനങ്ങളുടെ ഊർജ്ജസ്വലതയോടെ ഉയിർ കൊള്ളും തീർച്ച.

---

www.malankaralibrary.com

# അവർക്ക് തിടുക്കം

ജനിച്ചുവീണ ശിശുവിനെയും കാറിലിട്ടു കൊണ്ട് ആളുകൾ ഓടുകയാണ്—തിടുക്കത്തിൽ, ധൃതിയിൽ, തിരക്കു പിടിച്ച് എങ്ങോട്ടെന്നോ ഈ ഓട്ടം! സിനിമാശാലയിലേക്ക്! അതും ഒന്നാംതരം സെക്സ്പടം കാണാൻ സെക്സ് ബോംബുകൾ അഭിനയിക്കുന്ന നഗ്നചിത്രങ്ങൾ കാണാൻ, കണ്ടാസ്വദിക്കാൻ. കണ്ണു തുറക്കുന്ന ശിശു ആദ്യം കാണുന്നത് ഈ നഗ്നത മാത്രമാണ്. ഇതു തന്നെയാണ് ലോകം എന്നവർ ധരിച്ചുവശരാകുന്നു. നഗ്നചിത്രങ്ങളുടെ ബീഭൽസത കുഞ്ഞിൻെറ മനസ്സിൽ ഓളം വെട്ടുന്നു. ഈ താളം തുള്ളൽ അവനെ സ്വാധീനിക്കുന്നു. എന്തൊരു ലോകം! എന്തൊരു കാലം! കാലത്തിൻെറ കോലം!

www.malankaralibrary.com

സിനിമ കാണാൻ നിർബന്ധിക്കുന്ന ഭാര്യമാർ. ഭർത്താവിന്റെ ഓഫീസിൽനിന്നും ഫോൺ റെഡിയായിക്കൊള്ളുക. പുതിയൊരു പടം വന്നിട്ടുണ്ട്. 5 മണിക്ക് ഞാൻ എത്തും. മമ്മിയുടെ സാരിതുമ്പിൽനിന്നും മാറാതെ മധുരമൊഴികൾ നടത്തി മണിയടിക്കുന്ന പിഞ്ചുബാലന്മാർ.

എന്തുകൊണ്ട് ലൈംഗികത ഇത്രമാത്രം അഴിഞ്ഞാടുന്നു! നഗ്നനൃത്തം ചവിട്ടുന്നു. ഉത്തരം- മനുഷ്യൻ ലൈംഗികനായതുകൊണ്ട് മനുഷ്യന്റെ അസ്ഥിത്വത്തിന്റെ അടിസ്ഥാനം ലൈംഗികജീവിതത്തിലധിഷ്ഠിതമായതുകൊണ്ട്. സദാചാരബോധം, ധാർമ്മികത, മൂല്യാധിഷ്ഠിതജീവിതചര്യകൾ, മതം അനുശാസിക്കുന്ന ആദ്ധ്യാത്മികത ഇതൊക്കെ മറന്നും മറച്ചും ജീവിക്കുന്ന ഒരു പററം ജനസഞ്ചയം.

വാർത്താവിനിമയോപാധികൾ അനിവാര്യമാണ്. മനുഷ്യന്റെ സംസ്കാരത്തിന്റെ നെടുംതൂണുകളാണവ. പരിവർത്തനത്തിന്റെ, മാററങ്ങളുടെ പുത്തൻ ശംഖുനാദങ്ങൾ മുഴക്കാൻ പര്യാപ്തമാണ് ഈ സിനിമയും, ടെലിവിഷനും, പത്രമാസികകളും ഒക്കെ നശീകരണമോ ക്രിയാത്മകതയോ എന്തുവേണമെങ്കിലും ഇതിലൂടെ പടുത്തുയർത്താം. പക്ഷേ ക്രിയാത്മകത ആരും ഇതിൽ കാണാറില്ല. പോസിററീവ് സൈഡ് ഇന്ന് പോയി മറഞ്ഞിരിക്കുകയാണ്. അശ്ലീലങ്ങളും ആഭാസങ്ങളും അഴിഞ്ഞാടുകയാണ്. നീലചിത്രങ്ങളുടെ പ്രദർശനകേന്ദ്രങ്ങളായി മാറികഴിഞ്ഞിരിക്കുന്നു എല്ലാം.

www.malankaralibrary.com

മലീമസമായ 'Blue films' യുവതീയുവാക്കളെ വല്ലാതെ കുഴയ്ക്കുന്നു. രഹസ്യ സങ്കേതങ്ങൾ ഇതിനായി തുറക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പള്ളിമതിലിലും അമ്പലവളപ്പുകളിലും പൊതുനിരത്തുകളിലും, കവലകളിലും എല്ലാം നഗ്നത മാത്രം പ്രദർശിപ്പിക്കുന്നു. കിടക്കയിലും മേശപ്പുറത്തും കട്ടിളപ്പടികളിലും എല്ലാം മസാലപ്പടങ്ങളുടെ ബ്ലോക്കുകൾമാത്രം. മനസിന്റെ മറവിൽ മാദകലഹരിയിൽ മദാലസകൾ മാദകനൃത്തം ചവിട്ടുന്നു. സിനിമയിലെ സെക്സും സ്റ്റണ്ടും യുവാക്കളെ ഹാരം പിടിപ്പിക്കുന്നു. അവർക്കതൊരു ത്രില്ലിംഗ് തന്നെയാണ്. വെടിയും പടയും, ബലാൽസംഗവും, കൊള്ളയും കൊലയും എല്ലാം സിനിമയിൽനിന്നും അവർ സ്വീകരിക്കുന്നു. അതേപടി സമൂഹത്തിലിറങ്ങി ഒളിഞ്ഞും തെളിഞ്ഞും പയററി പഠിക്കുന്നു; പഠിപ്പിക്കുന്നു. മോഷണവും മദ്യപാനവും വ്യഭിചാരവും എല്ലാം അങ്ങനെ ഒഴിച്ചുകൂട്ടാൻ പാടില്ലാത്തതാകുന്നു. ചെറുമനസുകൾ ചെറുപ്രായത്തിൽ ഓളം വെട്ടിയ താളപ്പിഴകളിൽ തത്തികളിക്കുന്നു.

സിനിമാസംവിധായകന്റെ വീട്ടിൽ അടുത്തകാലത്തു നടന്ന തന്ത്രപൂർവ്വമായ ഒരു മോഷണത്തിന്റെ കഥ—പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തിരുന്നു. ഷൂട്ടിംഗിന്റെ തിരക്കിൽ സംവിധായകൻ എവിടെയോ പോയതാണ്. തൊട്ടടുത്ത വീട്ടുകാരുടെ പക്കൽ താക്കോൽകൂട്ടങ്ങൾ ഏൽപിച്ചാണ് അയാൾ പോയത്. പിറെറ ദിവസം രണ്ടുപേർ ലോറിയിൽ അലമാരയുമായി വന്നു. തമ്പിസാറി

www.malankaralibrary.com

ൻെറ വീടുതിരക്കി അയലത്തുകാർ താക്കോൽ കൊടുത്തു. അവർ തുറന്ന് അലമാര അകത്തു കയററി. പിറേറ ദിവസം അതേ ലോറിക്കാർ തിരികെ വന്നു. 'ഞങ്ങാംക്ക് തെററിപോയി. ഈ തമ്പി യല്ല ഞങ്ങാം ഉദ്ദേശിച്ച തമ്പി' അവർ സാധനം തിരികെ കൊണ്ടുപോകയും ചെയ്തു. അലമാര കത്ത് ഒരു ചെറുപ്പക്കാരൻ ഒളിഞ്ഞിരുപ്പുണ്ടായിരുന്നു. രാത്രി അയാാം സംവിധായകൻെറ വീട്ടിലുണ്ടായിരുന്ന വിലപിടിപ്പുള്ള സർവ്വ സാധനങ്ങളും അലമാരയ്ക്കുള്ളിലാക്കി. പിറെറ പ്രഭാതത്തിൽ എല്ലാംകൊണ്ട് തന്ത്രപൂർവ്വം സ്ഥലം വിടുകയും ചെയ്തു. ഈ ആസൂത്രിത മോഷണക്കാരെ പിടികൂടി ചോദ്യം ചെയ്തപ്പോാം ഒരു കാര്യം മനസ്സിലായി. ഏതോ സിനിമായിൽ കണ്ടതുപോലെ ഞങ്ങളൊന്ന് പരീക്ഷിച്ചു നോക്കി' അത്രമാത്രം.

തന്ത്രപ്രധാനമായ മറെറാരു മോഷണകഥ കൂടി പറയാം. വൈകുന്നേരം കവർച്ച നടത്താനായി ഒരാാം നാട്ടിലെ ഒരു പ്രമുഖൻെറ വീട്ടിൽ കയറി. ആാം കാണില്ലെന്നു കരുതിയാണ് കയറിയത്. എന്തോ, മുകളിലത്തെ നിലയിൽ വീടിൻെറ ഉടമസ്ഥനുണ്ടായിരുന്നു. തിണ്ണയിൽ കിടന്നിരുന്ന കസേര, സെററി, അലങ്കാരവസ്തുക്കാം എല്ലാം പുറത്തെടുത്തു കൊണ്ട് അയാാം വേഗം ഇറങ്ങി നടന്നു. അപ്പോാം പട്ടി കുരച്ചു. ഉടമസ്ഥൻ മുകളിൽനിന്നു നോക്കി. നമ്മുടെ കഥാനായകൻ ഉടനെ വിളിച്ചുപറഞ്ഞു 'കസേര, കട്ടിൽ, സെററി, വില തുച്ഛം' 'ഈ പാതിരാനേരത്താണോ കച്ചവടം കൊണ്ടുപോകൂ' എന്നു മുത

www.malankaralibrary.com

ലാളി. അങ്ങനെ വീട്ടുടമസ്ഥൻെറ അനുവാദ ത്തോടെ, ആശീർവ്വാദത്തോടെ മററൊരു മോഷ ണവും നടന്നു. ഇതും സിനിമയിലെ രീതി കണ്ടു പഠിച്ചതാണെന്ന് ചോദ്യം ചെയ്യലിൽനിന്നു തെളിഞ്ഞു.

ഒരു പതിഞ്ചുകാരൻ സിനിമാശാലയിൽവച്ച് ഒരു പെൺകുട്ടിയെ കടന്നുകയറി പിടിച്ച് ചുംബ നങ്ങൾ അർപ്പിച്ചു. ആളുകൾ അവനെ പിടി കൂടി പോലീസിൽപിച്ചു. നിരപരാധിത്വം ചമ ഞ്ഞുകൊണ്ട് അവൻ പറഞ്ഞു. 'സാർ, സിനിമ യിലേതുപോലെ ഞാനൊന്നു റിഹേഴ്സൽ നടത്തി നോക്കിയതാ,' എന്നോടു പൊറുക്കണം !

സിനിമയിലെ പേക്കൂത്തുകൾ യുവതല മുറയെ അങ്ങേയററം സ്വാധീനിക്കുന്നു എന്നതിന് ഇനി തെളിവുകൾ ആവശ്യമില്ലല്ലോ. മനസ്സു കളിൽ രൂപപ്പെടുന്ന വികാരങ്ങൾ വികാരതീവ്രത യിലെത്തുമ്പോൾ വീഭൽസരൂപം പ്രാപിക്കുന്നു. അത് പൊട്ടിത്തെറിക്കുന്നു. അപകടത്തിന് കാര ണമാകുന്നു. പക്വതയിലധിഷ്ടിതമായ പഠന രീതികളോ പ്രായോഗിക പരിശീലനമോ ലഭിക്കാ ത്തതിൻെറ പാളിച്ചകളാണിന്ന് സംഭവിക്കുന്നത് ജഢീകമായ ജീവിതസുഖം മാത്രമല്ല യഥാർത്ഥ ജീവിതം എന്നു നാം മനസ്സിലാക്കണം. ക്രിയാ ത്മകതയുടെ പുത്തൻ പടവുകൾ ഇവിടെ ഉദയം ചെയ്താൽ നന്നായി.

www.malankaralibrary.com

# അവിടെ പൊടിപൂരം

ആഘോഷങ്ങൾ ഇന്ന് എങ്ങും വെറും ആർഭാട മായി അലയടിക്കുന്നു. അതിന്റെ ശബ്ദകോലാ ഹലങ്ങളാൽ മുഖരിതമാണ് അന്തരീക്ഷം. വെടിയും പടയും കുടയും വടിയും എല്ലാം അരങ്ങത്ത് അരങ്ങു തകർക്കുന്നു. അരങ്ങിൽ ആയിരങ്ങൾ കൺകുളിർക്കെ, ഹൃദയഹാരിയായി ആഘോഷാ ഡംബരങ്ങളിൽ പങ്കെടുത്ത് നിർവൃതിയടയുന്നു. ഒഴിച്ചുകൂടാൻ പാടില്ലാത്തവിധം ആഘോഷങ്ങളും ആഡംബരങ്ങളും ധൂർത്തും ഇന്ന് മനുഷ്യജീവി തത്തിന്റെ ഭാഗമായി തീർന്നിരിക്കുന്നു. (Part and parcel of our life) തിരുനാൾ പെരുനാളായി ഉൽസവം ശക്തി പ്രകടനമായി. എങ്ങും സന്തോ ഷത്തിന്റെ, പൊട്ടിച്ചിരിയുടെ, ആഹ്ലാദതിമർപ്പി ന്റെ മാലപ്പടക്കങ്ങൾ മാത്രം.

www.malankaralibrary.com

ആദ്ധ്യാത്മികതയുടെ ബാഹ്യപ്രകടനമാണ് ആഘോഷങ്ങൾ എന്നാണ് ആളുകൾ പറയുക. എന്നാൽ ആഘോഷങ്ങൾ ആദ്ധ്യാത്മികതയുടെ ഓജസ്സും തേജസ്സും ചൈതന്യവും കെടുത്തികളയുമെന്നാണ് അറിവുള്ളവർ പറയുക. അജ്ഞതയുടെ മൂടുപടവും ധരിച്ച് നിരക്ഷരകുക്ഷികളെപോലെ അറിഞ്ഞോ അറിയാതെയോ ആളുകൾ തങ്ങളുടെ അടർക്കളത്തിൽ അടരാടുകയാണ്. മതത്തെ ദുഷിക്കുന്നു, അശ്ശീല ആഭാസതരങ്ങൾ കാട്ടാനുള്ള ഒരു വേദിയായിതീർന്നിരിക്കുകയാണ് ആഘോഷാവസരങ്ങൾ. കുടിച്ചുകൂത്താടി നാടുമുഴുവൻ മുടിക്കുന്നു. പരിശുദ്ധവും പരിപാവനവുമായ പള്ളിയങ്കണങ്ങളെയും അമ്പലമേടുകളെയും മലിനമാക്കുന്നു. തുള്ളാനും തുള്ളലു പഠിപ്പിക്കാനുമുള്ള വേദികൾ മതകർമ്മങ്ങൾ നടത്തുന്ന സ്ഥലങ്ങളിൽ തന്നെവെച്ചുവേണമെന്ന് ആരും നിർബ്ബന്ധം പിടിക്കരുത്. പ്രകടനങ്ങൾ, ശക്തിപ്രകടനങ്ങൾ ശക്തിയുക്തം ഉയിർ കൊള്ളേണ്ട സ്ഥലം പള്ളിയും അമ്പലവുമാണോ? അതിനു വേറെ വേദികളില്ലേ?

കോട്ടയത്തിനടുത്ത് മണർകാട് പള്ളിയിൽ എല്ലാ വർഷവും തിരുനാൾ പൊടിപൂരം കൊണ്ടാടാറുണ്ട്. ലക്ഷകണക്കിനാളുകൾ അവിടെ ഓടികൂടാറുണ്ട്. നേർച്ചകാഴ്ചകൾ സമർപ്പിച്ച്, തങ്ങളുടെ ഹൃദയത്തിൽ പൂജിച്ചിരുന്ന ആഗ്രഹങ്ങളും അഭിലാഷങ്ങളും തുറന്നു പറഞ്ഞ് ആത്മസംതൃപ്തിയോടെ സ്വന്തം ഭവനത്തിൽ തിരിച്ചെത്തി നിർവൃതി അടയുന്നവർ. കൂടാതെ ഒന്നു

www.malankaralibrary.com

ഒത്തുകൂടാൻ (For company sake) മേളിക്കാൻ, കുടിച്ചു കൂത്താടാൻ, പേക്കൂത്തുകൾ കാട്ടാൻ, ആടാൻ, പാടാൻ ആടിപാടി ഉല്ലസിക്കാൻ, അങ്ങനെയും നിർവൃതി അടയുന്നവർ മറ്റൊരിടത്ത്.

തിരുനാൾ ആഘോഷങ്ങൾ ചില പ്രദേശത്ത് ചില പ്രത്യേകതകളോടെ മാത്രമേ നടത്താൻ കഴിയൂ. കൊട്ടും കുരവയും അവർക്ക് ഒഴിച്ചു കൂടാൻ പാടില്ലായിരിക്കാം. വെടിയും പടയും ആവശ്യഘടകമായിരിക്കാം. പായസവും പുഴുക്കും എല്ലാം ആഘോഷങ്ങളുടെ ഭാഗമായിരിക്കാം. പക്ഷേ ഇതിനിടയിൽ മററുള്ളവരുടെ ബുദ്ധിമുട്ട് എന്തുകൊണ്ട് അവർ മനസ്സിലാക്കുന്നില്ല? യാത്രക്കാരായ ആളുകളുടെ വൈഷമ്യം കാണാൻ ആഘോഷകമ്മററികാർ ശ്രദ്ധ ചെലുത്താറുണ്ടോ? വാഹനങ്ങൾ കടന്നുപോകാൻ ബുദ്ധിമുട്ടുണ്ടാക്കുന്നത് ഒഴിവാക്കാൻ എന്തെങ്കിലും സംരംഭങ്ങൾ ആരെങ്കിലും ചെയ്യാറുണ്ടോ? ഒരിടത്ത് തിരുനാൾ നടക്കുമ്പോൾ അവിടം കൊണ്ട് ഭൂമിയുടെ അതിർത്തികൾ തീരുകയാണെന്ന് ആരും വിചാരിക്കരുത്. മണിക്കൂറുകൾ, അതായത് നാലുമണിക്കൂർ ബസ്സുകളും കാറുകളും ജീപ്പുകളും മററും കടന്നുപോകാൻ വയ്യാത്തവണ്ണം കിടക്കേണ്ടിവരിക, ഇതൊരു വിരോധാഭാസമായി തോന്നിയേക്കാം. വാസ്തവം മാത്രമാണിവിടെ വരച്ചു കാട്ടുന്നത്. ഈ വണ്ടിയിൽ നിറയെ യാത്രക്കാർ തിങ്ങിഞെരുങ്ങി വീർപ്പുമുട്ടലോടെ കഴിയുന്നു. എന്ന വസ്തുതയും ആര് മനസ്സിലാക്കുന്നു. സ്ത്രീകളും കുട്ടികളും ശ്വാസം മുട്ടി വിയർത്തൊഴുകുന്നു. അതും നട്ടുച്ചനേരത്ത് പിഞ്ചു

www.malankaralibrary.com

കുഞ്ഞുങ്ങൾ വാവിട്ടു നിലവിളിക്കുന്നു. മണിക്കൂറുകൾ കുഞ്ഞുങ്ങളെയും വഹിച്ചുകൊണ്ട് ബസ്സിൽ നിൽക്കേണ്ടിവരിക, നിരാലംബരായ സ്ത്രീകൾ, മുട്ടുനിവർത്താൻ ഇടമില്ലാതെ നട്ടം തിരിയുന്ന വൃദ്ധന്മാർ, എല്ലാം അടക്കി സഹനത്തോടെ വീർപ്പുമുട്ടി നിൽക്കുന്ന ചെറുപ്പക്കാർ, ഇവരുടെ ഒക്കെ ദുഃഖങ്ങളും ദുരിതങ്ങളും തിരുനാൾ ആഘോഷകമ്മററിക്കാരും പോലീസ് അധികൃതരും കാണണം, കണ്ട് പരിഹരിക്കണം എന്നു മാത്രമാണ് പറയുവാനുള്ളത്.

ഇതൊക്കെ ഈ നാട്ടിലെ സ്ഥിരം സംഭവങ്ങളാണ്. ഇതൊക്കെ കാണാൻ, കണ്ണു തുറന്നുകാണാൻ ആരും ഇവിടെ ഉണ്ടാവില്ല. എന്തുസംഭവിച്ചാലും അധികാരികളെ വാനോളം പുകഴ്ത്തുക എന്ന നിലപാടാണ് എല്ലാവരും സ്വീകരിക്കുക. ആഘോഷങ്ങൾ എത്ര അലങ്കോലപ്പെട്ടാലും പത്രത്തിൽ പരസ്യം വരുന്നത് വിപരീതരീതിയിലായിരിക്കും. 'എല്ലാം ആയിരങ്ങളുടെ, കോടികളുടെ സാന്നിദ്ധ്യത്തിൽ ഭംഗിയായി പര്യവസാനിച്ചു. ആഘോഷകമ്മിററിയും പോലീസും വളരെ ഭംഗിയായി കാര്യങ്ങൾ നിർവ്വഹിച്ചു. അവരെ പലരും അഭിനന്ദിച്ചു' ഇതു കാണുമ്പോൾ എന്തു പറയാനാവും. ഒന്നുമാത്രം ഒരു ദീർഘനിശ്വാസത്തോടെ, 'എന്തൊരു കാലം, എന്തൊരുകോലം'. ബുദ്ധിയും വിവേകവും ഉള്ളവർ കാണുന്നതിനെ മുഴുവൻ സ്വീകരിക്കില്ല. മോശമായവയെ പുച്ഛിച്ച് ഉച്ഛിഷ്ടം പോലെ വലിച്ചെറിയും. നല്ലതിനെ സ്വീകരിക്കൂ, മോശമായവയെ തിരസ്ക്കരിക്കൂ.

www.malankaralibrary.com

ഒരു കൂട്ടരുടെ സുഖം മറെറാരു കൂട്ടർക്ക് കണ്ണീരിനിടയാകുന്നു. ഒരുവൻെറ ദുഃഖം അന്യന് സുഖം പകരുന്നു. വഴിയറിയാതെ മുടന്തിനട ക്കുന്ന വിധിയുടെ വെറും ബലിമൃഗങ്ങാം നമ്മാം എന്ന് വെറുതെ വിധിയെ പഴിച്ച് നമുക്ക് ദീർഘനിശ്വാസം വിടാം. അതേ ഈ ഭൂമിയിൽ കരണീയമായുള്ളു. സത്യസങ്കൽപങ്ങളെ മാറോട ണക്കുന്ന ഈശ്വരാധിഷ്ടിതമായ ജീവിതശൈലി യിൽ അടിയുറച്ച് ഒരു പുത്തൻ തലമുറ ഉണർന്നു പ്രവർത്തിച്ചാൽ പ്രശ്നം ഗുരുതരമാകാതെ കാര്യം നിസ്സാരമായി അവസാനിക്കും. അപ്പോം എല്ലാം ശുഭമായിരിക്കും.

---

www.malankaralibrary.com

# ആർഭാടത്തിനിടയിൽ

അടുത്ത കാലത്ത് ഒരു ഗൾഫുകാരൻ തന്റെ പുന്നാരമോന്റെ മാമോദീസ, (ക്രൈസ്തവമായ ഒരാചാരം) നടത്തുവാൻ ഗൾഫിൽനിന്നും നാട്ടിലെത്തി. ആദ്യത്തെ കൺമണി എല്ലാം പൊടിപൊടിക്കണം. അഭിമാനത്തിന്റെ കൂടി പ്രശ്നമാണ്. നാട്ടുകാരുടെ മുമ്പിൽ 'Prestige' ഉയർത്താൻ പററിയ ഒരവസരവും. എല്ലാം തകർത്തടിക്കാൻതന്നെ തീരുമാനിച്ചു. സദ്യവട്ടങ്ങൾ ഒരുക്കാൻ അനേകം ജോലിക്കാരെ ആഴ്ചകൾക്കുമുമ്പുതന്നെ ഏൽപിച്ചു. ക്ഷണിക്കാവുന്നവരെ മുഴുവൻ നേരത്തെ ക്ഷണിച്ചു. മിത്രങ്ങളും ബന്ധുക്കളും നേരത്തെ എത്തി കഴിഞ്ഞു. കുടിയും പടയും ഭംഗിയായി നടക്കുന്നു. എങ്ങും ആഹ്ലാദം ഇടി, പൊടി ഒരിടത്ത്, വറ, പൊരി മററൊരിടത്ത്. ഒപ്പം അയിലത്തെ അത്താഴപ്പട്ടിണിക്കാരുടെ തേങ്ങലുകളും. തിരക്കിനിടയിൽ ഇത്തരം വിങ്ങലുകൾ ആരു കേൾക്കാൻ !

www.malankaralibrary.com

ആ സുന്ദരസുദിനം ഉദയം ചെയ്തു. ആഘോഷമായി, ആർഭാടമായി പള്ളിയിലേക്ക് പ്രഭാതത്തിൽ എല്ലാവരും എഴുന്നെള്ളി. സുഗന്ധകൂട്ടുകൾ വാരികോരി ഒഴിച്ചു. ഉടുപ്പു ഫോറിൻ, ചെരിപ്പു ഫോറിൻ. കുടവടികളെല്ലാം വിദേശത്തു നിന്നു കൊണ്ടുവന്നത്. കണ്ണട ഫോറിൻ, പാൻറ്സും കോട്ടും എല്ലാം മിന്നിതിളങ്ങുന്നവ. വർണ്ണകസവുകൾ നിറഞ്ഞ സാരികൾ, തങ്കവളകൾ കിലുകിലാരവം മുഴക്കി. പെൺകൊടികൾ കുണുങ്ങി കുണുങ്ങി ചിരിച്ച് രസിച്ച് മദിച്ച് ഓടികൂടിയിരിക്കുന്നു.

ചടങ്ങുകൾ ആരംഭിക്കേണ്ട സമയമായി. വൈദികൻ കുപ്പായവസ്ത്രങ്ങളുമണിഞ്ഞ് എത്തികഴിഞ്ഞു. എല്ലാവരും വൈദികനു ചുററും നിന്നു. കുഞ്ഞിനെ കൊണ്ടുവരാൻ ആവശ്യപ്പെട്ടു. പലരും പതറി അങ്ങോട്ടു മിങ്ങോട്ടും നോക്കി. അന്നമ്മേ, ഏലിക്കുട്ടി, കുഞ്ഞെവിടെ? അന്തം വിട്ടുനിന്ന നിമിഷങ്ങൾ. ക്രിസ്തുവിൻെറ സഭയിൽ അംഗമാകാൻ പോകുന്ന പുന്നാരമോൻെറ കാര്യം അപ്പോഴാണ് ആഘോഷകമ്മററി അനുസ്മരിക്കുന്നത്.

തിരക്കിനിടയിൽ തിരക്കുപിടിച്ച ആഡംബരങ്ങളുടെയും ആഘോഷങ്ങളുടെയും ഇടയിൽ കുഞ്ഞിനെകൊണ്ടുവന്ന് തൈലം പൂശുക എന്ന ഏററം പ്രഥമവും പ്രധാനവുമായ കാര്യം അവർ മറന്നിരിക്കുന്നു. മറന്നുപോയിരിക്കുന്നു.

ആരോ ഓടിയണഞ്ഞ് കുഞ്ഞിനെയും എടുത്ത് പള്ളിയിലെത്തി ചടങ്ങുകളൊക്കെ ഭംഗിയായി അവസാനിപ്പിച്ചെന്ന് അയിലത്തുകാർ പിന്നീടു പറഞ്ഞു കേട്ടു. അത്രയും നന്നായി.

www.malankaralibrary.com

ഈ കഥ നടന്ന കഥയാണ്. നടന്ന കഥ എന്നു പറയുമ്പോൾ സംഭവിച്ചകാര്യം, അതായത് സത്യം. ഒപ്പം ഒരു ദുഃഖസത്യം. ഏററം അടിസ്ഥാനപരമായ ധർമ്മങ്ങളെ മറന്നുകൊണ്ട് ആചാരങ്ങളിലും അനുഷ്ഠാനങ്ങളിലും മാത്രം ഊന്നി മുന്നോട്ടു പോകുന്നത് ശരിയോ? കുറെ ഗ്രൂപ്പുകാർ, നാട്ടുപ്രമാണിമാർ, ഫോറിൻ .... ഫോറിൻമയം ഫോറിൻ രീതികൾ അതിനെ പിന്തുടരാൻ കൊതിക്കുന്ന ഒരുപററം ജനസഞ്ചയം.

മതത്തിനും മതാനുയായികൾക്കും ഇന്ന് എന്തോ വേവലാതിയാണ്. 'ആദ്ധ്യാത്മികചൈതന്യം തകർത്തുകളയുന്ന അപ്രധാന ആഘോഷാഡംബരങ്ങളിലും ധൂർത്തിലും മാത്രം ശ്രദ്ധ ചെലുത്തി ആളുകളെ ആകർഷിക്കുക, ആകർഷിക്കാൻ വെമ്പൽ കൂട്ടുക' എന്നൊരു പുതിയ ശൈലി പൊതുവെ അംഗീകരിക്കപ്പെട്ടുപോരുന്നു. ഇത് മാററിമറിച്ചാൽ മാത്രമെ മതവും മതമൂല്യങ്ങളും ഇവിടെ വളരൂ, വേരൂന്നൂ. ജീവനുററതായിതീരൂ, ചലനാത്മകമാകൂ, ഈശ്വരചൈതന്യം പ്രസരിപ്പിക്കുന്നതാവൂ.

മതം മനുഷ്യനെ ദൈവീക പരിവേഷത്തിലേക്ക് അടുപ്പിക്കാനുള്ള ഏററം പരിപാവനമായ ഒരു മാർഗ്ഗമാണ്. അവിടെ മാനുഷിക ബലഹീനതകളും അതിനെ ഊട്ടിവളർത്തുന്ന പ്രവർത്തന ശൈലികളും ആവിഷ്ക്കരിച്ച് മതമൂല്യങ്ങളെ തേജോവധം ചെയ്യരുതെന്ന് ബുദ്ധിയും വിവേകവുമുള്ളവർ മനസ്സിലാക്കണം. പ്രധാനം ജീവിതമാണ്. മതത്തിലധിഷ്ഠിതമായ മാനുഷികജീ

www.malankaralibrary.com

വിതം. ജീവിക്കാൻ വേണ്ടിയുള്ള പരക്കംപാച്ചിൽ ജീവിതമോ ജീവിതത്തിന്റെ ഭാഗമോ അല്ല. ഏതു മാർഗ്ഗവും സ്വീകരിച്ച് പണമുണ്ടാക്കി അചഞ്ചലമായ വിശ്വാസത്തിൽനിന്നും ആളുകളെ അടർത്തിയെറിയുവാൻ ശ്രമിക്കുന്നത് ആത്മഹത്യാപരമാണ്; കൊടുംവഞ്ചനയാണ്, നീചവും നിന്ദ്യവുമാണ്. ഇതൊക്കെ മാററിമറിക്കാൻ യുവതിയുവാക്കൾ ചലനാത്മകമായിതന്നെ ആത്മവിശ്വാസത്തോടെ മുന്നോട്ടിറങ്ങണം. അപ്പോൾ നശീകരണമല്ല, പ്രവർത്തനോന്മുഖത ഇവിടെ അരങ്ങേറും. ഒപ്പം പുരോഗതിയും.

നമ്മുടെ ധൂർത്ത് നമ്മെ നാശത്തിലേക്കാണ് നയിക്കുക. സുഖഭോഗാദികൾ ഒരു പരിധിവരെ മാനുഷികതയുടെ ഭാഗമായിതീർന്നിട്ടുണ്ട്. അടിസ്ഥാനപരമായ മാനുഷീകത ധൂർത്തിലാണ് അടങ്ങിയിരിക്കുന്നത് എന്നാരും തെററിദ്ധരിക്കരുത്.

നമ്മുടെ സാമൂഹിക സേവനോപാധികൾ പണമുണ്ടാക്കാൻ ഒരു മാർഗ്ഗമായി നാം കാണരുത്. നമ്മുടെ സ്ഥാപനങ്ങൾ വെറും Money making centres' ആയി അധഃപതിച്ചിട്ടില്ലേ? കൈക്കൂലിയും കോഴയും വാങ്ങി, കച്ചവടമനോഭാവത്തോടെ വിദ്യാഭ്യാസ മേഖലകളിൽ സേവനത്തിന്റെ പേരും പറഞ്ഞിരിക്കുന്നതിൽ ഭേദം അത് നിർത്തുകയാണ്.

കുരിശും കുടയുമായി റോഡിലൂടെ പ്രകടനസദൃശ്യമായി പ്രദക്ഷിണങ്ങളും ഉൽസവങ്ങളും നടത്തിയതുകൊണ്ട് ആളുകൾ മതവിശ്വാസമുള്ളവരാകണമെന്നില്ല. മതവിശ്വാസമുള്ളവരാണെന്ന

www.malankaralibrary.com

ഭാവത്തിൽ ചില മാമൂലുകളിൽ വിശ്വസിച്ചുകൊണ്ട് നേർച്ചകാഴ്ച്ചകൾ അർപ്പിച്ചതുകൊണ്ടും ഒന്നും നേടാനില്ല. വെറും കിരാതമായ പീഡനങ്ങൾ സ്വയം ഏററുകൊണ്ട് ദേവീദേവന്മാരെ പ്രീതിപ്പെടുത്താം എന്നു വ്യാമോഹിക്കുന്നത് മൗഢ്യമാണ്. ഭോഷത്വമാണ്. ഇത്തരം പേക്കൂത്തുകളൊന്നും ഒരു ദൈവവും ആഗ്രഹിക്കുന്നില്ല.

കലാപരിപാടികളും കരിമരുന്നു പ്രയോഗവും ഒഴിവാക്കേണ്ടതാണ്. പള്ളിയുടെയും അമ്പലങ്ങളുടെയും പരിപാവനത തകർത്തുകളയുന്ന ഇത്തരം ആചാരങ്ങൾ എന്തിനു നാം കൊണ്ടുനടക്കണം. ഇന്നത്തെ സമൂഹത്തിന്റെ പൈങ്കിളി സാഹിത്യങ്ങൾ, കലാസാംസ്ക്കാരിക പ്രകടനങ്ങളെന്ന വ്യാജേന പരിപാവനമായ അങ്കണങ്ങളിൽ അവതരിപ്പിച്ചുകൊണ്ട് ആളുകളുടെ കയ്യടി വാങ്ങാൻ ശ്രമിക്കുന്നതിൽ കഴമ്പില്ല. ലൈംഗിക പേക്കൂത്തുകളും അശ്ലീലമായ സെക്സ് സിനിമകളും പ്രദർശിപ്പിച്ച് ആയിരങ്ങളെ ആഘോഷങ്ങളിലേക്ക് ആകർഷിച്ചതുകൊണ്ടും ആർക്കും ഒന്നും കിട്ടാനില്ല. നമ്മുടെ ലക്ഷ്യം സംസ്ക്കാര നശീകരണമോ? അതോ ധാർമ്മികതയിലധിഷ്ഠിതമായ സാംസ്ക്കാരികാഭിവൃദ്ധിയോ? ഉണർന്നു ചിന്തിക്കേണ്ട വസ്തുത തന്നെ.

ആഡംബരമല്ല, ആദ്ധ്യാത്മിക ചൈതന്യമാണ് ഏററം പ്രധാനമെന്ന് മതവിശ്വാസികൾ മനസ്സിലാക്കണം. പട്ടിണിയും പരിവട്ടവുമായി ആളുകൾ അങ്ങുമിങ്ങും നട്ടംതിരിയുമ്പോൾ അമിതമായ ആഘോഷാഡംബരങ്ങളിൽ മുഴുകി ശക്തി

www.malankaralibrary.com

യുക്തം മുന്നേറുന്നു എന്നു പറയുന്നതിൽ അൽപംപോലും മാനുഷികതയോ മനുഷ്യത്വമോ അടങ്ങിയിട്ടില്ല. മതം മനുഷ്യനെ നന്നാക്കാനുള്ളതാണ്. മതത്തെ മനുഷ്യൻ നന്നാക്കാൻ ശ്രമിക്കുമ്പോൾ മതത്തിൻെറ ഓജസ്സും തേജസ്സും അപ്പാടെ തകരുന്നു. നന്നാകേണ്ടത് മനുഷ്യനാണ്. മാനുഷികചെയ്തികൾ അടിസ്ഥാനപരമായ മാനുഷികമൂല്യങ്ങളെയും മതസംഹിതകളെയും മാററി മറിക്കുന്നതായിരിക്കരുത്, എല്ലാം മാററിവച്ചുകൊണ്ട് നിസ്വാർത്ഥമായ സേവനം അതായിരിക്കണം നമ്മുടെ മുദ്രാവാക്യം. കണ്ണീരിൽ കഴിയുന്നവരെ സ്നേഹചുംബനങ്ങൾ നൽകി താലോലിക്കാൻ കഴിയണം. അങ്ങനെ സ്വർഗ്ഗീയമായ പരിവേഷത്തോടെ മുന്നേറാൻ കഴിഞ്ഞാൽ നന്നായി. അപ്പോൾ എല്ലാം ശുഭമായി തീരും. **തീർച്ച.**

www.malankaralibrary.com

# മനസ്സിൻെറ നൊമ്പരം

ഒരു സിനിമയിലെ പ്രമേയം. കർക്കശനും ആദർശവാദിയുമായ ഒരദ്ധ്യാപകൻ കോളേജിൽ പുതിയതായി ക്ലാസെടുക്കാൻ വരുന്നു. ഇന്നത്തെ കാലത്ത് ആദർശവാദിയെ ആരാണ് മാനിക്കുക. കോളേജ് വിദ്യാർത്ഥികൾ ഒരെണ്ണം അദ്ധ്യാപകനെ അനുസരിച്ചില്ല. കുട്ടികളുടെ ഇംഗിതത്തിനൊത്തു തുള്ളാൻ അയാൾ തയ്യാറായില്ല. വിദ്യാർത്ഥികൾ പ്രൊഫസറുടെ നേർക്ക് ആരോപണ ശരങ്ങൾ തന്നെ എറിഞ്ഞു. അയാളെ ഭീഷണിപ്പെടുത്തി, അസഭ്യങ്ങളും കൂക്കുവിളികളും നടത്തി. ക്ലാസുകൾ അലങ്കോലപ്പെട്ടു. കോളേജിലെ യൂണിയൻ വിദ്യാർത്ഥികൾ ബാനറുകൾ എഴുതി സ്ഥാപിച്ചു. മർക്കടമുഷ്ടി അവസാനിപ്പിച്ചില്ലെങ്കിൽ പ്രൊഫസറുടെ ജീവൻ വരെ അപകടത്തിലാകും. അതുവരെ എത്തി കാര്യങ്ങൾ. ഒരു വിരുതൻ

www.malankaralibrary.com

ഒരടവുകൂടി പയററി. അയാാം കടന്നു വരുന്ന സമയം നോക്കി മൂലയിൽ പതുങ്ങിയിരുന്നു. കടന്നു വന്നപ്പോാം ഭിത്തിയിൽ തല ആഞ്ഞിടിച്ച് മുറിവുകളുണ്ടാക്കി, രക്തമൊഴുക്കി 'പ്രൊഫ സറെ കടന്നു കയറി പിടിച്ചു. 'എന്നെ കൊല്ലുന്നേ, ഓടിവായോ' എന്നു നിലവിളിക്കുകയും ചെയ്തു. എല്ലാവരും ഓടിക്കൂടി. അയാാം (പ്രൊഫസർ) ഒരക്ഷരം ഉരിയാടിയില്ല. രോമം വെട്ടപ്പെടുമ്പോഴും നിഷ്കളങ്കനായ കുഞ്ഞാടിനെപ്പോലെ നിശബ്ദത പാലിച്ചു. മനം നൊന്തു കരയാൻ മാത്രമേ അ യാാംക്ക് കഴിഞ്ഞുള്ളു. ക്ലാസ്സിൽ പോകാതെ യായി. Hospital-ൽ Admit ചെയ്തു. അദ്ദേഹം മരിച്ചില്ല. പക്ഷെ കൊല്ലാതെ കൊല്ലുകയായി രുന്നു—ആ പാവം മനുഷ്യനെ നിഷ്കരുണം നിഷ്ഠൂരമായി.

നിശ്ചലമായി, നിശ്ചേഷ്ഠനായി, നിമ ഗ്നനായി നിന്നുപോകും ആരും ഇതുപോലുള്ള നിമിഷങ്ങളിൽ.മനസ്സിൻെറ നൊമ്പരം ആരെയും തളർത്തികളയും. മററൊരുവൻെറ വികാരങ്ങളെ മുറിപ്പെടുത്തുക ഒരുവനെ ഇഞ്ചിഞ്ചായി കൊല്ലു ന്നതുപോലെയാണ്. അനുദിനജീവിതത്തിൽ നാം അറിഞ്ഞോ അറിയാതെയോ ഇതുപോലുള്ള ഭീകര പ്രവർത്തനങ്ങളിൽ ഏർപ്പെടാറുണ്ട്.

ഭർത്താവ് നിഷ്കളങ്കമായ ഭാര്യയെ തെററി ദ്ധരിക്കുന്ന അവസരങ്ങാം, മക്കാംക്ക് മാതാപിതാ ക്കളുടെ ശുദ്ധമനസ്ഥിതിയെ കാണാൻ സാധിക്കാ തെവരുന്ന സന്ദർഭങ്ങാം, അമ്മായിയമ്മ യാതൊരു കാര്യവും കൂടാതെ മരുമകളുടെ നേരെ ആക്രമ

www.malankaralibrary.com

ങ്ങളും അഴിച്ചുവിടുമ്പോൾ, മേലുദ്യോഗസ്ഥൻ കീഴുഉദ്യോഗസ്ഥൻെറ സേവനമനഃസ്ഥിതി കാണാതെ അയാളിൽ ആരോപണങ്ങൾ അഴിച്ചുവിട്ട് കിരാതമായി പെരുമാറുമ്പോൾ, നിസ്വാർത്ഥമായി സേവനം ചെയ്ത് സാമൂഹികമനോഭാവം ഉൾക്കൊള്ളുന്നവരുടെ നേർക്ക് വെറും കെട്ടുകഥകളും ദുരാരോപണങ്ങളും അഴിച്ചുവിടുമ്പോൾ, വഴിയെ വെറുതെ കടന്നുപോയ നിരപരാധിയുടെ ചുമലിൽ കൊലപാതകകുററം ചുമത്തുമ്പോൾ. എല്ലാമെല്ലാം നിരപരാധികളുടെ ചുമലിലേററി 'ഞാനൊന്നുമറിഞ്ഞില്ല ദേവനാരായണ' എന്ന ഭാവത്തിൽ തല ഉയർത്തി ചങ്കൂററത്തോടെ കപടതയുടെ മൂടുപടവുമണിഞ്ഞ് നടക്കുമ്പോൾ വേദനിക്കുന്നത് പാവം മനുഷ്യരാണെന്ന് നാം ഓർക്കണം. കുററം ചെയ്യാത്തവരെ ശിക്ഷിക്കുക.— കുററക്കാർ വീണ്ടും അരാജകത്വം സൃഷ്ടിക്കുക ഇതാണിന്ന് കണ്ടുവരുന്നത്. കട്ടവനെ കണ്ടില്ലെങ്കിൽ കണ്ടവനെ കട്ടവനാക്കുക. എന്നിട്ട് നിഷ്കരുണം മർദ്ദനമുറകൾ അഴിച്ചുവിട്ട് സമ്മതിപ്പിക്കുക. ഇതൊന്തൊരു ഭരണകൂടം. എന്തൊരു നിയമം, കോടതി, നിയമപാലകരുടെ തോന്ന്യാസങ്ങൾ ഇനിയെങ്കിലും നീതിപൂർവ്വമായി കൂടെ !

യുവാക്കൾക്ക് ഇത്തരം സാഹസപ്രവൃത്തികൾ ഇന്നൊരു ഹരമാണ്. ത്രില്ലിംഗ് അനുഭവപ്പെടുത്തുന്നവയുമാണ്. ഒപ്പം എല്ലാമൊരു ഷൈനിംഗ് എന്ന ഭാവവും. പ്രായവും പക്വതയും ചെന്ന യുവതലമുറ ചിന്തയുടെ ലോകത്തേക്ക് വേഗം കടന്നുവന്നേ മതിയാവൂ. യുവതികൾ

www.malankaralibrary.com

പരസ്യമായി ഇത്തരം സാഹസപ്രവർത്തികളിൽ ഏർപ്പെടാൻ മടിക്കുമെങ്കിലും കുശുമ്പും കുററം പറച്ചിലും അവരുടെ സ്ഥിരം ഹോബി തന്നെയാണ്. ചില ചില്ലറ സൗന്ദര്യപിണക്കങ്ങളുടെ പേരിൽ വാതോരാതെ വാനോളം മററുള്ളവരുടെ കുററങ്ങൾ എഴുന്നെള്ളിക്കാൻ ഇക്കൂട്ടർ മടിക്കില്ല. എത്ര 'ചവച്ചാലും' അവരൊട്ടു മടുക്കുകയുമില്ല. കരിയിലപ്പിട ചിലയ്ക്കുന്നതുപോലെ ചിലയ്ക്കാൻ അവർക്കൊരു രസമാണ്.

(സമൂഹത്തിൽ) ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കാൻ നാം പഠിക്കണം. അദ്ധ്യാപകരെയും (ഗുരുഭൂതന്മാരെയും) നാം വന്ദിക്കണം. കാണപ്പെട്ട ദൈവങ്ങളെപ്പോലെ അവരുടെ പാദങ്ങളിൽ തൊട്ടുതൊഴുന്നതിലും തെററില്ല. ഇവരുടെ ഒക്കെ നിഷ്കളങ്കമനസ്സുകളെ നൊമ്പരപ്പെടുത്തുന്ന പ്രവർത്തികൾ നമുക്ക് ഭൂഷണമാണോ? ഹൃദയം പൊട്ടിമരിക്കാൻവരെ ഈ നൊമ്പരപ്പെടുത്തൽ കാരണമാകും. എത്രയെത്ര സംഭവങ്ങൾ അത്തരത്തിൽപ്പെട്ടവ ഇന്നാട്ടിൽ ഉണ്ടായിരിക്കുന്നു. ഇന്നു സംഭവിക്കുന്ന ഹൃദയ സ്തംഭനവും ഹൃദയം പൊട്ടി മരിക്കലുമൊക്കെ സംഭവിക്കുന്നതിൻെറ അടിസ്ഥാന കാരണം പ്രശ്നങ്ങളും പ്രശ്നങ്ങളെ തുടർന്നുള്ള മനസ്സിൻെറ നൊമ്പരങ്ങളും മാത്രമാണ്.

തിരക്കുപിടിച്ച ജീവിതത്തിനിടയിൽ നമ്മുടെ ജീവിതചര്യകളാകുന്ന ഓലപാമ്പുകൾ പലപ്പോഴും ഒളിഞ്ഞും തെളിഞ്ഞും തത്തിക്കളിക്കുന്നു. അവ

www.malankaralibrary.com

പത്തിവിടർത്തി വികലതകളുടെ വീഭൽസമുഖങ്ങഠം വിവിധതരത്തിലും നിറത്തിലും പ്രത്യക്ഷപ്പെടുത്തിയെന്നും വരാം. ഒപ്പം അന്യനെ ആഞ്ഞു കൊത്തിയേക്കാം. കരാളസർപ്പത്തിൻെറ ധ്വംസനമേററ് പിടഞ്ഞുമരിക്കുന്ന നിരപരാധികളുടെ ദുഃഖങ്ങഠം നാം, പ്രത്യേകിച്ച് യുവതീയുവാക്കഠം കാണണം. അവരുടെ ഹൃദയകണ്ണീർ നിങ്ങഠംക്ക് ശാപമാകാതിരിക്കട്ടെ. ബോധമനസ്സുകഠം ചലനാത്മകമാക്കു, ബുദ്ധിയും ചിന്തയും ഒപ്പം വിവേകവും നമ്മെ ഭരിക്കട്ടെ. അതല്ലേ കൂടുതൽ നല്ലത് — കരണീയം — ഒപ്പം ശരിയും.

www.malankaralibrary.com

# ചോര ചിന്തിയ യുവാക്കൾ

തെന്നിന്ത്യൻ സിനിമാവേദിയിലെ സെക്സ് ബോംബുകളായ സിൽക്കുസ്മിതയും അനുരാധയും മൽസരിച്ചഭിനയിക്കുന്ന ക്രോസ്ബൽററ് മണിയുടെ 'prestige' ചിത്രം സിനിമാശാലകളിൽ അരങ്ങു തകർക്കുന്നു. പലേടത്തും ലാത്തിചാർജ്ജ്. പലരും ചോര ചിന്തിയും 'ചോരയ്ക്കു ചോര'യിൽ ലയിക്കുന്നു. യുവാക്കളുടെ ഇഷ്ട താരങ്ങളെ കൺകുളിർക്കെ കണ്ടാസ്വദിക്കാൻ അവർ തിക്കിതിരക്കി. ജനാലകളും വിരികളും തല്ലി തകർത്തു. വാതിലുകൾ ഞെരിഞ്ഞമരുന്നു. നീണ്ട മണിക്കൂറുകൾ സ്വർഗ്ഗലോകത്തിൽ വിഹരിച്ച ശേഷം എന്തെന്നില്ലാത്ത സന്തോഷത്തോടെ അവർ തിരികെ പോകുന്നു.

www.malankaralibrary.com

ഒരാൾ അപരനോട് പറയുന്നു. 'എടോ ഇത്തവണ സിനിമാ കലക്കിയിട്ടുണ്ട്. എന്താ കാരണം. സിൽക്കുസ്മിതയും അനുരാധയും അവരുടെ തനിനിറം കാട്ടിയത് ഇത്തവണയാണ്. കൊള്ളാം. തനിനിറം കൺകുളിർക്കെ കണ്ട് ആസ്വദിച്ചിറങ്ങിയ യുവകോമളന്മാർക്ക് ആയിരം അഭിനന്ദനങ്ങൾ ?

1984—ൽ 113 ചിത്രങ്ങൾ, 85—ൽ ഇതിൻെറ ഇരട്ടിയെങ്കിലും ചിത്രങ്ങൾ ഇറങ്ങുമെന്നതിൽ സംശയമില്ല. സിനിമാ എന്തിനായി ഇറക്കുന്നു! പണം പിടുങ്ങാനാണെങ്കിൽ നന്നായി! മലീമസമായ സിനിമയുടെ വഴി തെററിപോയിരിക്കുന്നു. ആളുകളുടെ ആഭിമുഖ്യം സെക്സിനോടായിരിക്കാം. ഈ സമൂഹത്തെ ഉടച്ചു വാർക്കുന്നതിൽ സിനിമയ്ക്ക് വലിയൊരു പങ്ക് നിർവ്വഹിക്കാനുണ്ട്. അതവർ സാഹസികമായി നിർവ്വഹിച്ചു കഴിഞ്ഞിരിക്കുന്നു. ഇക്കിളി നൃത്തങ്ങളും ബലാൽസംഗങ്ങളും ഇണചേരലും മററും മാത്രമാണോ സിനിമയുടെ ആത്യന്തികമായ ലക്ഷ്യം. സ്ത്രീകളുടെ നഗ്നത മാത്രം പ്രദർശിപ്പിക്കുന്നതിൽ എന്തെങ്കിലും മൂല്യം അടങ്ങിയിട്ടുണ്ടോ ?

യുവതീയുവാക്കളെ നശിപ്പിക്കാൻ മാത്രമാണ് ഇന്നത്തെ സിനിമാ മാദ്ധ്യമങ്ങൾ ഉപകരിക്കുക. റഹ്മാനം മമ്മൂട്ടിയും ഇന്ന് യുവതികൾക്ക് ഹരമായി മാറിയിരിക്കയാണ്. രോഹിണിയും നാദിയായും രേവതിയും ശോഭനേയും ഒക്കെ യുവാക്കളുടെ ഇഷ്ടകഥാപാത്രങ്ങളും സ്വപ്നലോകത്തിലെ ആരാധനാപാത്രങ്ങളുമാണ്. യുവാക്കളെ

www.malankaralibrary.com

രോമാഞ്ചകഞ്ചുകരാക്കുന്നു ഈ ആരാധനാപാത്ര ങ്ങൾ. അവരുടെ ഹെയർസ്റ്റൈലിനോട് കമ്പം. അവരെപോലെ മഞ്ഞവസ്ത്രവും ജീൻസും ധരിക്കാൻ മോഹം.

യുവാക്കളെ തങ്ങളുടെ ആകർഷണ വലയത്തിനുള്ളിലാക്കാൻ യുവതികൾ കരുക്കളൊരുക്കുമ്പോൾ യുവകോമളന്മാർ അരങ്ങു തകർത്ത് കള്ള പുഞ്ചിരിയുമായി അവരെ സമീപിച്ചുകഴിഞ്ഞു. സിനിമയിൽനിന്നും കിട്ടിയ പരിശീലനം ഇവിടെ ഇവരെ കൂടുതലായി സ്വാധീനിക്കുന്നു. സിനിമയിൽ എത്ര എളുപ്പം കാര്യങ്ങൾ സാധിക്കുന്നു. എന്നാൽ പ്രായോഗികതലത്തിൽ അത്രവേഗം കാര്യങ്ങൾ നീങ്ങുന്നില്ലാ എന്നവർ പരാതിപ്പെടുന്നു. എങ്കിലും താമസത്തിന് ക്ഷമാപണം കൊടുക്കാൻ അവർ തയ്യാറാണ്. ലൈംഗികമായ പക്വത ഇന്ന് ആർക്കും ലഭിച്ചിട്ടില്ല. യുവതീയുവാക്കൾ ബാലൻസ് തെററിയ സൈക്കിളുപോലെ ആടി ഉലയുകയാണ്. കൂട്ടിമുട്ടൽ, ഉരസൽ എപ്പോൾ വേണമെങ്കിലും സംഭവിക്കാം. പ്രായമായവർ ചിലപ്പോൾ യുവതീയുവാക്കളെക്കാൾ കഷ്ടത്തിലാവാറുണ്ട്. അനുഭവം അതാണ് കാണിക്കുന്നത്. ലൈംഗികമായ അരാജകത്വം ഇന്നു നിലനിൽക്കുന്നു. അതവസാനിപ്പിക്കണമെങ്കിൽ ലൈംഗിക വിഷയങ്ങളെപ്പററി അവർ കൂടുതൽ ബോദ്ധ്യങ്ങൾ ആർജ്ജിക്കേണ്ടിയിരിക്കുന്നു. ഇതാർജ്ജിക്കാൻ വേദികളെവിടെ? കൊടുക്കാൻ ആളുകളെവിടെ? പറയൂ, പറയൂ സുഹൃത്തുക്കളെ നമുക്കു കഴിയുമോ ?

യുവതീയുവാക്കൾ സെക്സിനോട് ക്രിയാത്മക മനോഭാവം പുലർത്തണം. ഇത് വെറും

www.malankaralibrary.com

തമാശയോ പിള്ളേരുകളിയോ മാത്രമല്ല. തങ്ങളുടെ ജീവിതത്തിന്റെ തന്നെ വിലപ്പെട്ട താളലയങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. താളം പിഴച്ചാൽ എല്ലാം പിഴയ്ക്കും. അപകടം വലുതായിരിക്കും. വെറും മാംസദാഹമോ കാമദാഹമോ ശമിപ്പിക്കാനുള്ള ഒരു മാർഗ്ഗമോ മാധ്യമമോ അല്ല സെക്സ് സമീപന രീതികൾ. സ്ത്രീയും പുരുഷനും തമ്മിൽ ഒന്നു ചേരുന്നത് പ്രകൃതിയുടെ തന്നെ നിലനിൽപിന് ആവശ്യമാണ്. അവർ 'സ്നേഹ'ത്തിൽ ഒന്നു ചേർന്ന് ആലിംഗന ചുംബനങ്ങൾ അർപ്പിച്ചാൽ പരാജയം സംഭവിക്കില്ല. കോളേജിൽ തുടങ്ങി ഇതിനുള്ള സംവിധാനമുണ്ടാകണം.

അവർക്ക് പ്രേമമാണ്. അവർ ഇണ കുയിലുകളാണ്. എന്നൊക്കെ പറഞ്ഞുപരത്തി നാടുമുടിപ്പിക്കാൻ മാത്രം പഠിച്ചാൽ പോരാ. പരസ്പരം മനസ്സിലാക്കാനും ജീവിത പ്രശ്നങ്ങളുടെ ആഴങ്ങളിലേക്ക് ഇറങ്ങി ചെല്ലാനും സ്ത്രീപുരുഷന്മാർക്ക് കഴിയണം. സ്നേഹത്തിന്റെ ആത്മാർത്ഥതയുടെ, വിശ്വസ്തയുടെ ആഴവും നീളവും വീതിയും അവർ ഗ്രഹിക്കണം. അഴിഞ്ഞാട്ടങ്ങളുടെ കാമ്പസ്സുകളായ കലാലയത്തെ ശാന്തിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും ആത്യന്തികതലത്തിലേക്ക് ഉയർത്താൻ ഇപ്പറഞ്ഞ സമീപനരീതിയെ ഉപകരിക്കൂ. അങ്ങനെ പുതിയൊരു നക്ഷത്രം ഇവിടെ ഉദിക്കട്ടെ. യുവജനസ്വരം ഉയരട്ടെ. സുഖവും, അനുഭൂതിയും മാത്രമല്ല ജീവിതം, ദുഃഖങ്ങളും ദുരിതങ്ങളും കണ്ടും കേട്ടും അനുഭവിച്ചും നാം മുന്നേറണം. നാം എന്തിന് ജഡീകമായതിനുവേണ്ടി രക്തമൊഴുക്കണം. ശാശ്വതമായതിനുവേണ്ടി രക്തസാക്ഷികളാകൂ.

www.malankaralibrary.com

# തിരക്കിനിടയിൽ തിരക്കുപിടിച്ച്

ഓണാഘോഷങ്ങളുടെ സമയം. പലരും കൊണ്ടുപിടിച്ച് തിരക്കിൽ ഓടുകയാണ്. ചിലർ പൈസ ഉണ്ടാക്കി എങ്ങനെയും ഓണം ഘോഷിക്കാനുള്ള തത്രപ്പാടിൽ. മററുചിലർ ജോലിയൊക്കെ കഴിഞ്ഞ് വീട്ടിലെത്താനുള്ള ധൃതിയിൽ. ഒരു കൂട്ടർ പച്ചക്കറിയും പപ്പടവും എല്ലാം വാങ്ങി ധ്ധടിതിയിൽ പായുന്നു. അതിനിടയിലുടെ ഒരാറം വളരെ തിടുക്കത്തിൽ വലിയൊരു ബാഗും. മററും തൂക്കിഓടുന്നു. ഞാൻ തിരക്കി 'സുഹൃത്ത് എങ്ങോട്ടാണ്.' ഉത്തരം റെഡിമെയിഡായിരുന്നു ഇതാ, ഇവിടെവരെ. ഇവിടെവരെ എന്നു പറഞ്ഞാൽ, ഞാൻ തുടർന്നു. അല്ലാ, വീട്ടിലിരുന്നിട്ട് ഒരു രസവും തോന്നിയില്ല. ഒന്നു ചുററികറങ്ങാമെന്നു കരുതി. പേരെങ്കിൽ നല്ല പടങ്ങളൊക്കെ ഇറങ്ങിയിട്ടുണ്ടല്ലോ ! .... അയാറം തുടർന്നു.

www.malankaralibrary.com

സുഹൃത്തുമായി കൂടുതൽ സംസാരിച്ചപ്പോൾ പലതും മനസ്സിലാക്കാൻ കഴിഞ്ഞു. വീട്ടിൽ അത്ര രസമല്ല. അപ്പനും അമ്മയുമായി ചേരില്ല. അവിടിരുന്നാൽ എന്തെങ്കിലും പണിയെടുക്കേണ്ടി വരും. നാട്ടിലൂടെ നടക്കാൻ മേല. താൻ ചെയ്ത തെന്ന്യാസങ്ങൾക്ക് തിരിച്ചടി നൽകാൻ പലരും കരുതിക്കൂട്ടിയിരിക്കുകയാണ്. ആകെ ജീവിതത്തിന് ഒരു രസവും തോന്നിയില്ല. സ്വകാര്യ ദുഃഖങ്ങൾ തുറന്നു പറയുവാൻ ആരേയും കണ്ടില്ല. അൽപം ശുദ്ധവായു ശ്വസിക്കാൻ ഇറങ്ങിതിരിച്ചിരിക്കയാണ്. അൽപം ആശ്വാസത്തിനായി, ഹൃദയസമാധാനത്തിനായി സാഹചര്യത്തിൻെറ സന്തതിയായി പോയി.

തിരക്കുപിടിച്ച ഈ ചെറുപ്പക്കാരനെപോലെയാണ് ഈ യുഗത്തിലെ പല ചെറുപ്പക്കാരും. അവർക്ക് വീട്ടിൽ സ്വസ്ഥതയില്ല. നാട്ടിൽ സ്വൈരമായി കിടന്നുറങ്ങാനും പററില്ല. അല്ലലും അലച്ചിലും ഇഷ്ടപ്പെടാത്തവർ, സുഖിക്കണം രസിക്കണം എന്ന ചിന്തയിൽ 'Relaxation' എന്നു പറഞ്ഞുകൊണ്ടിറങ്ങി നടക്കുന്ന കുറെ ലക്ഷ്യരഹിതർ, താന്തോന്നികൾ.

മനുഷ്യജീവിതത്തിന് ലക്ഷ്യമുണ്ടോ? ലക്ഷ്യമില്ല. എന്തെങ്കിലും നേട്ടം കൊയ്യണമെന്ന് ആഗ്രഹമുണ്ടോ? അതുമില്ല. എന്താണിതിനൊക്കെ കാരണം. അവൻ വളർന്നുവന്ന സാഹചര്യവും അവനുമായി ഏററുമുട്ടിയ വ്യക്തികളും സ്വാധീനിച്ചതിൻെറ പരിണിതഫലം. ഒററവാക്കിൽ ഉത്തരം പറഞ്ഞാൽ സമൂഹം സൃഷ്ടിക്കുകയും

www.malankaralibrary.com

രൂപാന്തരപ്പെടുകയും ചെയ്യുന്ന കുറെ മനുഷ്യ കോലങ്ങൾ. വഴിതെററിയ വികാരം, ആത്മാർത്ഥതയുടെ അഭാവം. വികൃതമായ വീഭൽസ മുഖം, കാപട്യത്തിൽ ഊന്നിയ സ്നേഹം, ഇതൊക്കെയാണ് ഈ മനുഷ്യകോലങ്ങളുടെ സ്വഭാവ സവിശേഷതകൾ.

അടുത്ത കാലത്ത് ഒരു പതിനഞ്ചുകാരനെ കണ്ടുമുട്ടി. അവൻ വീടുവിട്ടിറങ്ങിയിരിക്കയാണ്. രാത്രിയിൽ ആരുമറിയാതെ വീടിന്റെ തിണ്ണയിൽ പോയി ചുരുണ്ടുകൂടി കിടക്കും. നേരം വെളുക്കുന്നതറിയാതെ എഴുന്നേററു പോകുകയും ചെയ്യും. അവൻ ദേശാന്തരഗമനം നടത്തുകയാണ്. ഒരിടത്തുനിന്നും മറെറാരിടത്തേക്ക്. ഒരു സിനിമാ ശാലയിൽനിന്നും മറെറാരു സിനിമാശാലയിലേക്ക്. വീട്ടിൽനിന്നും, അപ്പച്ചന്റെ മേശയിൽ നിന്നുമെടുത്ത രൂപയൊക്കെ തീർന്നു. അടുത്ത മാർഗ്ഗം ആലോചിച്ചപ്പോൾ വേഗം ഒരു 'ഐഡിയാ' മനസ്സിൽ കയറി. കയ്യിൽ കെട്ടിയിരിക്കുന്ന ഒന്നാന്തരം 'swiss' വാച്ച് വിൽക്കുകതന്നെ. അവൻ അത് വിററു കാശാക്കി. അതുമായി അലഞ്ഞു തിരിയുമ്പോൾ കുറെ മദ്യപാനികൾ ആടിപാടി വരുന്നതുകണ്ടു, അവരുടെ മുഖത്തെ സന്തോഷം അവനിൽ എന്തെന്നില്ലാത്ത വികാരങ്ങൾ ഉണർത്തി. അവന്റെ മനസ്സിൽ അടുത്ത പരിപാടി രൂപം കൊണ്ടുകഴിഞ്ഞു. മദ്യപാനം. അതേ, മദ്യശാലയിൽ അവൻ പോയിതുടങ്ങി. കുടിച്ചു, മതിവരുവോളം വാങ്ങികഴിച്ചു. അവരെപോലെ ത്രിശങ്കുസ്വർഗ്ഗത്തിൽ നൃത്തം വച്ചു. കയ്യിലുള്ള പൈസ

www.malankaralibrary.com

മുഴുവൻ സിനിമാശാലകളിലും മദ്യവിൽപനശാലകളിലുമായി തീർന്നുകഴിഞ്ഞു. അടുത്ത പരിപാടി അവൻ ആലോചിച്ചു. കോളേജ് ഹോസ്റ്റലിൽ കയറിയാലോ? ഒരു നല്ലനേരത്തിനായി അവൻ കാത്തിരുന്നു. ഉച്ചസമയം. കോളേജ് വിടുവാൻ ഇനിയും അരമണിക്കൂർ. അവൻ പാത്തും പതുങ്ങിയും അകത്തുകടന്നു. ഒരു കള്ളൻെറ സർവ്വ ലക്ഷണങ്ങളും അവൻെറ മുഖത്തുണ്ടായിരുന്നു. ആരോ അവനെ പിന്തുടരുന്നുണ്ടായിരുന്നു. പക്ഷേ ഒന്നും അറിയാത്തവനെപോലെ ഭാവിച്ചു. വളരെ കാര്യമായി കവർച്ച നടത്തി തിരികെ കവാടത്തിലേക്ക് വന്നപ്പോഠം അവിടെവച്ചു പിടികൂടി, പോലീസിലേൽപിച്ചു. ഇടികൊണ്ടു തൊഴിയും. വീട്ടിൽ പോലീസുകാർ വിവരമറിയിച്ചു. പക്ഷേ യാതൊരു മറുപടിയും ലഭിച്ചില്ല. കാരണം അവരുടെ മകനല്ലാതായിരിക്കുന്നു നമ്മുടെ കഥാപാത്രം.

ഇടിയുടെ ക്ഷീണവും സഹിക്കവെയ്യാതെ അവൻ അവിടം വിട്ടിറങ്ങി. വഴിയെ പോയ ഏതോ പെൺകുട്ടിയെ കയറിപ്പിടിച്ചു. അവഠം വാവിട്ടുനിലവിളിച്ചു. നാട്ടുകാർ ഓടിക്കൂടി. മടലും പത്തലും ഒക്കെകൊണ്ടു പെരുമാറി. ഇപ്പോഠം ആശാൻ ഹോസ്പിററലിലാണ്.

ഇങ്ങനെ എത്ര ഉദാഹരണങ്ങഠം വേണമെങ്കിലും ചൂണ്ടികാണിക്കാം. ഉദാഹരണങ്ങഠം എഴുതിയതുകൊണ്ടു പ്രയോജനമുണ്ടാകില്ലല്ലോ. നാം കാര്യഗൗരവത്തോടെ പ്രായോഗികതയുടെ വക്താക്ക

www.malankaralibrary.com

ളായി മാറിയാലല്ലേ പ്രശ്നങ്ങൾക്കൊക്കെ പരിഹാരമുണ്ടാകൂ. ഇതുപോലെ ഓടിയാൽ മതിയെങ്കിൽ മതി. പക്ഷേ മാററം ആഗ്രഹിക്കുന്നെങ്കിൽ ഒന്നു നിൽക്കണം. നിന്ന് ബോധപൂർവ്വം ചിന്തിക്കണം. ചിന്തയിൽനിന്നും ഉരിതിരിയുന്ന ആശയം ലോകത്തിന്റെ മുമ്പിൽ വിപ്ലവജ്വാലപോലെ കത്തിപ്പടരണം. അപ്പോൾ മാററത്തിന്റെ ശംഖുനാദം ഇവിടെ മുഴങ്ങും. നാം ആരും തിരക്കുകൂട്ടരുതെ. തിരക്കിനിടയിൽ തിരക്കുപിടിച്ച് കാര്യങ്ങൾ ഓടിച്ചാൽ ഒന്നും ശരിയാകില്ല. ഒന്നു പരീക്ഷിക്കുക. തിരക്കുകുറച്ച്, നിന്ന്, കേട്ട്, ശ്രദ്ധിച്ച്, വിലയിരുത്തി തീരുമാനമെടുക്കൂ, വിജയം തീർച്ച.

www.malankaralibrary.com

# ജീവിതം സിനിമയോ?

ഒരു മലയാള സിനിമയിലെ ലൗസീൻ. കുറെ പേർ ബസ്സിൽ യാത്ര ചെയ്യുന്നു. പെട്ടെന്ന് വണ്ടി സഡൺബ്രേക്കിടുന്നു. ഒരു കോളേജുകുമാരൻ അറിയാതെ മുൻസീററിലിരുന്ന പെൺകുട്ടിയുടെ മടിത്തട്ടിൽ ചെന്നുവീഴുന്നു. അയാൾ പതുക്കെ എഴുന്നേൽക്കുന്നു. പരസ്പരം നോക്കുന്നു. കണ്ണു പറിക്കാതെതന്നെ സൂക്ഷിച്ചുനോക്കുന്നു. എന്തോ പുതിയ ചക്രവാളങ്ങൾ അവിടെ രൂപപ്പെടുന്നു. അവർ അറിഞ്ഞോ അറിയാതെയോ കൈകൾ കൂട്ടിപ്പിണച്ചു പ്രേമവും ആരംഭിച്ചു കഴിഞ്ഞു. ഒരായിരം സ്വപ്നങ്ങൾ അവരുടെ മനസ്സിൽ താളംതല്ലി, ഓളംവെട്ടി. അടുത്ത സ്റ്റോപ്പിൽ ചാടിയിറങ്ങി, രണ്ടുപേരും കൂടി തോളിൽ കൈകോർത്ത് മൈതാനങ്ങളിലൂടെ മലമടക്കുകളിലേക്ക് ഓടിയണഞ്ഞു. അവിടെ സ്വസ്ഥ

www.malankaralibrary.com

മായി, സൈ്വര്യമായി ഇരുന്നു. ഒത്തിരി കാര്യ ങ്ങഠം പറഞ്ഞുതീർക്കാനുണ്ടായിരുന്നു. പറഞ്ഞിട്ടും പറഞ്ഞിട്ടും തീരാത്തത്ര കാര്യങ്ങഠം. ലൈംഗികാ നുഭൂതികഠം അവിടെ മുളപൊട്ടി ഒഴുകി. രാത്രി യാകുവോളം പ്രകൃതിയെമാത്രം സാക്ഷിനിറുത്തി കൊണ്ട് അവർ അവിടെ കഴിച്ചുകൂട്ടി. പുതിയ ബന്ധം അവർ സ്ഥാപിച്ചുകഴിഞ്ഞു. പിന്നെ രണ്ടുപേരുംകൂടി വീട്ടിലേക്ക് പോകുന്നു.

ഇനി അൽപം കാര്യം പറയാം. കോളേജ് വിട്ട സമയം വണ്ടിയിൽ നല്ല തിരക്ക്. കുമാരീകുമാ രന്മാർ തട്ടിമുട്ടി വണ്ടിയിൽ കയറുന്നു. അവി ടെയും ചെറിയൊരു ബ്രേക്ക് വേണ്ടിവന്നു. കൈപിടിക്കാതെ ആരുടെയോ പുറത്തു ചാരി നിന്നു പതിനെട്ടുകാരൻ 'അറിയാതെ' ഒരു പെൺ കുട്ടിയെ ചാടിപിടിച്ചു. അവഠം തിരക്കിനിട യിൽ കരണകുററി ചേർത്ത് ഒരെണ്ണം കൊടുത്തു. തിരക്കായതുകൊണ്ട് ആരും തന്നെ കണ്ടില്ലെന്നു തോന്നുന്നു. പിന്നീടയാഠം ശരിക്കു കമ്പിയിൽ പിടിച്ചുതന്നെനിന്നു. വീട്ടിലേക്ക് പോയപ്പോഠം ഓർമ്മകഠം മനസ്സിൽ നൃത്തം വയ്ക്കാൻ തുടങ്ങി. ഒരു സ്വപ്നസാമ്രാജ്യത്തിലെ ചക്ര വർത്തിയായി അവൻ വാഴുകയാണ്. 'എന്റെ സ്വപ്നങ്ങഠം പൂവണിയുമോ'? അറിയില്ല. കഴി ഞ്ഞദിവസത്തെ സിനിമായിൽ കണ്ടതുപോലെ എല്ലാം സംഭവിച്ചാൽ മതിയായിരുന്നു. അവന്റെ മനസ്സു മന്ത്രിച്ചു. പക്ഷേ മാസങ്ങളും വർഷ ങ്ങളും കാത്തിരുന്നു. അനുഭവം നിരാശമാത്രം.

www.malankaralibrary.com

ഇന്നത്തെ സിനിമാത്തരംഗം യുവതീയുവാക്കളെ ഹരം പിടിപ്പിക്കുകയാണ്. പുളകം കൊള്ളിക്കുന്നു. ആനന്ദാനുഭൂതികളിൽ അറിയാതെ അമർന്നടങ്ങുകയാണ്. അതിൻെറ താളലയങ്ങളിൽ ജീവിതം രസാത്മകമായി തോന്നുകയാണ്.

കച്ചവട സിനിമയിലെ പേക്കൂത്തുകൾ, ലൈംഗീകവൈകൃതങ്ങൾ, ആഭാസതരങ്ങൾ, ബലാൽസംഗം, ഇക്കിളിനൃത്തങ്ങൾ എല്ലാം യുവമനസ്സുകളെ വളരെയധികം സ്വാധീനിക്കുന്നു. സിനിമയിലേതുപോലെ തന്നെ തങ്ങളുടെ 'ജീവിതവും പോസിററീവ് ആകണമേ' എന്നാണവരുടെ പ്രാർത്ഥന. പോസിററീവ് ആയി ചിലതൊക്കെ തുടക്കം കുറിച്ചുകഴിഞ്ഞാൽ പിന്നെ റൊമാൻസ് തന്നെ. ഈ റൊമാൻസ് അവസാനം വളരെ ശോചനീയമായി തന്നെ അവസാനിക്കുന്നു. തല്ലി പിരിയുന്നു. മടലെടുക്കലും കുടലെടുക്കലും ഒക്കെ ഇതിൻെറ പേരിൽ ഉണ്ടാകുന്നു. ആരോ ഒരാൾ തമാശ പറയുന്നതു കേട്ടു ''ഗുലുമാലിന് ഒന്നും പോകരുത്. ആദ്യം പ്രേമം ഉടലെടുക്കും, പിന്നെ ഉടലടുക്കും, തുടർന്ന് കാരണവന്മാരും നാട്ടുകാരും മടലെടുക്കും, ഒടുവിൽ അത് കുടലെടുക്കയിൽ കലാശിക്കും'' ഇത് ഫലിതമാണെങ്കിലും യാഥാർത്ഥ്യവും അങ്ങനെയൊക്കെ തന്നെയാണ്.

ഒരു കുഞ്ഞിൻെറ അമ്മയായപ്പോഴാണ് അവൾ തൻെറ ജീവിതത്തെ കുറിച്ച് ഓർത്തത്. തൻെറ ഇഷ്ടകാമുകിയേയും കുഞ്ഞിനെയും വളർത്താൻ തന്നെകൊണ്ടു സാദ്ധ്യമല്ലല്ലോ എന്നു ചിന്തിച്ച

www.malankaralibrary.com

പ്പോഴാണ് അവൻ കഴിഞ്ഞകാല അനുഭവങ്ങളുടെ ചഞ്ചലത മനസ്സിലാക്കിയത്. അപ്പോഠം പിന്നെ ഒരു വഴിയേ കാണുന്നുള്ളു. വഴിയാധാരമാക്കുക. താൻ സ്നേഹിച്ച പെണ്ണിനെ വഴിയാധാരമാക്കുക, അതുതന്നെ. കുഞ്ഞിനെയും തള്ളയേയും പെരുവഴിയിൽ ചതിച്ചു തള്ളിയിട്ട്, അല്ല വലിച്ചെറിഞ്ഞിട്ട് അവൻ പമ്പകടക്കുന്നു.

നിരപരാധിയായ ഒരു ചോരകുഞ്ഞും തള്ളയും ഉത്തരവാദികഠം ആരുമില്ലാതെ അലയുന്നു! 'അവൻ സ്നേഹിച്ചത് എന്നെയായിരുന്നില്ല. എൻെറ ഹൃദയത്തെയും മനസ്സിനെയുമായിരുന്നില്ല. പ്രത്യുത ശരീരത്തെയായിരുന്നു' എന്നവഠം മനസ്സിലാക്കുന്നു. ബലഹീനത എന്നെ ആ വഴിക്ക് തിരിച്ചല്ലോ. ഞാനൊരു മണ്ടി. ഇനിയിപ്പോഠം എല്ലാം സഹിക്കുകതന്നെ. കണ്ണീരും കയ്യുമായി ദിവസങ്ങഠം തള്ളിനീക്കുന്നു. ചിലർ ആത്മഹത്യ ചെയ്ത് ജീവിതം ഒടുക്കുന്നു.

ഇനി മറെറാരു വശം. അടുത്ത നാളിൽ ഒരു വീട്ടിലെ സംസാരം ശ്രദ്ധിക്കാനിടയായി. ''ഒരു പെണ്ണിൻെറ കൂടെ ഉലാത്തി നടന്നതിനു ശേഷം ഒരുത്തൻ തിരിച്ചുവന്നിരിക്കുന്നു ........ സ്വന്തം അമ്മയെ അന്നവന് വേണ്ടായിരുന്നു. അവനെ വളർത്തി വലിയവനാക്കിയ അപ്പൻെറ കാര്യം സൗകര്യപൂർവ്വം വിസ്മരിച്ചു.... സ്വന്തം പെങ്ങളുടെ ഭാവിയെക്കാഠം വലുത്. അവന് അവൻെറ ജീവിത സുഖമായിരുന്നു.... ഇപ്പോഠം തിരിച്ചുവന്നിരിക്കുന്നു....ആർക്കുവേണ്ടി .... എല്ലാം ദൈവഹിതംപോലെ നടക്കട്ടെ.'' അവരുടെ സങ്കടം !

www.malankaralibrary.com

ധൂർത്ത പുത്രനെപോലെ എല്ലാം നശിപ്പിച്ച തിനുശേഷം തിരിച്ചെത്തിയ ഒരു ധൂർത്തപുത്രൻ! വഴിയിൽ കണ്ട ഒരു പെണ്ണിൻെറ കൂടെ ആടിപാടി നടന്ന ഒരു യുവകോമളൻ! വീട്ടിൽ രോഗബാധി തനായി കിടന്നിരുന്ന അപ്പച്ചൻെറ കാര്യം അവൻ ബോധപൂർവ്വം വിസ്മരിച്ചു. അവൻെറ സുഖമാ യിരുന്ന അവന് വലുത്. കാതുകൾക്ക് കേൾവി നഷ്ടപ്പെട്ട് കണ്ണു കാണാൻപോലും കഴിയാതി രുന്ന തൻെറ പ്രിയപ്പെട്ട അമ്മയുടെ കാര്യവും അവൻ മറന്നു. വിവാഹപ്രായം കഴിഞ്ഞുനിന്ന തൻെറ പെങ്ങളുടെ വീർപ്പുമുട്ടലുകൾ അവൻ മനസ്സിലാക്കിയില്ല.

കഞ്ഞിവയ്ക്കണമെങ്കിൽ വല്ലിടത്തും പോയി കൂലിപണി എടുക്കണം. സ്വന്തം കുടുംബത്ത മുഴുവൻ നരകത്തിലേക്ക് തള്ളിയിട്ടതിനുശേഷം തിരികെ വന്നിരിക്കുന്നു. താൻ സ്നേഹിച്ച പെൺകുട്ടിക്ക് കൊടുക്കാനുള്ളതെല്ലാം അവൻ കൊടുത്തുകഴിഞ്ഞു. ഇനി അവളെ ഉപേക്ഷിച്ച തിൽ എന്താ തെററ് എന്ന ഭാവത്തിൽ തിരിച്ചെ ത്തിയിരിക്കുന്നു. അവിടെയും ഇവിടെയും കണ്ണീ രുമാത്രം മെനഞ്ഞതിനുശേഷം പുതിയ ചക്രവാ ളങ്ങൾക്കായി ഇറങ്ങിതിരിച്ചിരിക്കുന്ന ഒരു 'യുവ സാഹിത്യകാരൻ.' 'ആധുനിക സാഹിത്യകാരൻ'. ഇതാണോ നിൻെറ 'സാഹിത്യം'? കാലഘട്ടത്തിൻെറ വികാരമറിഞ്ഞു പ്രവർത്തിക്കുന്ന ഒരു 'സാഹി ത്യോപാസകൻ'. ഈ നൂററാണ്ടിലെ സാഹിത്യകാ രന്മാരും ഇതിൽ നിന്നൊന്നും വിഭിന്നമല്ല.

www.malankaralibrary.com

ജീവിതം വെറു സിനിമയല്ല. അത് യാഥാർ ത്ഥ്യമല്ലേ. യുവതീയുവാക്കരം തങ്ങളുടെ പ്രായത്തിൻെറ താളപ്പിഴകളിൽ കിടന്നു നൃത്തം വയ്ക്കുമ്പോഴും ഈ യാഥാർത്ഥ്യങ്ങളൊക്കെ കാണണം. യാഥാർത്ഥ്യത്തിൻെറ ഉത്തരവാദിത്വങ്ങരം ഏറെറടുക്കണം. ഉള്ള ബന്ധങ്ങരം മറന്ന് മറെറാരു ബന്ധം നാം സൃഷ്ടിക്കാൻ തിടുക്കം കൂട്ടരുത്. ബന്ധം സ്ഥാപിക്കലല്ല, ബന്ധങ്ങളുടെ നിലനിൽപാണ് ഇവിടെ ആവശ്യം. സ്വന്തം കുടുംബത്തോടും സഹോദരീസഹോദരങ്ങളോടും ഉള്ള കടപ്പാട് ഏററവും വലിയ കാര്യമായി നാം എടുക്കണം. നാം മരീചികയുടെ പിന്നാലെ ഓടരുത്. ആ തിടുക്കം കൂട്ടലും പരക്കം പാച്ചിലും അപകടം സൃഷ്ടിക്കും. ശൂന്യതയുടെ സൗന്ദര്യമല്ല, ശാശ്വതമായതിലുള്ള സൗരഭ്യമാണ് നമുക്കാവശ്യം. അത് നമ്മെ തഴുകി തലോടണം. അവിടെയാണ് പുതിയ ചക്രവാളങ്ങരം നാം കണ്ടെത്തുക. സാക്ഷാൽ ജീവിതം നുകരുക.

www.malankaralibrary.com

# ചുറ്റും കഴുകന്മാർ

ചുടലകാട്ടിലേക്ക് വലിച്ചെറിയപ്പെടുന്ന ശവം കൊത്തി വലിക്കാനായി കാത്തിരിക്കുന്ന. കഴുകന്മാർ. ശവം കിട്ടിയാലുടനെ അതിന്റെ മാംസളഭാഗങ്ങൾ കൊത്തിവലിക്കാനായി കടിപിടി കൂടുന്നു, അങ്ങനെ വിശപ്പടക്കുന്ന കഴുകപ്രമാണിമർ.

ഇതാ മറ്റൊരു പ്രതിഭാസം! മനുഷ്യശരീരം, അതും ജീവനുള്ള മനുഷ്യന്റെ ശരീരത്തെ കൊത്തിവലിച്ചു കീറാൻ വെമ്പൽ കൂട്ടുന്ന ഒരുതരം പ്രത്യേക ജീവികൾ! മനുഷ്യകഴുകന്മാർ! മനുഷ്യന്റെ ജീവനുള്ള ശരീരത്തെ തീർത്തും മൃഗീയമായി, കിരാതമായി വലിച്ചിഴയ്ക്കുന്ന ഇത്തരം 'കഴുകന്മാർ' ഇന്നിനൊരു തീരാശാപമാണ്.

www.malankaralibrary.com

ദൈവം, ഈശ്വരൻ എന്നൊക്കെ നാം പറയുന്നത് വലിയൊരു യാഥാർത്ഥ്യത്തെയാണ്. ഉള്ളതിനെ ആർക്കെങ്കിലും ഇല്ലാതാക്കാൻ കഴിയുമോ! കണ്ണടച്ചുകൊണ്ട് ഇരുട്ടാണെന്ന് വിളിച്ചുകൂവിയാൽ ഇരുട്ടാകുമോ? ദൈവമെന്ന യാഥാർത്ഥ്യം ഉണ്ടെന്നറിയാം. എങ്കിലും ഇല്ലെന്നു വീമ്പിളക്കുന്ന കഴുകന്മാരാണിവർ. മതത്തെയും മതമൂല്യങ്ങളെയും അറപ്പോടും വെറുപ്പോടും കൂടി ഇവർ കൈകാര്യം ചെയ്യുന്നു. മതവിശ്വാസികളെ താറടിക്കാൻ ശ്രമിക്കുന്നു. മതശ്രേഷ്ഠന്മാരെ, ഈശ്വരോപാസകരെ വങ്കത്തരങ്ങളെഴുന്നൊള്ളിച്ച് **മലർത്തിയടിക്കാൻ** ശ്രമിക്കുന്നു.

(സ്വന്തം) ആത്മാഭിമാനത്തിൽ കടിച്ചുതൂങ്ങി നിന്നുകൊണ്ട് എന്തും ചെയ്യാൻ മടിക്കില്ല ഇക്കൂട്ടർ. നിരീശ്വര പ്രസ്ഥാനങ്ങളുമായി മാത്രം സഹകരിക്കുകയും, തീവ്രമായി, തീഷ്ണമായി അതിനുവേണ്ടി സമയം രാപകൽ ചിലവിടുകയും ചെയ്യുന്നു. ചോര ചിന്തിയും തങ്ങളുടെ ആദർശങ്ങളിൽ അവർ ഉറച്ചുനിൽക്കും. അന്യന്റെ സിരകളിൽ ഈ വിഷബീജങ്ങൾ കുത്തിവയ്ക്കാൻ അവർക്ക് ധൃതിയാണ്; വെമ്പൽ കൊള്ളുകയാണ്. ഉറച്ച ചിന്തയോടെ ആരെയും തങ്ങളുടെ കരവലയത്തിലൊതുക്കും; ഒതുക്കിയേ അടങ്ങൂ എന്ന ഭാവത്തിൽ അങ്ങോട്ടുമിങ്ങോട്ടും ഉഴലുന്നവർ ഭക്ഷണം വേണ്ടപോലും! വിശ്രമം ആവശ്യമില്ല. ജീവിതവും, ജീവനും അവർക്കൊരു പ്രശ്നമേയല്ല.

www.malankaralibrary.com

വിപ്ലവം സൃഷ്ടിക്കുക, തോക്കിൻ കുഴലിലൂടെ എങ്കിൽ അങ്ങനെ. രക്തം ചിന്തണമെങ്കിൽ അതുമാകാം. അനുയായികളെ മധുരമൊഴികൾ നടത്തി ആകർഷിക്കുക, ആകർഷിക്കാൻ പോരുന്ന തന്ത്രങ്ങൾ ആസൂത്രണം ചെയ്യുക, മധുരമൊഴികളും ന്യായീകരണങ്ങളും വാതോരാതെ നടത്തുന്നതിൽ മടിയുമില്ല. എന്തു നശീകരണ പ്രവർത്തനങ്ങളും നടത്തുക. ഇതെല്ലാമാണ് ഈ വിപ്ലവകാരികളുടെ ജീവിതത്തിന്റെ ലക്ഷ്യവും ഉദ്ദേശ്യവും. അവരുടെ ജീവിതത്തിന്റെ മുഖമുദ്രകൾ തേടി ഓടിയലയുകയും വേണ്ട. ഇത്രമാത്രമേ ഉള്ളൂ.

സമൂഹത്തെ ഒന്നാകെ ഈ വിഷബീജത്താൽ ത്രസിപ്പിച്ച് പ്രകമ്പനം സൃഷ്ടിക്കാൻ തക്കം പാർത്തിരിക്കുകയാണ് ഈ കാപാലികന്മാർ. ആരെയും റാഞ്ചിയെടുക്കാൻ കരുവിരുത് നേടി കഴിഞ്ഞു. ജീവിതത്തിന്റെ വിലപ്പെട്ട നാഴികകൾ മുഴുവൻ ഇതിനായി വിനിയോഗിച്ച് കഴിഞ്ഞാൽ 'Specialisation' കൂടുതൽ ആവശ്യമില്ലല്ലോ. പ്രഭാതം മുതൽ പ്രദോഷം വരെ കൂടെ നടക്കുക. വൈകുന്നേരം റാഞ്ചിയെടുത്തുകൊണ്ട് തങ്ങളുടെ മേഖലകളിൽ ചെന്ന് രക്തം ഈമ്പികുടിക്കുക, രസിക്കുക, ആനന്ദനൃത്തം ചവിട്ടുക, അട്ടഹസിക്കുക, കൊള്ളാം. എല്ലാം നന്നായിട്ടുണ്ട്.

www.malankaralibrary.com

ഈ അടുത്തകാലത്ത് ഒരു മതവിശ്വാസി തനിക്കുണ്ടായ അനുഭവം വിവരിക്കുന്നു. സ്വസ്ഥമായി, സൈ്വരമായി പഠനത്തിൽ മുഴുകി, പ്രാർത്ഥനാനിരതനായി കഴിയുകയായിരുന്നു അയാരം. സുഹൃത്തുക്കരം വർദ്ധിച്ചുവന്നു. ആരോടും സ്വതന്ത്രമായി സ്വച്ഛന്ദം സംസാരിക്കാൻ കഴിയുമായിരുന്നു, ഏതോ ഒരു ലോഡ്ജിൽ താമസിക്കാൻ വിധിക്കപ്പെട്ടുപോയി. സൗകര്യവും സാഹചര്യവും അവിടെ താമസിക്കാൻ നിർബന്ധിച്ചു. ദിനങ്ങരം സന്തോഷ നിർഭരമായി തള്ളി നീക്കികൊണ്ടിരുന്നു. സുഹൃത്തുക്കരം തങ്ങളുടെ തനിനിറം വെളിവാക്കാൻ തുടങ്ങി. ഓന്തിൻെറ നിറം പെട്ടെന്ന് മാറി. കറുത്തിരുണ്ട എന്തോ വികൃതമായ മുഖം അത് ധരിച്ചു കഴിഞ്ഞു. ചില പ്രത്യേകമായ ചാപല്യങ്ങരം കാട്ടി തുടങ്ങി. എല്ലാം പതിവിന് വിപരീതമായിട്ടായിരുന്നു. അവരുടെ സ്വഭാവത്തിൽ വന്നമാററം അയാരം ശ്രദ്ധിക്കാൻ തുടങ്ങി. പാത്തും പതുങ്ങിയും, ഒളിഞ്ഞുതെളിഞ്ഞും മതവിദ്വേഷം ഇളക്കിവിടുകയായിരുന്നു അവർ.

'മതം വെറുമൊരു കീറാമുട്ടി. ജീവിക്കാൻ വേണ്ടി മനുഷ്യൻെറ കണ്ണിൽ പൊടിയിടുന്ന ഏർപ്പാട്!' അവർ കൂട്ടത്തോടെ അട്ടഹസിക്കാൻ തുടങ്ങി, ''കുറെ വെള്ളകുപ്പായങ്ങരം മാംസളമായ ശരീരത്തിനു മുകളിൽ ധരിച്ചിരിക്കുന്നു അത്രമാത്രം. പള്ളിയും പട്ടക്കാരനും ശുദ്ധഭോഷത്തമാണ്, എല്ലാം ഒരുതരം അസംബന്ധം''. അതേ നമ്മുടെ സർക്കാർ പ്രസിദ്ധീകരണമായ 'യോജന' പറയുന്നതുപോലെ മതമെന്ന അസംബന്ധം.

www.malankaralibrary.com

ഇതൊക്കെ വെറും 'Nonsense' എന്തിന് ഇവരെ ഒക്കെ നാം അംഗീകരിക്കണം. Why live with Nonsense. മതഭ്രാന്തന്മാരുടെ ദൃഷ്ടിയിൽ മതം അസംബന്ധമാണെങ്കിൽ മതവിശ്വാസികളുടെ ദൃഷ്ടിയിൽ ഈ മതഭ്രാന്തന്മാർ വെറും ഉച്ഛിഷ്ടം പോലെയും ശുദ്ധ അസംബന്ധക്കാരുമാണ്.

കരാളസർപ്പം പത്തിവിടർത്തി കൊത്തിയെങ്കിലും നമ്മുടെ കഥാനായകന് ഏററില്ല. അയാൾ ശക്തിയുക്തം പൊരുതി. ജാഗ്രതയോടെ, ഏകാഗ്രതയോടെ ഒപ്പം പ്രാർത്ഥനയോടെ ഓരോന്നിനും നല്ല മറുപടി നൽകി. ഒപ്പം പലരേയും സന്മാർഗ്ഗത്തിലേക്ക് തിരിച്ചുകൊണ്ടുവന്നു. പലരും മാനസാന്തരപ്പെട്ടു. ചിലർ ഈശ്വരവിശ്വാസികളായി. എങ്കിലും പലരും മതത്തെ അനുകരിക്കാൻ തയ്യാറായില്ല. 'സത്തയിൽ' (ഈശ്വരൻ) വിശ്വസിക്കുന്നവർ പലരും അടിസ്ഥാനപരമായ ഈശ്വര ധർമ്മത്തിൽ ജീവിക്കുന്നില്ല' എന്നാണവരുടെ പരാതി. പരാതി ഒരു പരിധിവരെ ശരിയുമാണ്.

മതം ഒരു മയക്കുമരുന്നാണെന്ന് തെററിദ്ധരിച്ചവർക്ക് തെററിപോയി എന്നു ബോധ്യം ഉണ്ടായിട്ടുള്ള എത്ര സംഭവങ്ങൾ വേണമെങ്കിലും കുറിക്കാം. യുവജനങ്ങളുടെ ഇടയിൽ കടന്നുകൂടിയിട്ടുള്ള ഇത്തരം ന്യൂറോസിസ് മാററാൻ കൂട്ടായ ശ്രമം തന്നെ ആവശ്യമാണ്. യുവജനങ്ങളെ കടിച്ചുകീറുന്ന ചെന്നായ്ക്കളെ ശാന്തരാക്കാൻ, കുഞ്ഞാടിനെപ്പോലെ സൗമ്യമായി ശാന്തമായി യുവജനങ്ങൾ പെരുമാററാൻ നമുക്കു ഒന്നിച്ച് കർമ്മരംഗത്തിറങ്ങാം. വിജയം സുനിശ്ചിതം.

---

www.malankaralibrary.com

# എന്നെ അവർക്ക് വേണ്ടപോലും!

അന്തരാഷ്ട്ര യുവജനവർഷം എല്ലായിടത്തും പൊടിപൂരം കൊണ്ടാടുന്നു. എങ്ങും ആഘോഷങ്ങളും, ഘോഷയാത്രകളും റാലികളും പൊടിപൊടിക്കുന്നു. യുവതീയുവാക്കൾക്ക് രസിക്കാനും രസോന്മത്തരായി തുള്ളിച്ചാടാനും മാത്രമുള്ള വേദികളായി ഇതു മാറുന്നു. അടിസ്ഥാനപരമായി ആരിലും ഒരു മാററവും സംഭവിക്കുന്നില്ല. സംഭവിക്കുന്നെങ്കിൽ തന്നെയും അത് ശാശ്വതമാകുന്നില്ല. സാഹചര്യങ്ങളുടെ സന്തതികളായ യുവതീ യുവാക്കൾ അറിയാതെ തന്നെ സുഖാനുഭൂതികളുടെ മേഖലകളിലേക്ക് പ്രയാണം ചെയ്യുന്നു. തങ്ങളുടെ ഹൃദയത്തിലും മനസ്സിലും വേരൂന്നിയ ദുഷിച്ച സംസ്കാര

www.malankaralibrary.com

ങ്ങളും സാമൂഹിക പരിതഃസ്ഥിതികളും മാററി യെടുക്കാതെ എന്തു പരിവർത്തനങ്ങരം ഇവിടെ നടത്തിയാലും പ്രയോജനം ലഭിക്കയില്ല. അവ കുടം കമഴ്ത്തി വെള്ളം ഒഴിക്കുന്ന പ്രതീതി മാത്രമേ സൃഷ്ടിക്കൂ. കതിരിൽ വളംവച്ചതു കൊണ്ട് പ്രയോജനമൊന്നും ലഭിക്കില്ലല്ലോ.

നല്ല കുടുംബത്തിൽ, നല്ല മാതാപിതാക്കളുടെ മക്കളായി പിറന്നതുകൊണ്ട് ആരും നല്ലവരായി ജീവിക്കണമെന്നില്ല. ചില കൂട്ടുകെട്ടുകരം വഷള ത്ത്വത്തിലേക്ക് നയിക്കും. വൃത്തിഹീനമായ കൂട്ടു കെട്ടുകരം എത്ര നല്ലവരെയും മോശക്കാരാക്കി തീർക്കും

ഉദാഹരണങ്ങരം എത്ര വേണമെങ്കിലും പറയാ നുണ്ട്. ഒന്നു രണ്ടെണ്ണം സമർത്ഥിക്കാം.

ഒരു കൂട്ടരുടെ ടൈം ടേബിരം താഴെപറയും പ്രകാരമാണ്. രാവിലെ പത്തുമണിക്ക് അവർക്ക് പ്രഭാതം. പഠനമൊക്കെ പണ്ടേ നിറുത്തിയതാണ്. ഇപ്പോരം ആകെകൂടിയുള്ള സംസ്ക്കാരം 'കന്നു കാലി' സംസ്ക്കാരമാണ്. നാട്ടിലും വീട്ടിലും ഒത്തിരി റിക്കാർഡുകരം ഇവരിൽ പലരും സൃഷ്ടി ച്ചിട്ടുണ്ട്. പലരും റിക്കാർഡുകരം സൃഷ്ടിച്ച് ചരിത്രം തിരുത്തിയവരുമാണ്. പ്രഭാതം മുതൽ താവളമടിക്കുന്നത് സിററിയിൽതന്നെ. അവിടെ കൂട്ടു കൂടിയിരുന്ന് 'സൊററ' പറച്ചിലും കമൻറ ടിയും സ്ഥിരം ഹോബിതന്നെ. 'ചീട്ടുകളി' 'കള്ളടി' ഇതൊക്കെ ഒഴിച്ചുകൂടാൻ പാടില്ലതന്നെ വഴിയെ പോകുന്നവരെ ഒക്കെ നോക്കി അസഭ്യം പുലമ്പും പെൺകുട്ടികളെ കണ്ടാൽപിന്നെ സ്വര

www.malankaralibrary.com

മൊന്നുയർത്തി താളത്തിലും മേളത്തിലും നല്ല 'ഷൈനിംഗ്' തന്നെ നടത്തും. വൈകുന്നേരം ആടിപാടി വീട്ടിലെത്തും. അതിനു മുമ്പ് സിനിമാശാലകളിലും ക്ളബുകളിലുമൊക്കെ കയറി ഇറങ്ങിയിരിക്കും. തങ്ങളുടെ 'മഹനീയ' സാന്നിദ്ധ്യം നൂറുനൂറുസ്ഥലങ്ങളിൽ അനുഭവ വേദ്യമാക്കിയിട്ടുതന്നെയാണ് 'തിരുമേനിമാരുടെ' വരവ്. റോളുകൾ ഭംഗിയായി അഭിനയിച്ചവർക്ക് ചില പ്പോൾ ഒത്തിരി സമ്മാനങ്ങളും കിട്ടിയിട്ടുണ്ടാവും. പോയത് രണ്ടുകാലിൽ, തിരിച്ചെത്തുന്നത് നാലുകാലിൽ.

ഇതുപോലൊരു സംഘത്തെ പരിചയപ്പെടാനായി ഒരിക്കൽ ഒരാൾ അടുത്തുകൂടി. വളരെ സ്നേഹഭാവത്തിൽ മര്യാദകളോടേ അവർ ക്ഷണിച്ചിരുത്തുകയും ചെയ്തു. കാര്യമായി അവർ സൽക്കരിക്കുകയും ചെയ്തു. അവസാനം നമ്മുടെ അതിഥി ഒരു ഉപദേശം കൂടി കൊടുത്തു. അപ്പോൾ തുടങ്ങി ഉരസലുകൾ. (യുവാക്കളെ ആരെങ്കിലും ഉപദേശിക്കുകയോ തങ്ങളുടെ ചെയ്തികളെ വിമർശിക്കുകയോ ചെയ്താൽ അവർ പൊറുക്കില്ല. തിരിച്ചടിക്കതന്നെ ചെയ്യും. യുവതികളും മോശക്കാരല്ല.) പ്രതികാരത്തിന്റെ തീജ്ജ്വാലകൾ അവരിൽ ആളിക്കത്തി. ജീവനിൽ കൊതിയുണ്ടായിരുന്നതകൊണ്ട് അയാൾ ഓടി രക്ഷപ്പെട്ടു.

ക്രിസ്ത്യാനികളുടെ പ്രധാനപ്പെട്ട പുണ്യദിവസമാണ് ക്രിസ്തുമസ്സ്. ഒപ്പം മററു മതസ്ഥരുടെയും. ഒരു ക്രിസ്തുമസ്സ് നാളിൽ ഏതാനും യുവാക്കൾ ചേർന്ന് ഒരു ചെറിയ

www.malankaralibrary.com

'പാർട്ടി' സംഘടിപ്പിച്ചു. എൻെറ ഒരു സുഹൃത്തിന് അതിൽ ക്ഷണനവും ലഭിച്ചു. എല്ലാവരും ഒന്നിച്ചുകൂടി ഒന്നു ഘോഷിക്കുക തന്നെ. അതായിരുന്നു ലക്ഷ്യം. പലഹാരങ്ങളും പഴവർഗ്ഗങ്ങളും ഒക്കെ മേശപ്പുറത്ത് നിരന്നു. കുറച്ചു കഴിഞ്ഞപ്പോഠം ചില കുപ്പികളൊക്കെ എവിടെനിന്നോ മേശയിലേക്ക് കടന്നുവന്നു. ആരോ ഒരാഠം വേഗം ഗ്ലാസുകളിലേക്ക് പകരാൻ തുടങ്ങി. ഒരാഠംമാത്രം ഗ്ലാസ് കമഴ്ത്തിവച്ചു. സുഹൃത്തുക്കഠം ബലം പ്രയോഗിച്ചു. പക്ഷേ അയാഠം വഴങ്ങിയില്ല. ഒടുവിൽ അവർ അയാളെ കണ്ടമാനം പ്രഹരിച്ച വശനാക്കി. അന്നു രാത്രിയാണ് 'സുഹൃത്ത്' എന്നെ സന്ദർശിച്ചതും വിവരങ്ങഠം ധരിപ്പിച്ചതും.

പണ്ടൊരിക്കൽ എബ്രഹാം ലിങ്കൺ വിശിഷ്ടാതിഥികളുടെ മുമ്പിൽവച്ച് ഗ്ലാസ് കമഴ്ത്തിവച്ചില്ലേ? അടുത്തിരുന്ന സുഹൃത്തിനോട് ലിങ്കൺ പറഞ്ഞ വാക്കുകഠം കർണ്ണപുടങ്ങളിൽ തറയ്ക്കുന്നില്ലേ? ''ഞാൻ ആരോടും ഒരു തെററും ചെയ്യുന്നില്ല; എൻെറ അമ്മയോടു ചെയ്ത വാഗ്ദാനം പാലിക്കുക മാത്രമാണ് ചെയ്യുന്നത്''. (ലിങ്കൻെറ അമ്മ മരിക്കുന്നതിനുമുമ്പ് അദ്ദേഹത്തെ അരികിൽ വിളിച്ചു നിർത്തി പറഞ്ഞു.'' ''എൻെറ പ്രിയ മകനെ, നീ പുക വലിക്കുകയോ, മദ്യപിക്കുകയോ ചെയ്യരുത്. നീ എല്ലാവരുടെയും മുമ്പിൽ വലിയവനായി വളർന്നുവരിക'')

സുഹൃത്തുക്കളുടെ നിർബന്ധത്തിന് വഴങ്ങാതെ സ്വന്തം മനസ്സാക്ഷിയോട് കടപ്പാട് പുലർത്തിയ ആ മനുഷ്യനെ ഞാൻ അന്ന് പ്രശം

www.malankaralibrary.com

സിച്ചു പറഞ്ഞയച്ചു. പക്ഷേ അയാറംക്ക് ഒരു സങ്കടം മാത്രം. 'അന്നു മുതൽ അവർക്ക് എന്നെ വേണ്ടപോലും' ! ഞാൻ സമാധാനിപ്പിച്ചു. 'സുഹൃത്തുക്കളെല്ല, സൽസ്വഭാവികളായ സുഹൃത്തുക്കളാണ് നമുക്കാവശ്യം' എന്ന്.

ഇന്നത്തെ കാലത്ത് ആദർശങ്ങളൊക്കെ പഴയ കാലത്തിൻെറ ചവിററുകൊട്ടകളല്ലേ? അതൊക്കെ വെറും ചപ്പുചവറുകളല്ലേ! പക്ഷേ മാററം സംഭവിച്ചേ മതിയാവൂ. യുവതീയുവാക്കറം തന്നെ മാററത്തിൻെറ വക്താക്കളായി മുന്നോട്ടു വരണം.

എത്ര യുവജനവർഷം ആചരിച്ചാലും അടിസ്ഥാനപരമായി വ്യക്തികളിൽ മാററം സംഭവിക്കണമെന്നില്ല. വ്യക്തികളുടെ ഹൃദയത്തിനും മനസ്സിനുമാണ് മാററം സംഭവിക്കേണ്ടത്. ബാഹ്യമായ ആചാരാനുഷ്ടാനങ്ങളിൽ മാത്രം അതിഷ്ഠിതമായ നമ്മുടെ സാമൂഹിക ചട്ടക്കൂടുകറം നാം മാററിമറിക്കണം. നാം ചരിക്കുന്ന സാഹ്യചര്യങ്ങളിൽ നിന്ന് വിടുതൽ വാങ്ങണം. ബുദ്ധിജീവികളും തത്വശാസ്ത്രജ്ഞന്മാരും പ്രായോഗികതയുടെ വക്താക്കളായി ഇറങ്ങി വരേണ്ടിയിരിക്കുന്നു. ആദർശങ്ങളും ആശയങ്ങളുമല്ല ഇന്നാവശ്യം. പ്രത്യുത ആദർശങ്ങളിൽ അധിഷ്ഠിതമായ ജീവിതചര്യകളാണ്. തിയോറെററിക്കൽ ഫിലോസഫി അല്ല, പ്രാക്ററിക്കൽ ഫിലോസഫി ഇന്നുണ്ടാകണം.

www.malankaralibrary.com

# പ്രായമാകാൻ ആരും ആഗ്രഹിക്കുന്നില്ല!

അടുത്തകാലത്ത് ഒരു വലിയ സ്ഥാപനത്തിൽ (Institution) പോകേണ്ട കാര്യമുണ്ടായി. ചെന്ന ഉടനെ ഗസ്റ്റ്റൂമിലേക്ക് കയറിചെന്നു. അവിടെ രണ്ടുപേർ സംസാരിച്ചിരിക്കുന്നുണ്ടായിരുന്നു. ഒററ നോട്ടത്തിൽ അപ്പനും മോളുമാണെന്നേ തോന്നുകയുള്ളു. എനിക്കും അങ്ങനെയാണു തോന്നിയത്. തൊട്ടടുത്ത് എൻെറ ഒരു സുഹൃത്ത് അവരോട് സംസാരിച്ചു നിൽക്കുന്നു. സുഹൃത്തിൻെറ ആരെങ്കിലും ആയിരിക്കും എന്ന ഭാവത്തിൽ, 'ഫാദറായിരിക്കുമല്ലോ' ഞാൻ സുഹൃത്തിനോടായി ചോദിച്ചു. അയാൾ ഒന്നും മിണ്ടിയില്ല. അവിടെ ഇരുന്നിരുന്ന സ്ത്രീയും പുരുഷനും പരസ്പരം നോക്കി. അവർ തങ്ങളുടെ

www.malankaralibrary.com

ശരീരത്തിലും വസ്ത്രങ്ങളിലും ഒക്കെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. പുരുഷൻ തന്റെ മുഖത്ത് തലോടി നോക്കുന്നു. തന്റെ മുടി കൊഴിഞ്ഞ തലയിൽ അയാം തപ്പി തടയുന്നതും കണ്ടു. നീണ്ട നിശബ്ദതയ്ക്കും അവരുടെ പരുങ്ങലിനു ശേഷം എന്റെ സുഹൃത്ത് എന്നോടായി തന്നെ പറഞ്ഞു. 'പെങ്ങളും പെങ്ങളുടെ ഭർത്താവുമാണ്.' അപ്പോൾ ഞാൻ ചോദിച്ചു 'പെങ്ങളുടെ വിവാഹം എന്നായിരുന്നു' 'കഴിഞ്ഞിട്ട് ഒരു മാസമേ ആയിട്ടുള്ളൂ'.

ഞാൻ സോറി പറഞ്ഞ് വേഗം സ്ഥലം കാലിയാക്കി. ഇതുപോലൊരു അമളി പററരുതേ എന്നു മാത്രമായിരുന്നു എന്റെ പ്രാർത്ഥന. അല്ല, എങ്ങനെ അമളി പററാതിരിക്കും? നല്ലൊരു പെൺകുട്ടിയെ ഒരു കിളവൻ, അല്ലെങ്കിൽ കാഴ്ചയിൽ കിളവനെപ്പോലിരിക്കുന്നവൻ കല്യാണം കഴിച്ചാൽ!

ഇനി എന്റെ വീട്ടിനടുത്തുതന്നെയുള്ള ഒരു കാരണവരെ കുറിച്ചു പറയാം. അയാളുടെ തലയെല്ലാം നരച്ചു തുടങ്ങിയിട്ട് നാളുകൾ ഏറെയായി. പത്തുവർഷം മുമ്പ് അയാളുടെ അമ്പതാം പിറന്നാൾ ആഘോഷിച്ചത് എനിക്ക് ഓർമ്മയുണ്ടായിരുന്നു. ഈ അടുത്ത നാളിൽ ഞാൻ കാരണവരോടായി ചോദിച്ചു. വയസെത്രയായി ? യാതൊരു ശങ്കയും കൂടാതെ കിളവൻ പറഞ്ഞു. 'അമ്പതിൽ കൂടുകയില്ല. കൃത്യം പറഞ്ഞാൽ അമ്പത്തിഒന്നായി കാണും.' നാട്ടിലൊക്കെ ആ

www.malankaralibrary.com

കാരണവരുടെ പ്രായം പാട്ടാണ്. എനിക്ക് ആ മനുഷ്യനോട് വലിയ സ്നേഹമാണ്. പക്ഷേ വയസ്സനായിട്ടും, വയസ്സായില്ല എന്ന ഭാവത്തിൽ മീശപിരിച്ചു നടക്കുന്ന അയാളെ കാണുമ്പോൾ സഹതാപം തോന്നിപ്പോയി. ചെറുപ്പക്കാരെപ്പോലെ ഫാഷനിലും മോടിയിലും ഒക്കെ നടക്കുന്നതുകൊണ്ടല്ല, ഉള്ളത് അംഗീകരിക്കാത്തതുകൊണ്ടാണ്.

ഈ അടുത്ത നാളിൽ ഒരു എഴുപത്തിമൂന്നുകാരൻ ഒരു പതിനഞ്ചുകാരി പെൺകുട്ടിയെ കടന്നുപിടിച്ച കഥ നാം പത്രത്തിൽ വായിച്ചല്ലോ. പല്ലുപോലും കൊഴിഞ്ഞ ആ പടുവൃദ്ധൻ വിചാരിച്ചിട്ടുണ്ടാവും അയാൾ വളരെ ചെറുപ്പമാണെന്ന്. പ്രേമത്തിനും കാമത്തിനും പ്രായമില്ലല്ലോ. അല്ലാതെന്തു പറയാൻ. വല്ല കൊച്ചു കുട്ടികളുമായിരുന്നെങ്കിൽ പൊറുക്കാമായിരുന്നു. നിഷ്കളങ്കരായ പെൺകുട്ടികളെ, പിഞ്ചുബാലികമാരെ ഇങ്ങനെ ക്രൂരമായി വയസ്സന്മാർ കടന്നാക്രമിക്കാൻ തുടങ്ങിയാൽ എന്തു ചെയ്യും ! നാട്ടുകാരെല്ലാവരും കൂടി ഓടിച്ചിട്ട് പിടിച്ച് തല്ലിച്ചതച്ചെന്നാണ് പത്രത്തിൽ തുടർന്നെഴുതിയിരിക്കുന്നത്. ഏതായാലും അത്രയും നന്നായി. ഇനി അധികം വയസ്സന്മാർ ഇങ്ങനെയും നാടകം നടത്തില്ലല്ലോ.

മോഹങ്ങൾ പൂത്തുലയാൻ സമയമൊന്നുമില്ലെന്നാണ് തോന്നുന്നത്. പഴയകാലത്തൊക്കെ ചെറുപ്രായത്തിലായിരുന്നു മോഹങ്ങളും മോഹഭംഗങ്ങളും ഒക്കെ ഉണ്ടാവുക. എന്നാൽ ഇന്നിപ്പോൾ ആർക്കും എന്തും എവിടെ വച്ചും ഉണ്ടാകാം.

www.malankaralibrary.com

ഉണ്ടാകാം എന്നല്ല, ഉണ്ടായിക്കൊണ്ടുതന്നെയാണിരിക്കുന്നത്. അടുത്ത നാളിൽ ഒരു പതിമൂന്നുകാരി ഒരു പടുകിളവൻ സായിപ്പിന്റെ കൂടെ ഇറങ്ങിപ്പോയെന്നും അയാളെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നെന്നും ഒക്കെ പറഞ്ഞതായി പത്രത്തിൽ വാർത്ത കണ്ടു. ഇതൊക്കെ കാലത്തിന്റെ ഓരോ കോലങ്ങൾ എന്നല്ലാതെ എന്തു പറയാനാണ്.

സിനിമയിലെ ചില തലമൂത്ത കാരണവന്മാർ ഇപ്പോഴും 'മരം ചുററി പ്രേമം' നടത്തുന്നതു കാണുമ്പോൾ കാണികളാണ് ലജ്ജിച്ചു തല താഴ്ത്തുന്നത്. അവർക്കോ നാണമില്ല. കാണികൾക്കെങ്കിലും അൽപം നാണം വേണ്ടേ. സിനിമയിലെ മേക്കപ്പ് കഴിയുമ്പോൾ ഏതു പടുകിളവിയും പതിനേഴുകാരി പെൺകുട്ടിയാണ്. ഏതു പടുകിളവനും ചെറുപ്പമായേ തോന്നുകയുള്ളു. ഷൂട്ടിംഗിനിടയിൽ ഈ മേക്കപ്പൊക്കെ എത്ര തവണ പൊഴിഞ്ഞുപോയിരിക്കുന്നു. അവരനുഭവിക്കുന്ന പങ്കപാട് വല്ലതും പൊതു ജനത്തിനറിയാമോ?

ഈലോകജീവിതത്തിൽ പ്രായമാകാൻ ആരും ആഗ്രഹിക്കുന്നില്ല. പക്ഷേ പ്രായം ആർക്കുവേണ്ടിയും കാത്തുനിൽക്കുന്നില്ല. സമയത്തോടൊപ്പം അതും ഓടുകയാണ്. ചിലർക്ക് പ്രായമായാലും ശരീരത്തിനും ഹൃദയത്തിനും പ്രായം ചെല്ലുകയില്ല. അതു നല്ല കാര്യമാണ്, പക്ഷേ മുകളിൽ കണ്ടതുപോലെ പേക്കൂത്തുകൾ കാണിക്കരുതെന്നു മാത്രം. ചുറുചുറുക്കോടെ, തൻേറടത്തോടെ കാര്യങ്ങൾ നടത്താനുള്ള ശേഷി എപ്പോഴും ആർജ്ജിക്കുന്നത് നല്ലതാണ്.

www.malankaralibrary.com

ഇന്ന് ചെറുപ്പക്കാരുടെ മനസ്സും ഹൃദയവുമൊക്കെ പണ്ടേ ജരാനരകഠ ബാധിച്ചുകഴിഞ്ഞു. അവർക്ക് പ്രായത്തിന്റെ ബലഹീനതകളിൽ മാത്രമാണ് താൽപര്യം. മാർദ്ദവമായ മാതള ശരീരം അവർ അറിയാതെ നശിപ്പിച്ചുകളയുന്നു. മനസ്സാക്ഷിയും മനുഷ്യത്വവും പ്രായം ചെന്ന് മൂത്തു മുരടിക്കുന്നു ഇക്കൂട്ടരിൽ. അത് പണയം വയ്ക്കുന്നവരും ഇല്ലാതില്ല. ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ നല്ല മനസ്സും ശരീരവും ആവശ്യമാണ്. ഹൃദയശുദ്ധി എല്ലാത്തിനും ആവശ്യഘടകവുമാണ്.

---

www.malankaralibrary.com

# അവർ ഒന്നിക്കട്ടെ

'താൻ സ്നേഹിക്കുന്ന പെണ്ണിനെ ഇനി മേലിൽ കണ്ടുപോയാൽ നിന്നെ ഈ വീട്ടിൽ കയററില്ല' 'ഈ വീടിനു പുറത്തിറങ്ങിയിട്ടുണ്ടെങ്കിൽ നിന്നെ ഞാൻ കൊന്നു കുഴിച്ചുമൂടും! അപ്പൻെറയും അമ്മയുടെയും ഉപദേശം, ശാസന. താൻ ആത്മാർത്ഥമായി സ്നേഹിക്കുകയും തൻെറ ഉള്ളിൽ പൂവിട്ടുപൂജിക്കുകയും തന്നിൽ സ്വപ്ന സുഖമുണർത്തുകയും ചെയ്യുന്ന ജോസേട്ടനെ എന്തുകൊണ്ടു കണ്ടുകൂടാ? താൻ ഇഷ്ടപ്പെടുന്ന ആളെ കല്ല്യാണം കഴിക്കാൻ അവകാശമില്ലേ? എന്തുവന്നാലും എൻെറ തീരുമാനത്തിൽ മാററമില്ല.

മനുഷ്യൻ സ്വതന്ത്രനാണ്. സ്വതന്ത്രമായി ആർക്കും എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമുണ്ട്,

www.malankaralibrary.com

ആർക്കും ഉപദ്രവം ഉണ്ടാകരുതെന്നുമാത്രം. സ്ത്രീ പുരുഷനെയും പുരുഷൻ സ്ത്രീയെയും അന്വേഷിച്ചേ പററൂ. അത് പ്രകൃതിയുടെ തന്നെ നിയമമാണ്. പ്രകൃതിയുടെ നിയമത്തിൻെറ ചട്ടക്കൂട്ടിൽനിന്നുകൊണ്ട് ആർക്കും സൈ്വര്യമായി ആരുമായും സ്നേഹബന്ധം പുലർത്താം. പക്ഷേ സ്നേഹബന്ധത്തിൻെറ പേരും പറഞ്ഞ് എന്തു തോന്ന്യാസവും കാണിക്കാമെന്നില്ല.

കോളേജിൽ പഠിക്കുന്ന യുവതി-യുവാക്കൾ കണ്ടും മിണ്ടിയും പരസ്പരം അടുത്ത് പെരുമാറാൻ പഠിക്കണം. സ്ത്രീക്ക് പുരുഷനോട് മനുഷ്യൻ എന്ന നിലയിൽ പെരുമാറികൂടെ? സ്ത്രീയോട് പുരുഷൻ സ്വാതന്ത്രമായി, യാതൊരു സങ്കോചവും കൂടാതെ നിഷ്കളങ്കമായി സംസാരിച്ചുകൂടെ? അവരുടെ ഹൃദയങ്ങൾ ഒന്നാകണം. ശരീരവും മനസ്സും ഒന്നാകാൻ പാടില്ല. വ്യത്യസ്ഥമായ ചിന്തകൾ അവരെ ഭരിക്കണം. തങ്ങളുടെ സ്വകാര്യ ദു:ഖങ്ങൾ പങ്കിടുന്നതിലും തെററില്ല. അങ്ങനെ വ്യക്തിത്വത്തിൻെറ പടവുകൾ ഓരോന്നായി ചവിട്ടി കയറാൻ പഠിക്കണം. ഒരു സ്ത്രീയെ കാണുമ്പോൾ നാണം-കുണുങ്ങിയെപ്പോലെ നില്ക്കുന്നത് വ്യക്തിത്വത്തിൻെറ ലക്ഷണമൊന്നുമല്ല. സ്ത്രീ പുരുഷനെ കാണുമ്പോൾ തല ഉയർത്തിനിന്നു പരസ്പരം സംസാരിക്കാനും മനസ്സിലാക്കാനും കഴിയണം. അതായിരിക്കണം യുവതീ യുവാക്കൾ തമ്മിലുള്ള സംസർഗ്ഗത്തിൻെറ സവിശേഷതകൾ.

www.malankaralibrary.com

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് സ്ത്രീയും പുരുഷനും വളരെ ആഴത്തിൽ ചിന്തിക്കണം. തന്റെ ജീവിതത്തിന്റെ ഭാഗമായി തീരാൻപോകുന്ന യുവതി തനിക്കു യോജിച്ചതാണോ? തന്റെ മതസാഹചര്യങ്ങൾക്ക് ഇണങ്ങി പോകാൻ കഴിയുന്നതാണോ? മാതാപിതാക്കളുടെ അംഗീകാരവും താൽപര്യവും എങ്ങനെ? ഇതെല്ലാം നാം ചിന്തിക്കണം. ഓരോ യുവതിയും ഇപ്രകാരം ചിന്തിച്ച് തീരുമാനമെടുക്കണം.

സ്നേഹമെന്നത് നിഷ്കളങ്കമാണ്. അതിൽ കാപട്യമില്ല. വിവാഹപരമായ പ്രശ്നങ്ങളിൽ പലപ്പോഴും ഈ സ്നേഹം കാണാൻ കഴിയില്ല. അതുകൊണ്ടായിരിക്കാം കുടുംബ ബന്ധങ്ങളൊക്കെ അടിക്കടി തകർന്നുകൊണ്ടിരിക്കുന്നത്. ബന്ധം ഒരിക്കലും കാമത്തിൽ ഉറപ്പിക്കാൻ പാടില്ല. അന്യപുരുഷന്റെ ശരീരത്തോടെ പ്രേമം തോന്നുക സ്വാഭാവികം. സ്ത്രീയുടെ പ്രത്യേകമായ പ്രായത്തിൽ അടുപ്പവും പ്രേമിക്കണമെന്നു തോന്നലുമുണ്ടാകാം. പക്ഷേ എടുത്തുചാട്ടം അപകടമേ വരുത്തൂ. സ്നേഹം ശാരീരിക മാനസിക തലങ്ങളിലുള്ള പൊരുത്തവും ഹൃദയത്തിന്റെ സ്വരുമയും ഒന്നിക്കലുമാണ്, അവിടെ കാമചേഷ്ടകൾക്കോ ലൈംഗികാസക്തികൾക്കോ സ്ഥാനമില്ല. അത് നിഷ്കളങ്കമായിരിക്കും. ശാലീന സുന്ദരമായിരിക്കും, ഈശ്വരോൻമുഖമായിരിക്കും. വിവാഹം കഴിഞ്ഞ സ്ത്രീ പുരുഷന്മാർ തങ്ങളുടെ ലക്ഷ്യവും മാർഗ്ഗവും നന്നായി മനസ്സിലാക്കി സ്ത്രീ പുരുഷന്റെയും പുരു

www.malankaralibrary.com

ഷൻ സ്ത്രീയുടെയും ഇഷ്ടാനിഷ്ടങ്ങൾ നോക്കി മുമ്പോട്ടുപോകണം ലൈംഗികമായ വിഷയങ്ങളിൽ കൂടുതൽ പക്വത ഇക്കാലയളവിൽ ഇവർ നേടി യിരിക്കണം. അപക്വമായ ലൈംഗികത കുടും ബത്തിൻെറ താളലയങ്ങൾ നശിപ്പിക്കും. ലൈം ഗിക സുഖം ആസ്വദിക്കുക എന്നതു മാത്രമാക രുത് വിവാഹജീവിതം.

അടുത്ത കാലത്തിറങ്ങിയ ചിത്രങ്ങളിൽ ഭേ പ്പെട്ട ഒരെണ്ണമാണ് 'എൻെറ കാണാകുയിൽ' കൗമാ രത്തിൻെറവിഹ്വലതകളിൽ,പ്രേമത്തിൽ കുടുങ്ങി, യൗവനദശയിലെത്തിയതോടെ അവർ പരസ്പരം അടുത്തു കഴിഞ്ഞു. അവിടെ താളപ്പിഴകൾ സംഭ വിച്ചു. ഒരു കുഞ്ഞിൻെറ അമ്മയായി മാറി-ഒരു കോളേജ് വിദ്യാർത്ഥിനി. ആ ദുഃഖവും പേറി എല്ലാം മറയ്ക്കാൻ കുഞ്ഞിനെ അനാഥമാക്കുന്ന പിതാവ്. പിതാവിന് എന്തിനെയുംകാൾ വലുത് അഭിമാനമാണ്. പക്ഷേ നൊന്തുപെററ അമ്മയ്ക്കു മാത്രമെ സ്വന്തം വേദനകൾ അറിയൂ. അവർ മാത്രമേ കുഞ്ഞിനെ കാണാനും തലോടാനും ചുംബനങ്ങൾ അർപ്പിക്കാനും താൽപര്യം കാണിക്കൂ.

വിധിയുടെ ക്രൂരഹസ്തങ്ങളിൽപ്പെട്ട് ഒരു ഇരുട്ടുമുറിയിൽ ജീവിതം തള്ളിനീക്കപ്പെടേണ്ടി വന്ന ഒരു യുവതി. തൻെറ കുഞ്ഞിനെ കാണണം. കണ്ടേ പററൂ. ഒരിക്കൽ ഏതോ പാവപ്പെട്ട കുടി ലിൽ ആർക്കുമാർക്കും വേണ്ടാതെ തൻെറ കുഞ്ഞ് വളരുന്നുണ്ടെന്ന് അവൾ അറിഞ്ഞു. ആ കാണാ കുയിലിനെ തേടിപ്പിടിക്കാൻ അവൾ വെമ്പൽ

www.malankaralibrary.com

കൂട്ടി. പക്ഷേ സ്വന്തം മകളുടെ നൊമ്പരത്തെ ക്കാരം വലുത് അപ്പന്റെ ആത്മാഭിമാനമായി രുന്നു. തന്റെ പ്രിയപ്പെട്ട പൊന്നോമന മകൻ വല്ലവന്റെ ഒക്കെ ഇടിയും തൊഴിയും കൊണ്ട് കുടിലിൽ പട്ടിണികിടക്കുന്നത് ഏതൊരമ്മയാണ് സഹിക്കുക. അവസാനം ആ അസുലഭ നിമിഷ ത്തിൽ അവരം കുഞ്ഞിനെ എടുത്ത് ആയിരം ചുംബനങ്ങരം അർപ്പിക്കുന്നു. അങ്ങനെ സ്വർഗ്ഗ സായൂജ്യത്തിൽ അവരം സന്തോഷ പുളകിതയാ വുന്നു,

പ്രേമം, കാമം, സ്നേഹം-ഇതെല്ലാം യുവതീ യുവാക്കളുടെ ഇഷ്ടപ്പെട്ട ജീവിത ചര്യകളാണ്. നിഷ്കളങ്കമായ സ്നേഹം മുല്ലപ്പൂപോലെ സുര ഭിലമാണ്. പരിമളം പരത്തുന്നതുമാണ്. കാമം കരിവണ്ടിനെപ്പോലെ കറുത്തു വിരൂപമായതാണ്. അതിന്റെ ആവേശം നമ്മെ അന്ധന്മാരാക്കി തീർക്കും. തീർച്ച.

www.malankaralibrary.com

# ഞാൻ ആത്മഹത്യ ചെയ്യുന്നു!

ലണ്ടനിൽ നടന്ന ഒരു സംഭവം. ഒരു കുട്ടിയുടെ ശവസംസ്ക്കാരം കഴിഞ്ഞ് ഒരു വൈദികൻ തിരികെ വരികയായിരുന്നു. കുട്ടിയുടെ അമ്മയെ ആശ്വസിപ്പിക്കാനായി ആ കത്തോലിക്കാ പുരോഹിതൻ കുട്ടിയുടെ വീട്ടിലെത്തി. വേദനയിൽ, ദുഃഖത്തിൻെറ ആഴക്കടലിൽ ആണ്ടിരുന്ന അമ്മ ഒരു കുറിപ്പ് അച്ചൻെറ മുന്നിലേക്ക് നീട്ടി. തൻെറ പൊന്നോമനമകൻ എഴുതിയ കുറിപ്പ്. അതിലെ ഓരോ വരികളും അച്ചൻ കണ്ണു പറിക്കാതെ വായിച്ചു. അദ്ദേഹത്തിൻെറ കണ്ണുകൾ കലങ്ങി. കണ്ണുനീർ ഒഴുകി, കണ്ഠം ഇടറി.

www.malankaralibrary.com

താഴെ പറയും വിധമായിരുന്നു അതിലെ വാചകങ്ങൾ ''എൻെറ ദുഃഖങ്ങളും ദുരിതങ്ങളും വീർപ്പുമുട്ടലുകളും പറഞ്ഞറിയിക്കാൻ ഞാൻ ആരേയും ഈ ഭൂമുഖത്തെങ്ങും കണ്ടില്ല. എൻെറ വീട്ടിൽ എല്ലാവർക്കും എന്നോട് അരിശമാണ്. എനിക്ക് ഒത്തിരി ആശകളും അഭിലാഷങ്ങളും കൈയ്യുണ്ടായിരുന്നു. പക്ഷേ അതൊന്നും നടപ്പില്ല. നടക്കുമെന്നു തോന്നുന്നുമില്ല .... അതുകൊണ്ട് ഞാൻ **ആത്മഹത്യ** ചെയ്യുന്നു.''

ഒരു പതിനാറുകാരൻെറ ആത്മഹത്യയുടെ ദുഃഖവും പേറികൊണ്ട് ആ വൈദികൻ ഊടുവഴികളിലൂടെ നടന്നു. തൻെറ മനസ്സിൽ എന്തോ ഒരു പുതിയ ആശയം ഉടലെടുത്തതുപോലെ തോന്നി. പത്രത്തിൽ ഒരു പരസ്യം കൊടുത്താലെന്താ? അച്ചൻ ചിന്തിച്ചു. പത്രത്തിൽ വാർത്ത കൊടുത്തു. അതിലെ ആശയം ഇപ്രകാരമായിരുന്നു. (''ആത്മഹത്യ ചെയ്യും മുമ്പ്''....എന്ന തലക്കെട്ടിൽ) ''ജീവിതത്തിൽ നൊമ്പരപ്പെടുത്തുന്ന സാഹചര്യങ്ങളുണ്ടാകുമ്പോൾ അതിൻെറ വീർപ്പുമുട്ടലിൽ ആത്മഹത്യക്ക് ഒരുങ്ങുംമുമ്പ് നിങ്ങൾ എന്നെ വന്നുകാണുക. എല്ലാ ദുഃഖങ്ങളും, ആവലാതികളും കേൾക്കാൻ ഇതാ ഇവിടെ ഒരാൾ ഒരുങ്ങിയിരിക്കുന്നു.... വേഗം വരൂ, അതിനു ശേഷമാകാം ആത്മഹത്യ.''

പിറെറ പ്രഭാതത്തിൽ ആയിരങ്ങൾ വൈദികൻെറ അടുക്കൽ ഓടികൂടി. ഓടികൂടിയവരൊക്കെ സന്തോഷത്തോടെ തിരികെ പോയി. സ്നേഹത്തിൻെറയും മധുരാനുഭവങ്ങളുടെയും ഊഷ്മള

www.malankaralibrary.com

വികാരങ്ങളോടെയാണ് അവർ തിരികെ പോയത്. അവർക്ക് പിന്നീടൊരിക്കലും ആത്മഹത്യയെന്ന വലിയ സാമൂഹിക തിന്മയെകുറിച്ച് ഓർക്കേണ്ടിവന്നിട്ടില്ല. ഒപ്പം മററുള്ളവരെ അതിൽനിന്നും പിന്തിരിപ്പിക്കാനും കഴിഞ്ഞു.

സമൂഹത്തിൽ, കുടുംബത്തിൽ, വ്യക്തിയിൽ ദുഃഖദുരിതങ്ങളുടെ വീർപ്പുമുട്ടലുകൾ ഉണ്ടാവുക സ്വഭാവികം മാത്രം. വീർപ്പുമുട്ടലുകളിൽ എന്തു ചെയ്യണമെന്നറിയാതെ ചിലർ ആത്മഹത്യ ചെയ്യുന്നു. അതല്ലാതെ മറെറാരു വഴിയും അവർ കാണുന്നില്ല. മററുള്ളവരൊക്കെ സുഖമായി ജീവിക്കുന്നു. ഞാൻ ഈ നരകഭൂമിയിൽ എന്തിനു നൊമ്പരങ്ങൾ അയവിറക്കി മാത്രം ജീവിക്കണം. എന്നെ കേൾക്കാൻ, എൻെറ വിഷമങ്ങൾ പറഞ്ഞറിയിക്കാൻ, സ്നേഹിക്കാൻ പോലും എനിക്കിവിടെ ആരുമില്ല. പിന്നെ എന്തിനു ജീവിക്കണം !

പട്ടിണിമൂലം ദുഃഖം കടിച്ചമർത്തി കഴിയുന്നവർ, പെൺമക്കളുടെ ഭാവി ഓർത്തു മനസ്സിൽ നൊമ്പരങ്ങൾ മാത്രം അയവിറക്കുന്ന മാതാപിതാക്കൾ, വല്ല കുരുക്കിലും ചെന്നുപ്പെട്ടിട്ട് ഊരിപോരാൻ ഒരിടം അന്വേഷിച്ചലയുന്ന ചെറുപ്പക്കാർ, ഒരാളിൽ സ്നേഹം അർപ്പിച്ചു പോയതിൻെറ പേരിൽ നാട്ടുകാരുടെയും വീട്ടുകാരുടെയും മുമ്പിൽ ശകാരവാക്കുകൾ മാത്രം ഏൽക്കേണ്ടിവരുന്ന യുവതികൾ.... അങ്ങനെ എത്രയോ പേർ.

എൻെറ സുഖം, എനിക്കുമാത്രം സുഖം, അന്യനു ദുഃഖം, അന്യനു ദുഃഖം മാത്രം, ഇങ്ങനെ

www.malankaralibrary.com

ഒരു മനോഭാവം നാം വളർത്തിയെടുത്തിരിക്കുകയാണ്. അത് ജീവിതത്തിന്റെ ഒരു ഭാഗമായിതന്നെ മാറിയിരിക്കുന്നു. അന്യന്റെ ദുഃഖമാണ് നമുക്ക് സന്തോഷം പകരുക. അയലത്തെ സഹോദരന്റെ സുഖം നമ്മിൽ 'കല്ലുകടി' സൃഷ്ടിക്കുന്നു. പിന്നെ അസൂയയും വിദ്വേഷവും പകയും എല്ലാം ഉടലെടുക്കുന്നു. സ്വാർത്ഥതയുടെ വിഷബീജങ്ങൾ പത്തിവിടർത്തുന്നു. മനുഷ്യബന്ധങ്ങൾ അങ്ങനെ ബന്ധനങ്ങളായി പരിണമിക്കുന്നു.

''എന്തൊരു ബോറാണേന്നോ
ജീവിതം, പുതുശാസ്ത്ര—
ചിന്തനം വിരചിച്ച
ശൂന്യമായീജ്ജീവിതം''

ഈ ബോറടി മാററാനുള്ള പരക്കം പാച്ചിൽ ഒരിടത്ത്. അതിനായി എന്തു വൈകൃതങ്ങളും കാട്ടാൻ മടിക്കാത്തവർ. മതിവരുവോളം ജീവിതമാകുന്ന മധുവിനെ നുകർന്നു നുകർന്ന് അവസാനം മരണത്തെ താലോലിക്കുന്നവർ മറെറാരിടത്ത്. ഞാനെന്തിന് ഭൂമിക്ക് ഭാരമായി ജീവിക്കണം എന്ന ചിന്തയിൽ ജീവിതം അവസാനിപ്പിക്കാൻ തിടുക്കം കൂട്ടുന്നവർ, അറിയാതെ വിധിയുടെ ക്രൂര ഹസ്തങ്ങളിൽപ്പെട്ട് മരണം വരിക്കാൻ വിധിക്കപ്പെട്ടവർ, ഈ ഭൂമിയിൽ പിറന്നു വീണതിന്റെ ദുഃഖവും പേറികൊണ്ട് നടക്കുന്നവർ, തന്റെ സ്വപ്നങ്ങൾ, സ്വപ്നസങ്കൽപങ്ങൾ പറയാൻ ഒരാളില്ലാത്തതിന്റെ പേരിൽ ജീവിതം ഒരു ചാൺ കയറിലോ, റയിൽപാളത്തിലോ വിഷ

www.malankaralibrary.com

വസ്തുക്കളിലോ, ഉറക്കഗുളികയിലോ അവസാനിപ്പിക്കുന്നവർ....അങ്ങനെ എത്രയോ ആളുകൾ!

ശാസ്ത്രമനുഷ്യൻ മനുഷ്യസഹോദരങ്ങൾക്ക് എന്തു നൽകി? സഹോദരന്റെ ദുഃഖം കാണാൻ കഴിയാത്ത ശാസ്ത്രമോ സാങ്കേതിക വിദ്യകളോ നമുക്കെന്തിന്? അന്യന്റെ ദുഃഖം സന്തോഷമായി പകർത്താൻ കഴിയുന്ന ശാസ്ത്രം ഇന്നെവിടെ? ലോകം സുഖദായകമാകണമെങ്കിൽ, ഇവിടെ ശാന്തിയും സമാധാനവും കരഗതമാകണമെങ്കിൽ, അന്യന്റെ ദുഃഖം കൂടി നാം സുഖമായി മാററണം. അവിടെയാണ് സ്നേഹ നീർച്ചാലുകൾ പൊട്ടി ഒഴുകുക, അവിടമായിരിക്കും ആനന്ദാനുഭൂതികളുടെ വർഷമേഘങ്ങൾ ഓടിയെത്തുന്ന സ്ഥലം. ഒപ്പം എല്ലാം സ്വർഗ്ഗതുല്യമായി ഭവിക്കുകയും ചെയ്യും.

www.malankaralibrary.com

# ആധുനികതയുടെ പുത്തൻ പ്രതീകം

ഞങ്ങൾ രണ്ടുപേർ സൈക്കിളിൽ യാത്രചെയ്യുകയായിരുന്നു. വെറുതെ ഒരു സായാഹ്ന സവാരി, അത്രമാത്രം. പച്ചപ്പട്ടുവിരിച്ച നെൽപ്പാടങ്ങൾ, മരതകകാടുകൾ. മാമലകൾ, സൂര്യഭഗവാൻ തന്റെ രശ്മികൾ കൊണ്ട് എല്ലാത്തിനെയും മൃദുലമായി തലോടുന്നു. കുളിർകാററടിക്കുന്നു. അതിന്റെ തഴുകിതലോടലിൽ അമ്മാനമാടി പ്രകൃതിയോടൊത്ത് ആടിപാടി ഞങ്ങൾ യാത്ര തുടർന്നു.

പെട്ടെന്ന് വല്ലാത്ത ക്ഷീണം. സുഹൃത്ത് ഓടി കടയിലെത്തി ധൃതിയിൽ നാരങ്ങാവെള്ളം വാങ്ങി കുടിച്ചു. ഞാൻ പിറകെ എത്തിയപ്പോൾ വീർപ്പുമുട്ടി നിൽക്കുന്ന സുഹൃത്തിനെയാണ്

www.malankaralibrary.com

കാണാൻ കഴിഞ്ഞത്. അയാൾ ഇടിവെട്ടിയതു പോലെ നിൽക്കുകയാണ്. 'എന്തു പററി മിസ്ററർ' ഞാൻ ചോദിച്ചു. ഓ, കാര്യമായി ഒന്നുമില്ല, ചെറിയൊരബദ്ധം പററി, ദാഹം സഹിക്കാതായപ്പോൾ അല്പം വെള്ളം വാങ്ങി കുടിച്ചു. കുടി കഴിഞ്ഞ് കീശയിൽ തപ്പിനോക്കി. കാലി.'

എന്റെ പരുങ്ങലുകൂടി കണ്ടപ്പോൾ എല്ലാം തൃപ്തിയായി. ഞാൻ രണ്ടും കൽപിച്ച് സുഹൃത്തിനെ സമാധാനിപ്പിച്ചു. തികഞ്ഞ ശുഭാപ്തി വിശ്വാസത്തോടെ കടക്കാരനെ സമീപിച്ച് നല്ല വാക്ക് പറഞ്ഞ് അവിടെ നിന്നും പിരിഞ്ഞു. നല്ലൊരു പാവം കടക്കാരൻ. വല്ലവരും വലിഞ്ഞു കയറി വന്ന് കുടിയും കഴിഞ്ഞ് പൈസയില്ലന്നു പറഞ്ഞാൽ ആരെങ്കിലും വെറുതെ വിടുമോ? കൊള്ളാം, നല്ലൊരു തങ്കപ്പെട്ട മനുഷ്യൻ.

പിറെറ പ്രഭാതം പൊട്ടിവിടർന്നില്ല. എന്റെ അമളിപററിയ സുഹൃത്ത് ഉറക്കച്ചടവോടെ ചാടിയെഴുന്നേററു, ആ മുഖത്ത് അപ്പോഴും ചെറിയൊരു വാട്ടം കാണാമായിരുന്നു. പ്രഭാത കർമ്മംപോലും നടത്തിയില്ല. അയാൾ ഓടി, എങ്ങോട്ട്? കടയിലേക്ക്. മാടക്കടയിലേക്ക്. ധൃതിയിൽ കടയിലെത്തി തുട്ടു കൊടുത്ത് സംതൃപ്തിയോടെ തിരികെ വന്നിരിക്കുന്നു. എന്റെ ദൈവമേ, ഇക്കാലത്തും ആത്മാർത്ഥതയും വിശ്വസ്തതയും ഒക്കെയുള്ള ചെറുപ്പക്കാർ ഉണ്ടല്ലോ. ഈ ലോകത്തിൽ അവിടവിടെ ഇതു പോലുള്ള നല്ല ചെറുപ്പക്കാർ ഉണ്ടാകാറുണ്ട്. വിപരീത സ്വഭാവം എപ്പോഴും നിലനിൽക്കണ

www.malankaralibrary.com

മല്ലോ. എങ്കിലല്ലേ കാര്യങ്ങളൊക്കെ ഓടുകയുള്ളൂ നല്ലതും ചീത്തയും കൂടിയ ഒരു മിക്സർ അതാണല്ലോ ഇന്നത്തെ രീതി. ഈ 'അവിയൽ' എങ്കിലും നിലനിന്നിരുന്നെങ്കിൽ !

ആത്മാർത്ഥതയും വിശ്വസ്തതയും എല്ലാമെല്ലാം മലവെള്ളപാച്ചിലിലെ തടികഷണങ്ങൾ പോലെ ആർക്കുമാർക്കും വേണ്ടാതെ എങ്ങോട്ടോ എവിടേക്കോ, ഏതോ അജ്ഞാത തീരങ്ങളിലേക്ക് ഒഴുകി ഒഴുകി അകലുകയാണ്. അതെല്ലാം കുതിർന്നു ചീഞ്ഞ് അടിയുകയാണ്, പക്ഷേ അവിടവിടെ റോസാപുഷ്പങ്ങൾ മൊട്ടിട്ടു വിടരുന്നു. സുഗന്ധം പരത്തുന്നു. പനിനീർ സുഗന്ധങ്ങൾ. സുഗന്ധവാഹിയായി മാറിയ പരിമള കുസുമലതകൾ അന്യനു സുഖം പകരുന്നു.

ലോകത്തിന്റെ മുമ്പിൽ ചങ്കൂറ്റത്തോടെ അത്യന്താധുനികതയുടെ ശക്തി സ്രോതസ്സായി ഒരു പുത്തൻ രൂപഭാവത്തോടെ വൈചിത്ര്യ സ്വഭാവത്തോടെ വൈവിധ്യം പ്രകടിപ്പിക്കാൻ നമുക്കാവുമോ ?

ഇതൊരു പുതുയുഗമാണ്. പുത്തൻ പ്രതിഭാസങ്ങൾ മാത്രമാണിവിടെ പ്രത്യക്ഷപ്പെടുക. എല്ലാം തലതിരിഞ്ഞ പ്രതിഭാസങ്ങൾ. അരോചകമായ പ്രതിഭാസങ്ങൾ. അലങ്കോലങ്ങൾ സൃഷ്ടിക്കുന്ന അപ്രതീക്ഷിത, അപ്രായോഗിക പ്രതിഭാസങ്ങൾ. കാലം, കാലത്തിന്റെ തലതിരിഞ്ഞ കോലം.

www.malankaralibrary.com

വഞ്ചനയുടേയും കാപട്യത്തിന്റെയും വികൃത മൂടുപടങ്ങൾ മുഖംമൂടികൾ എങ്ങും എവിടെയും. രാഷ്ട്രീയക്കാരെ കണ്ടിട്ടില്ലേ? എങ്ങനെയുണ്ട്. കണ്ടാൽ വെള്ളയടിച്ച കുഴിമാടങ്ങളെപ്പോലെ തന്നെയിരിക്കുന്നു. എങ്കിലും അവരും മാന്യൻമാരാണല്ലോ. മതാചാര്യന്മാർ ലോകത്തിന്റെ നഗ്ന യാഥാർത്ഥ്യങ്ങൾ കാണുന്നവരാണോ? കാലത്തിന്റെ ചലനങ്ങൾ കൊത്തു നീങ്ങുന്നവരാണോ? കാലത്തിന്റെ തുടിപ്പുകൾ ചലനങ്ങൾ നിരീക്ഷണബുദ്ധ്യാ ഗ്രഹിക്കാൻ, മനസ്സിലാക്കാൻ കഴിയുമോ? അംബര ചുംബികളായ ഗോപുരങ്ങളുടെ മടിത്തട്ടിൽ വിഹരിക്കുന്നവർക്കുണ്ടോ ലോകത്തിന്റെ ആവലാതികൾ മനസ്സിലാവൂ, വേവലാതികൾ കാണാൻ കഴിയൂ. പണക്കാരന്റെ ധൂർത്ത് പാവപ്പെട്ടവന്റെ നെഞ്ചത്തു ചവിട്ടുന്നതിനു തുല്യമാണ്. ഒരു നേരം അൽപം വയറു നിറയ്ക്കാനായി പട്ടിയോടുപോലും കടിപിടികൂടുമ്പോൾ കുടിച്ചു കൂത്താടി നടക്കുന്ന മനുഷ്യപിശാചുക്കൾ നടുറോഡിൽ വിലസുന്നു. അങ്ങനെ എത്രയെത്ര മുഹൂർത്തങ്ങളിലൂടെ നാം കടന്നു പോകുന്നു, കടന്നുപോകേണ്ടിവരുന്നു. എല്ലാം വെറും സ്വപ്ന മരീചികപോലെ കാലമാകുന്ന കാട്ടാളനെ പോലെ കലിയുഗത്തിൽ കടന്നുപോകുന്നു.

ഒരിടത്ത് മനുഷ്യൻ ജനിക്കുന്നു. ആരോരുമില്ലാതെ, അഭയമില്ലാതെ, അർദ്ധപ്രാണനായി വേദനയിൽ പുളയുന്നു. മരണത്തോടു മല്ലടിച്ചു മരിക്കുന്നു. മറെറാരിടത്ത് ജനിച്ചു വീണനാൾ മുതൽ

www.malankaralibrary.com

തലോടാനും താരാട്ടുപാടി ഉറക്കാനും ഒത്തിരി യാളുകൾ ഓടികൂടുന്നു. തിന്നാനും കുടിക്കാനും ഇഷ്ടംപോലെ പണം. തിന്നുക, കുടിക്കുക, ആനന്ദിക്കുക, എല്ലാം നിനക്കുള്ളതാണ്. നിനക്കുള്ള തെല്ലാം എനിക്കുള്ളതാകുന്നു. ഈ വൈരുദ്ധ്യാത്മകത എന്നു മാററിമറിക്കപ്പെടുന്നോ അന്നേ ഈ ലോകം ഗതിപിടിക്കൂ, അന്നേ ഇവിടെ സുഗന്ധ കുസുമങ്ങൾ വിരിയൂ. അന്നേ മനുഷ്യൻ മനുഷ്യനാകൂ. തീർച്ച

---

www.malankaralibrary.com

# ജീവിതയാത്രയ്ക്കിടയിൽ

മനുഷ്യജീവിതം ഇരുട്ടിലൂടെയുള്ള ഒടുങ്ങാത്ത യാതനകളുടെയും, ആ യാതനകൾ സൃഷ്ടിക്കുന്ന ആഘാതങ്ങളുടെയും ഒരു നീണ്ട യാത്രയാണ്. ജീവിതമെന്ന യാത്രയിൽ സംഭവിക്കുന്ന ആകസ്മിക സംഭവപരമ്പരകൾ നമ്മെ ചിലപ്പോൾ തളർത്തികളയുന്നു. തളരാതെ മുന്നേറുന്നവർ വിജയിക്ക തന്നെ ചെയ്യും.

ബാലുമഹേന്ദ്രയുടെ 'യാത്ര' എന്ന ചിത്രം ഇത്തരം അനുഭവങ്ങളാണല്ലോ നമ്മിൽ സൃഷ്ടിക്കുക. അതിലെ ഉണ്ണികൃഷ്ണനും തുളസിയുമൊക്കെ നമ്മുടെ തന്നെ പ്രതീകങ്ങൾ തന്നെയല്ലേ?

www.malankaralibrary.com

ഉണ്ണികൃഷ്ണൻ അനാഥാലയത്തിലാണ് വളർന്നുവന്നത്. സ്വന്തം അച്ഛനും അമ്മയും ആരാണെന്നുകൂടി അയാശക്ക് അറിയില്ല. ആകെകൂടിയുള്ളത് ബാലൻ എന്ന സുഹൃത്ത്. ഉണ്ണികൃഷ്ണൻ പഠിച്ചുമിടുക്കനായി. അങ്ങനെ ഒരു ഫോറസ്റ്റ് റേഞ്ചറായി. അരുണഗിരിയിലേക്ക് സ്ഥലംമാററം വാങ്ങിവന്ന അയാശ എസ്റ്റേററ് കങ്കാണിയുടെ മകളെ, തുളസിക്കതിർപോലുള്ള തുളസിയെ പ്രേമിക്കുന്നു. ദൃഢമായ പ്രേമബന്ധം. സ്വന്തമെന്നു പറയാൻ ആരുമില്ലാതിരുന്ന ഉണ്ണിക്ക് തുളസി എന്നും ഒരാശ്വാസമായിരുന്നു. വിവാഹം ഉറപ്പിച്ചു. ബാലൻ എന്ന ഉററ സുഹൃത്തിനെ മാത്രമേ ക്ഷണിക്കാനുള്ളൂ. പക്ഷേ നാട്ടിലെത്തിയ അയാശക്ക് സുഹൃത്തിൻെറ മരണവാർത്തയാണ് ശ്രവിക്കാൻ കഴിഞ്ഞത്. ദുഃഖത്തിൻെറ തീക്കനൽ അയാളിൽ ആളികത്തി.

അവിടെ നിന്നും തിരികെ പോന്ന ഉണ്ണികൃഷ്ണനെ പോലീസുകാർ പിടികൂടി. ഏതോ കേസിലെ പിടികിട്ടാപ്പുള്ളിയെ തിരഞ്ഞുനടന്ന പോലീസുകാർ വെറും രൂപസാദൃശത്തിൻെറ പേരിൽ അയാളെ ക്രൂരമായി മർദ്ദിക്കുന്നു. (ഇപ്പോഴത്തെ നീതിന്യായം ഒക്കെ അങ്ങനെയാണല്ലോ) പോലീസിൻെറ കിരാത പ്രവർത്തികശ സഹിക്കവയ്യാതെ ഒരു പോലീസുകാരനെ കൊല്ലാൻ അയാശ നിർബ്ബന്ധിതനായി. അങ്ങനെ ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ടു.

തുളസിയെകുറിച്ചുള്ള ഓർമ്മകശ മാത്രമേ അയാളുടെ മനസ്സിലുണ്ടായിരുന്നുള്ളൂ. 'ആ

www.malankaralibrary.com

പാവം പെൺകുട്ടി എന്നെയും കാത്തിരിക്കയായി രിക്കും' കാത്തിരിപ്പ് നീണ്ടുനീണ്ടു പോയി. എങ്ങനെയോ അവൾ വിവരമറിഞ്ഞ് ജയിലിൽ എത്തുന്നു. തന്റെ ഇഷ്ടപ്രാണേശ്വരന്റെ നില ഓർത്ത് അവൾ വിങ്ങിവിങ്ങി കരഞ്ഞു. ഉണ്ണിയും തുളസിയും വല്ലപ്പോഴുമൊക്കെ പരസ്പരംകണ്ട് തങ്ങളുടെ ദുഃഖങ്ങൾ പങ്കുവച്ചു പോന്നു. നീണ്ട വർഷങ്ങൾക്കു ശേഷം ജയിൽ വിമുക്തനായ അയാൾ തിരിച്ചെത്തുന്നു. ആയിരം കണ്ണുമായി കാത്തിരിക്കുന്ന തുളസി. അവർ അങ്ങനെ ഒന്നാകുന്നു.

'യാത്ര' യിലെ ഉണ്ണികൃഷ്ണന്റെ അനുഭവം നമുക്കും ഉണ്ടായിട്ടില്ലേ ? തുളസിയുടെ മാനസിക നിലയിൽ നാമും എത്തിയിട്ടില്ലേ? പക്ഷേ എല്ലാം സഹിക്കാൻ നമുക്കാവുമോ? പലപ്പോഴും സാധിക്കുന്നില്ല. നൊമ്പരങ്ങൾ അധികം താങ്ങാൻ നമുക്കാവില്ല. പ്രതിസന്ധികളുടെ നടുവിൽ പകച്ചുനിൽക്കാറുള്ള നമുക്ക് മുന്നോട്ടുള്ള പടവുകൾ ധൈര്യസമേതം എന്തുകൊണ്ട് ചവുട്ടികൂടട? ദുഃഖ ദുരിതങ്ങളുടെ അവസാന തുള്ളിവരെ കുടിക്കാൻ നാം തയ്യാറാകണം. അപ്പോൾ മാത്രമാണ് വിജയം ലഭിക്കുക. അല്ലാത്തവർ പരാജയത്തിന്റെ പടുകുഴിയിൽ പതറിവീഴും. വീഴാതിരിക്കില്ല. തിരക്കു പിടിച്ച് സാഹസപ്രവർത്തികളൊന്നും കാട്ടാതിരുന്നാൽ നന്ന്. ജീവിതത്തിൽ സായൂജ്യം നേടാൻ ക്ഷമയുടെ നെല്ലിപ്പലകവരെ നാം എത്തണം. തിരക്കു കൂട്ടരുത്. വിജയം തീർച്ച.

---

www.malankaralibrary.com

# ഇതോ ബന്ധങ്ങൾ!

അടുത്ത കാലത്ത് ഒരാളുടെ ശവസംസ്ക്കാരത്തിൽ പങ്കെടുത്തു. ഒരു പട്ടാളക്കാരനായിരുന്നു. ക്ഷയം ബാധിച്ചതിനെ തുടർന്ന് ജോലി രാജി വച്ച് വീട്ടിലേക്ക് പോന്നതാണ്. വീട്ടിലെത്തിയ അയാളെ അന്നുമുതൽ അവർക്ക് ഇഷ്ടമില്ലാതായി. ക്ഷയരോഗബാധിതനായ അച്ഛനെ ചികിൽസിക്കാൻ അവർ നന്നേ പാടുപ്പെട്ടു. അമ്മ പണ്ടു മുതലേ രോഗിണിയാണ്. അവസാനം മക്കൾ ഒരു വഴിയേ കണ്ടുള്ളു. ആദ്യം അമ്മയെ പെരുവഴിയിൽ തള്ളി; പുറകെ അപ്പനെയും. അയാൾ ചുമച്ചു തുപ്പി റോഡിലൂടെ നടന്നു. പെരുവഴിയിൽ അന്തിയുറങ്ങി. പ്രഭാതത്തിൽ ഉണർന്ന് പൊതുനിരത്തുകളിലൂടെ നടക്കും. കാണുന്നവരുടെ മുമ്പിലൊക്കെ കൈനീട്ടി, വീടുകൾ പലതും കയറിയിറങ്ങി, അന്നന്നപ്പം സമ്പാദിച്ചു.

പല അനാഥാലയങ്ങളിലും അയാൾ മുട്ടി. ഒന്നും തുറന്നു കിട്ടിയില്ല. ആരും ഒരിടവും തല ചായ്ക്കാൻ കൊടുത്തില്ല. അന്തിയുറങ്ങാൻ കട

www.malankaralibrary.com

തിണ്ണയെ അഭയം പ്രാപിക്കേണ്ടിവന്നു. ആരോ ഒരു നല്ല മനുഷ്യൻ അയാളെ വൃദ്ധന്മാരുടെ ഒരനാഥാലയത്തിലാക്കി. അവിടെ എത്തിയതിന്റെ പിറേറദിവസം അയാരം മരിക്കുകയും ചെയ്തു. അത് നല്ലൊരു മരണമായിരുന്നു. ആ നല്ല മനുഷ്യൻ ദൈവത്തിന്റെ കരങ്ങളിൽ ഇപ്പോരം ഉറങ്ങുന്നുണ്ടാവും. ഭൂമിയിൽ 'ചവിട്ടും തൊഴിയും' മാത്രമാണ് കിട്ടിയത്; അതും സ്വന്തം മക്കളുടെ കയ്യിൽനിന്ന്, നാട്ടുകാരും ബന്ധുക്കളും അതൊക്കെതന്നെയാണ് സംഭാവന ചെയ്തത്. ശവസംസ്കാരത്തിനുപോലും മക്കരംക്ക് പങ്കുകൊള്ളാൻ കഴിഞ്ഞില്ല. അവർക്ക് നാണക്കേടാണു പോലും! അല്ല, നാട്ടുകാർ എന്തു പറയും! തന്നെയുമല്ല ഇത്തരമൊരു മനുഷ്യന്റെ മക്കളാണ് തങ്ങരം എന്നു പറയുന്നത് കുറച്ചിലല്ലേ?

പണവും പദവിയും സമ്പത്തും ഉള്ളിടത്ത് ആളുകരം ഇരച്ചുകയറും. സൗന്ദര്യം നുകരാൻ മാത്രമേ അവർക്കറിയൂ. അതും ബാഹ്യമാത്രമായ സൗന്ദര്യം, വിരൂപമായ, വികൃതമായ മുഖത്ത് ശാലീനമായ സൗന്ദര്യമുണ്ടെന്ന് അവർ അറിയുന്നില്ല. ഹൃദയത്തിന്റെ സൗന്ദര്യം അവർ ദർശിക്കുന്നില്ല. വൈരൂപ്യത്തിലെ നിഷ്കളങ്കതയും ശാലീന സൗന്ദര്യവും ഹൃദയവിശുദ്ധി ഉള്ളവർക്കേ കാണാൻ കഴിയൂ.

ജയിംസ് കെല്ലർ എന്ന വിശ്വപ്രസിദ്ധ എഴുത്തുകാരൻ തന്റെ 'നിങ്ങരംക്കും ലോകത്തെ മാററിയെടുക്കാം' എന്ന വിശിഷ്ട ഗ്രന്ഥത്തിൽ (you can change the world) ഒരു സംഭവം വിവരിക്കുന്നു.

www.malankaralibrary.com

ഇളം പ്രായത്തിലെ 'ക്യാൻസർ'എന്ന മാരകം രോഗം ബാധിച്ച് എല്ലാവരാലും പരിത്യക്തമായ ഒരു പിഞ്ചുബാലിക. സ്വന്തം വീട്ടിൽനിന്നും അവളെ ഇറക്കിവിട്ടു. തന്റെ പ്രിയപ്പെട്ട അമ്മയ്ക്കുപോലും അവളെ വേണ്ട. നാട്ടുകാർ അവളെ ആട്ടിയോടിച്ചു, പട്ടിണിയും നിസ്സഹായതയും ആ ബാലികയെ കാർന്നുതിന്നു. മഞ്ഞും മഴയും വഹിച്ച് ആ പിഞ്ചുഹൃദയം നടുറോഡിന്റെ പെരുവഴിയിൽ ദിവസങ്ങളോളം കിടന്നു. മരണത്തോട് മല്ലടിച്ചു. എവിടെനിന്നോ ഒരു മാലാഖ അവളെ താങ്ങിയെടുത്ത് ശുശ്രൂഷിക്കാൻ എത്തി. അതൊരു വന്ദ്യമിഷനറിയായിരുന്നു. അങ്ങനെ രക്തബന്ധങ്ങൾ അവിടെ ദയനീയമായി അസ്തമിക്കുന്നു. സ്നേഹബന്ധങ്ങൾ മറ്റൊരിടത്ത് ഉടലെടുക്കുന്നു.

രക്തബന്ധങ്ങൾ ഇന്ന് ബന്ധനങ്ങളാണ് സൃഷ്ടിക്കുക. സ്നേഹബന്ധം, ശാശ്വതമായ സ്നേഹബന്ധം അതാണ് ഇന്ന് കൂടുതൽ ആവശ്യം. മാതാപിതാക്കളും മക്കളും തമ്മിലുള്ള രക്തബന്ധത്തെക്കാൾ നല്ലത് സ്നേഹത്തിൽ, നിഷ്കപടമായ സ്നേഹത്തിൽ വളർത്തിയെടുത്ത, വളർത്തിയെടുക്കുന്ന ബന്ധങ്ങളാണ്, അതാണ് ശാശ്വതമായിത്തീരുക. അവിടെയാണ് ശാലീന സൗന്ദര്യത്തിന്റെ മാറ്റൊലികൾ മുഴങ്ങുക. ശാന്തിയും സാമാധാനവും ഉണ്ടാകുക.

www.malankaralibrary.com

# തിരക്കിനിടയിൽ തനിയെ അവസാനിപ്പിക്കട്ടെ..........

ലോകത്തിന്റെ വിവിധ വേദികളിൽ നാം ശ്രദ്ധിച്ചുകഴിഞ്ഞു. അതിന്റെ ചലനങ്ങളും നാഡിമിടിപ്പുകളും നാം മനസ്സിലാക്കി കഴിഞ്ഞു. നമ്മുടെ മനസ്സാക്ഷിക്ക് ഒരു ഓപ്പറേഷൻ (operation) നാം നടത്തി കഴിഞ്ഞു. ഇനി അതിന്റെ മുറിവുകൾ കരിയുക മാത്രം ചെയ്താൽ മതി. സൂക്ഷിച്ചില്ലെങ്കിൽ മുറിവുകൾ ഉണങ്ങുകയില്ല. ജാഗ്രത പുലർത്തണം. സാഹസ പ്രവൃത്തികളൊന്നും ചെയ്യരുത്. തിരക്കുകൂട്ടി പഴയതുപോലെ ഇടവും വലവും നോക്കാതെ ഓടുകയുമരുത്. അപ്പോൾ എല്ലാം സമംഗളം പര്യവസാനിക്കും. ഒരിക്കൽകൂടി ഓർക്കുക. തിരക്കിനിടയിൽപ്പെടരുത്, തിരക്കു കൂട്ടുകയുമരുത്-മാനോവിചാരങ്ങളിൽ പ്രവൃത്തികളിൽ; എല്ലാമെല്ലാം.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# തിരക്കിനിടയിൽ തനിയെ

## ജയിംസ് പുതിയാപറമ്പിൽ

### പറത്താനം

ഞാനിന്ന് ഭ്രാന്തനാണെന്ന് നിങ്ങൾ പറയുന്നു. ഞാൻ ഭ്രാന്തനായിരിക്കാം. എന്നെ ഭ്രാന്തൻ എന്നു വിളിക്കുന്ന നിങ്ങളോ? .... തിരക്കിനിടയിൽ ജീവിക്കുന്ന മനുഷ്യൻെറ, ജീവിതമുഹൂർത്തങ്ങൾ ഇവിടെ തുടർന്നു കാട്ടുന്നു. അനുദിനജീവിതത്തിൽ ചിരപരിചിതരായ വ്യക്തികളിലൂടെ വിടർന്നു വികസിക്കുന്നു .. ....

സാമൂഹിക, സാമുദായിക, രാഷ്ട്രീയ മണ്ഡലങ്ങളൊക്കെ മലീമസമാണ്. ദുർഗന്ധപൂരിതവുമാണ്: അതിനെതിരെ ഇവിടെ പടവെട്ടുന്നു; ശക്തമായ തൂലികയിൽ — നർമ്മഭാവനയോടെ, ഹാസ്യരസം തുളുമ്പും വിധം.

സാധാരണക്കാരും അസാധരണരും തിരക്കിനിടയിൽപ്പെടുന്നു, പെട്ടുപോകുന്നു. തനിയെ മാറി നിൽക്കുന്നവർ ആരുമില്ല .. "അഴിമതിയുടെ വെള്ളപ്പൊക്കം ഹിമാലയം മുതൽ കന്യാകുമാരി വരെ ഒഴുകിപ്പോകുന്നു. കലങ്ങിയ വെള്ളത്തിലൂടെ ഞാൻ പോകുകയില്ല എന്നു പറഞ്ഞുകൊണ്ട് ആൾക്കൂട്ടത്തിൽ തനിയെ മാറിനിൽക്കുന്ന ഒരു യുവഗ്രന്ഥകാരൻ." **പ്രൊ. സുകുമാർ അഴീക്കോട്**

"ഒരു സാമൂഹിക ഹാസ്യം (Social Satire) മലയാളത്തിൽ ഒരു പുതിയ സാഹിത്യശാഖ, അതിൻെറ ആദ്യകിരണം" **ശ്രീ ആർ. എം. മനയ്ക്കലാത്ത്**

(മാതൃഭൂമി)

— ബഥനി പബ്ളിക്കേഷൻസ് —

തിരുവല്ല — 1

www.malankaralibrary.com